Reg. M. No. 2293

ഒററപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 ‖ 1130 ധനു 28—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജനവരി 12 ‖ ലക്കം 21

## ക്രിസ്തുവും ലോകത്തിന്റെ ഏകീകരണവും

(ഫാദർ തോമസ് കൊച്ചുയ്യങ്കാനാൽ)

പാശ്ചാത്യവും പൗരസ്ത്യവുമായ തത്വശാസ്ത്രങ്ങൾ അഭ്യസിക്കയും ഇൻഡ്യയുടെ ആർഷസംസ്കാരത്തെക്കുറിച്ചു വിജ്ഞാനപ്രദങ്ങളായ പല ഗ്രന്ഥങ്ങൾ രചിക്കയും ചെയ്തിട്ടുള്ള ഒരു മഹാപണ്ഡിതനാണു നമ്മുടെ റിപ്പബ്ലിക്കിന്റെ വൈസ് പ്രസിഡന്റായ ശ്രീ രാധാകൃഷ്ണൻ. അദ്ദേഹം അമേരിക്കയും യൂറോപ്പിന്റെ മിക്ക ഭാഗങ്ങളും സന്ദർശിച്ചു വിജയശ്രീലാളിതനായി മടങ്ങിയെത്തിയിരിക്കയാണല്ലോ. ലോകായതികതയുടെ ഇന്നത്തെ ആസ്ഥാനമായ മോസ്കോയിലും അദ്ദേഹം ഇൻഡ്യയുടെ പ്രാതിനിധ്യം വഹിച്ചിട്ടുണ്ടു്. പോയതും സന്ദർശിച്ചതുമായ സ്ഥലങ്ങളിൽവച്ചെല്ലാം ഈ അഗാധചിന്തകൻ ചെയ്ത പ്രസംഗങ്ങളിൽ ആദ്ധ്യാത്മികവിഷയങ്ങളും ഉൾക്കൊള്ളിച്ചിരുന്നതായി നിരീക്ഷകന്മാർക്കു കണ്ടുപിടിക്കുവാൻ സാധിക്കും. മതത്തെ ലോകത്തിന്റെ ഏകീകരണഘടകമായിട്ടാണു അദ്ദേഹം പ്രഖ്യാപനം ചെയ്തിട്ടുള്ളതു്.

എന്നാൽ, പല മതങ്ങൾ നിലവിലിരിക്കുന്ന സ്ഥലങ്ങളിൽ മതത്തെ ഒരു ശിഥിലീകരണശക്തിയായിട്ടും ചിലർ ചൂണ്ടിക്കാണിച്ചുപോരുന്നുണ്ടു്. ഏതാനും സംഭവങ്ങൾ അതിനു സാക്ഷ്യം നൽകാതിരിക്കയും ചെയ്യുന്നില്ല. എങ്കിലും സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതായാൽ മതമല്ല അബദ്ധമതങ്ങളാണു് അഭിപ്രായഭിന്നതകൾക്കും സൗഹാർദ്ദഭഞ്ജനങ്ങൾക്കും ഇടയാക്കുന്നതെന്നു സമർത്ഥിക്കുവാൻ കഴിയും. മതശബ്ദംകൊണ്ടു വിവക്ഷിക്കപ്പെടുന്നതു സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധമെന്നാണെങ്കിൽ, ആ ബന്ധം പാലിക്കേണ്ടതു സൃഷ്ടികൾ സ്രഷ്ടാവിനോടു നിർവ്വഹിക്കേണ്ട കടമകൾ അനുഷ്ഠിച്ചുകൊണ്ടാണെങ്കിൽ അവ ആവിഷ്കൃതമായിട്ടുണ്ടെങ്കിൽ ലോകമാസകലമുള്ള മനുഷ്യരുടെ ഇടയ്ക്കെല്ലാം ഒരേതരത്തിലുള്ള മതതത്വസംഹിതയും ആരാധനാവിധിയും തൽപ്രകടനങ്ങളുമേ ഉണ്ടായിരിക്കുവാൻ കഴിയൂ. എന്നാൽ അനുഭവം വിപരീതമായിട്ടാണിരിക്കുന്നതെന്നു സമ്മതിക്കാം. പ്രസ്തുത വൈപരീത്യം എങ്ങനെ ഉത്ഭവിച്ചുവെന്നാണു കണ്ടുപിടിക്കേണ്ടിയിരിക്കുന്നതു്.

മതതത്വസംഹിതയും തൽസംബന്ധമായ വിധികളും അതീന്ദ്രിയനും സർവ്വലോകനിയന്താവുമായ സ്രഷ്ടാവിനെ ഉദ്ദേശിച്ചുള്ളവയാണെങ്കിൽ അവിടുന്നു ആവിഷ്കരിച്ചിട്ടുള്ളവയല്ലാതെ വേറൊന്നും അവിടുത്തേക്കു സ്വീകാര്യമായിരിക്കയില്ല. സൃഷ്ടിയുടെ ആരംഭകാലത്തിൽ പ്രസ്തുതമായ ആവിഷ്കരണം ചെയ്തിരുന്നതു് അവിടുന്നു നേരിട്ടുതന്നെ ആയിരുന്നു. പിന്നീടു് ക്രിസ്തുവിന്റെ അവതാരംവരെ പ്രവാചകന്മാരും പ്രബോധകന്മാരും വഴിയാണു് ആ കൃത്യം നിർവ്വഹിച്ചുപോന്നിരുന്നതു്. അപ്പോൾ, ഉപാധികളായിരുന്ന ഗുരുജനങ്ങൾ നമ്മളെപ്പോലെ അപരിപൂർണ്ണരായ മനുഷ്യർ ആയിരുന്നല്ലോ എന്നൊരു സന്ദേഹം പുറപ്പെടുവിക്കാമായിരുന്നു. അതു സംഭവിക്കയും ചെയ്തു. ബഹുദേവതാവാദവും വിശ്വദേവതാവാദവും വിഗ്രഹാരാധനയുമെല്ലാം ഉത്ഭവിക്കയും നടപ്പിൽ വരികയും ചെയ്തതു വേറൊരു വിധത്തിലല്ല. അവയും തജ്ജന്യങ്ങളായ ഫലങ്ങളും തുടർന്നുകൊണ്ടിരിക്കയും ചെയ്തുവരുന്നുണ്ടു്. ദൈവം ആവിഷ്കരിച്ചിട്ടുള്ള ആദിമതതത്വങ്ങളും നിർദ്ദേശങ്ങളുമല്ലാതെ മററുള്ളതൊന്നും യുക്തിയനുസരിച്ചു സത്യമെന്നുവരികയുമില്ല. ഈ വൈഷമ്യം പരിഹരിക്കുന്നതിനൊരു പ്രതിവിധിയായിരുന്നു അവതാരം. ആ അവതാരപുരുഷനായ ക്രിസ്തു ദൈവമായിരുന്നുവെന്നതിനു അനിഷേധ്യമായ തെളിവുകൾ നൽകുകയും ചെയ്തിട്ടുണ്ടല്ലോ. ആകയാൽ അദ്ദേഹത്തെ സന്ദേഹലേശമെന്നിയെ ആശ്രയിക്കാം. എന്തുകൊണ്ടെന്നാൽ അവിടുന്നു ദൈവമാണു്. ഈ വസ്തുത സ്ഥാപിക്കുന്നതിനു മതിയായ ഏതാനും യുക്തികളുടെ സംഗ്രഹം സത്യദീപത്തിന്റെ 17 ാം ലക്കത്തിൽ കൊടുത്തിട്ടുണ്ടല്ലോ.

പേരെടുത്ത ഒരു തികഞ്ഞ ചിന്തകനും ഹിന്ദുവുമായ ശ്രീ രാധാകൃഷ്ണൻ പറയുന്നു: "യേശുവിൽ ദൈവികവും മാനുഷികവുമായ സംയോഗമുണ്ടു്." In Jesus we have the union of the Divine and the human (East & West in Religion) യേശുവിലുള്ള ദൈവത്തിന്റെ ആവിഷ്കരണം സമഗ്രവും സംപൂർണ്ണവുമാണെന്നും അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തെ ചരിത്രത്തിൽ ആരെങ്കിലും സമീപിച്ചിട്ടില്ലെന്നും നമുക്കു പറയാം (Hindu thought and Christian doctrine p. 1(3)) ഇവയെക്കാൾ കൂടുതലായ പ്രസ്താവനകളൊന്നും കത്തോലിക്കരും പുറപ്പെടുവിക്കുന്നില്ല. അന്യമതസ്ഥരുടെ ഏതാനും പ്രസ്താവനകളെ സ്വീകരിക്കുന്നതിനു വിശുദ്ധ പൗലോസ് ശ്ലീഹായുടെ നയമനുസരിച്ചു കത്തോലിക്കർ എപ്പോഴും സന്നദ്ധരായിരിക്കയും ചെയ്യും. അവരുടെ ഈ നയത്തെയും തദനുസരണമായ പ്രവർത്തനങ്ങളെയും ശ്രീ രാധാകൃഷ്ണനും അദ്ദേഹത്തെപ്പോലെയുള്ള പണ്ഡിതന്മാരും അഭിനന്ദിക്കുന്നുമുണ്ടു്. "Christianity in India today hears the call of Hinduism. She may pay heed to it and follow or she may be deaf to it and refrain. But all signs indicate that she is choosing wisely. She is attempting to combine the best elements of Hinduism with the good points of Christianity, and if she succeeds, it is not India alone that will be the gainer by this Hindu-Christianity. The spiritual life of the world will increase" (The Heart of Hindustan p. 122)



വിമലാംബികയും തിരുസുതനും

ക്രിസ്തുവിനെ ആസ്പദമാക്കിക്കൊണ്ടും അദ്ദേഹത്തിന്റെ പ്രാമാണ്യത്തെ ആശ്രയിച്ചുകൊണ്ടും പുറപ്പെടുവിക്കുന്ന ഏതുദേശപ്രസ്താവനകൾ യുക്തിയുക്തമാണെന്നു സമ്മതിക്കുന്നവർ ക്രിസ്തുമതമല്ലാതെ ലക്ഷണസംയുക്തമായ വേറൊരു മതമില്ലെന്നും സമ്മതിക്കേണ്ടതാണു്. പ്രത്യുത, അവയിൽ ഏതെങ്കിലും യുക്തിവിരുദ്ധത കണ്ടുപിടിക്കുന്നവർ ആ വസ്തുത ചൂണ്ടിക്കാണിക്കയും ചെയ്യേണ്ടതാണു്. ക്രിസ്തുമതമെന്ന പ്രയോഗത്തിൽ ഞാൻ വിവക്ഷിക്കുന്നതു കത്തോലിക്കാമതമാണെന്നും പ്രസ്താവിച്ചുകൊള്ളട്ടെ.

ഇതുവരെ ചെയ്ത ഉപപാദനയിൽനിന്നു ലഭിക്കുന്ന അനുമാനം മതങ്ങൾ പലതുണ്ടെന്നു പറയുന്നതിനു് യാതൊരു യുക്തിയുമില്ലെന്നുള്ളതാണു്. മതശബ്ദത്തിനു അഭിപ്രായമെന്നും അർത്ഥമുണ്ടല്ലോ. ഈ അർത്ഥത്തിൽ അനേകമതങ്ങൾ അല്ലെങ്കിൽ അഭിപ്രായങ്ങൾ ഉണ്ടെന്നു സമ്മതിച്ചേക്കാം. ഭിന്നരുചിയോടുകൂടിയ മനുഷ്യരുടെ മനോരാജ്യങ്ങൾ നിലവിലിരിക്കുന്നിടത്തോളംകാലം ഇനിയും അനേകമതങ്ങൾ അല്ലെങ്കിൽ അഭിപ്രായങ്ങൾ ഉത്ഭവിച്ചെന്നും വന്നേക്കാം. നിഷ്കൃഷ്ടമായ വിധത്തിൽ സ്വീകരിക്കപ്പെട്ട മതം ഒന്നുമാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളു. അതു വെളിപ്പെടുത്തിയ ആൾ അവതാരപുരുഷനായ ക്രിസ്തുവുമാണു്. വേറെ അവതാരപുരുഷന്മാർ ഉണ്ടെന്നു മററു പറയുന്നതു മിഥ്യാസങ്കല്പമാണു്. നല്ല നാണയം കണ്ടുകൊണ്ടു് കള്ളനാണയം സൃഷ്ടിക്കുന്നതുപോലെയുള്ളതാണു് അങ്ങനെയുള്ള കൃത്രിമസൃഷ്ടി.

ക്രിസ്തു അനിഷേധ്യനായ അവതാരപുരുഷനാണെന്നു സർവ്വസമ്മതമായി സ്വീകരിക്കപ്പെട്ടുകഴിഞ്ഞതിന്റെശേഷം പ്രത്യേക

തിരുസഭാചരിത്രം 57

# വേദഗ്രന്ഥവിശാരദനായ വി. ജറോം

(പ്രൊഫസർ പി. ടി. തോമസ് എം. എ)

(തുടർച്ച)

പോളാ (Paula) നാലു സന്യാസാശ്രമങ്ങൾ പണികഴിപ്പിച്ചു. അവയിൽ മൂന്നു സന്യാസിനിമഠങ്ങളും ഒന്നു സന്യാസിമാർക്കുംവേണ്ടിയായിരുന്നു. സന്യാസിമാരുടെ ആശ്രമത്തിന്റെ ആധിപത്യം ജറോം സ്വീകരിച്ചു. എന്നാൽ അധികസമയവും അദ്ദേഹം ഒരു പാറക്കെട്ടു തുരന്നുണ്ടാക്കിയ ചെറിയ അറയിലാണു് കഴിച്ചിരുന്നതു്. അദ്ദേഹത്തിനു് ഇരിക്കുവാനും തന്റെ ഗ്രന്ഥങ്ങൾ വച്ചു സൂക്ഷിക്കുവാനും കഷ്ടിച്ചു മതിയാവുന്ന വിസ്താരമേ ആ അറയ്ക്കുണ്ടായിരുന്നുള്ളു.

ഈ ഗുഹയിൽ താമസിച്ചുകൊണ്ടാണു് അദ്ദേഹം ബഹുലമായ ഗ്രന്ഥനിർമ്മാണം നിർവ്വഹിച്ചതു്. 391 നും 405 നും ഇടയ്ക്കാണു് പഴയനിയമം മുഴുവന്റെയും ഒരു പുതിയ ലത്തീൻ പരിഭാഷ നിർമ്മിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നതു്. ഈ സംരംഭം പൊതുജനങ്ങളിൽ വലിയ പരിഭ്രമം ഉളവാക്കി. വേദപുസ്തകത്തിന്റെ പരമ്പരാസിദ്ധമായ പഴയപാഠങ്ങളെയെല്ലാം അമർച്ചചെയ്യുവാനുള്ള ഒരു സംരംഭമാണിതെന്നു് സംശയിച്ചു്, റോമൻ വൈദികർ പ്രതിഷേധസ്വരമുയർത്തി. ബി. സി. 300 നും 130 നും ഇടയ്ക്കു് ഹീബ്രു ഭാഷയിൽനിന്നും ഗ്രീക്കിലേക്കു് പഴയനിയമഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിയിരുന്നു. ഈ ബൈബിൾ പാഠത്തെ സെപ്റ്റുവാജിൻറു് (Septuagint) എന്നു പറയുന്നു. ഏററം പഴക്കമേറിയ ഈ ബൈബിൾഭാഷാന്തരത്തെപ്പോലും ജറോം പിൻതള്ളിക്കളയുമെന്നായിരുന്നു വിമർശകരുടെ ഭീതി. എന്നാൽ ഭാവിതലമുറകൾ അദ്ദേഹത്തിന്റെ ഉദ്യമത്തെ ശ്ലാഘിക്കുകയും, അദ്ദേഹം രചിച്ച ബൈബിൾഗ്രന്ഥങ്ങളുടെ അനർഘമായ വൈശിഷ്ട്യത്തെ അംഗീകരിക്കയുംചെയ്തു. കാലക്രമേണ ജറോമിന്റെ ബൈബിൾ പരിഭാഷ സാർവ്വത്രികസഭയിൽ ആദരപൂർവ്വം സ്വീകരിക്കപ്പെട്ടു. മദ്ധ്യയുഗങ്ങളിൽ പ്രസ്തുത പരിഭാഷയ്ക്കു് വൾഗേററു് (Vulgate) എന്ന പേരു സിദ്ധിച്ചു. ട്രെൻറി (Trent) ലെ സൂനഹദോസ് വേദപുസ്തകത്തിന്റെ വൾഗേററു് പതിപ്പിനെ പ്രാമാണികഗ്രന്ഥമായി അംഗീകരിക്കയും ചെയ്തു.

ഇതിനും പുറമെ അസംഖ്യം ലേഖനങ്ങളും വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള അനവധി പ്രബന്ധങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്. നിത്യവും അദ്ദേഹം ആരോടെങ്കിലും വാദസമരത്തിൽ ഏർപ്പെട്ടിരിക്കും. പ്രകൃത്യാതന്നെ അദ്ദേഹം ക്ഷിപ്രകോപിയായിരുന്നു. മററുള്ളവരിൽ നിന്നുള്ള എതിർപ്പും വിമർശനവും അദ്ദേഹത്തിനു അരോചകമായിരുന്നു. തർക്കത്തിനു മൂർച്ചകൂട്ടുന്ന ചില സന്ദർഭങ്ങളിൽ അദ്ദേഹം അയോഗ്യമായ രീതിയിൽ സംസാരിക്കയും പ്രവർത്തിക്കയും ചെയ്യുമായിരുന്നു. ഈ സ്വഭാവവൈകല്യങ്ങൾ അദ്ദേഹം മനസ്സിലാക്കിയിരുന്നുവെങ്കിലും അവയെ നിയന്ത്രിക്കുവാൻ അദ്ദേഹത്തിനു പലപ്പോഴും സാധിച്ചിരുന്നില്ല. പെലാജിയനിസം (Pelagianism) എന്ന പാഷണ്ഡത്തിനെതിരായി അദ്ദേഹം ഒരു ഗ്രന്ഥം എഴുതി പ്രസിദ്ധം ചെയ്തു. യറൂശലം ആയിരുന്നു ഈ പാഷണ്ഡികക്ഷിയുടെ ശക്തികേന്ദ്രം. ജറോമിന്റെ വാദങ്ങൾമൂലം രോഷാകുലരായിത്തീർന്ന പാഷണ്ഡികൾ ബെദ്ലഹമിലുണ്ടായിരുന്ന സന്യാസാശ്രമങ്ങളെ ആക്രമിച്ചു് അവയിൽ കുറെയൊക്കെ നശിപ്പിച്ചു. ഏറെത്താമസിയാതെ ജറോമിന്റെ ആരോഗ്യം ക്ഷയിച്ചു. കണ്ണിന്റെ കാഴ്ചയും വളരെ കുറഞ്ഞു. യറമിയാ ദീർഘദർശിയെപ്പററിയുള്ള വ്യാഖ്യാനം എഴുതുന്നതിൽ ബദ്ധശ്രദ്ധനായിരിക്കെ 420 സെപ്ററംബർ 30-ാംനു അദ്ദേഹം അന്തരിച്ചു.

വി. ജറോം തിരുസ്സഭാചരിത്രത്തിലെ പ്രഥമഗണനീയരായ വ്യക്തികളിൽ ഒരാളാണു്. സജീവമായ ഭാവനാവിലാസം, തീക്ഷ്ണമായ പ്രതിഭാശക്തി, ഒരിക്കലും മതിവരാത്ത ജ്ഞാനതൃഷ്ണ സ്വതന്ത്രമായി ചിന്തിക്കുവാനുള്ള കഴിവു് ഇവയെല്ലാം അദ്ദേഹത്തിന്റെ മഹത്വത്തിനു മാററുകൂട്ടി. വേദപുസ്തകത്തിന്റെ വൾഗേററു് പതിപ്പാണു് അദ്ദേഹത്തിന്റെ ഏററം വലിയ നേട്ടം. പ്രസ്തുത ഗ്രന്ഥത്തെപ്പററി പ്രൊഫസർ മാക്കെയിൽ (Mackail) ഇപ്രകാരം പറയുന്നു: "ഹോമറിന്റെ കൃതികൾക്കു് ഗ്രീസിലുള്ള സ്ഥാനമാണു് ജറോമിന്റെ ബൈബിൾ പരിഭാഷയ്ക്കു് മദ്ധ്യയുഗങ്ങളിലെ യൂറോപ്പിലുണ്ടായിരുന്നതു്. അതു പ്രസിദ്ധംചെയ്ത കാലം—എ. ഡി. 405—പൗരാണിക ലത്തീൻസാഹിത്യത്തിന്റെ പര്യവസാനത്തേയും മദ്ധ്യകാലലത്തീൻസാഹിത്യത്തിന്റെ സ്ഥിരപ്രതിഷ്ഠയേയും കുറിക്കുന്നു. വൾഗേററിന്റെ ആന്തരികമായ വൈശിഷ്ട്യംകൊണ്ടും പിൽക്കാലങ്ങളിൽ അതിനു കൈവന്ന മഹത്തായ സ്വാധീനശക്തികൊണ്ടും നിരുപമമായ ഒരു കൃതിയെന്ന പേരിനെ അതർഹിക്കുന്നുണ്ടു്."

വി. ജറോം ഒരു ഗ്രന്ഥകാരൻ മാത്രമായിരുന്നില്ല. ആത്മാക്കളുടെമേൽ കർക്കശവും അതേസമയംതന്നെ കരുണാർദ്രവുമായ സ്വാധീനം ചെലുത്തിയിരുന്ന ഒരു ഉത്തമമാർഗ്ഗദർശിയുമായിരുന്നു. കന്യാവ്രതവും ഇന്ദ്രിയനിഗ്രഹവുമായിരുന്നു അദ്ദേഹത്തിനു് ഏററം പ്രിയംകരമായ നിഷ്ഠകൾ. ഇവയെ സംബന്ധിച്ചു് ശക്തിയും തീക്ഷ്ണതയും നിറഞ്ഞു തുളുമ്പുന്ന ഭാഷയിൽ അദ്ദേഹം നൽകിയിരുന്ന ഉൽബോധനങ്ങൾ ശ്രവിക്കുമ്പോൾ തെർത്തുല്യന്റെ ആത്മാവിന്റെ പുനരുജ്ജീവനം പ്രാപിച്ചിരിക്കുന്നതായി ശ്രോതാക്കൾക്കു തോന്നിയിരുന്നു.

---

താല്പര്യങ്ങളാൽ പ്രേരിതരായി വിമുഖത പ്രദർശിപ്പിച്ചവരാണു് സാമാന്യേന വ്യക്തികൾക്കു യോജിച്ചതരത്തിലുള്ള ദേവന്മാരേയും ദേവികളേയും സൃഷ്ടിച്ചുവച്ചിട്ടുള്ളതു്. ആ സങ്കല്പസൃഷ്ടികളിൽ ഒന്നിനുപോലും ചരിത്രത്തിന്റേയോ യുക്തിയുടേയോ വെളിച്ചത്തിൽ തന്റെ അസ്തിത്വം പാലിക്കുന്നതിനു കഴിയുകയില്ല. മനുഷ്യനിർമ്മിതമായ വല്ല പഴയ ഗ്രന്ഥങ്ങളിലോ പുരാണേതിഹാസങ്ങളിലോ ഏതാനും സൂചനകളോ പ്രസ്താവനകളോ ഉണ്ടെന്നു വല്ലവരും വാദിച്ചേക്കാം. അവയെ ശാസ്ത്രീയമായ പരിശോധനയ്ക്കു സമർപ്പിക്കേണ്ടതാണു്. അപ്പോൾ അവയുടെ മിഥ്യാത്വം വെളിപ്പെടാതിരിക്കയുമില്ല. രാഷ്ട്രീയമോ സാമുദായികമോ ആയ വിഷയങ്ങൾപോലെയുള്ളതല്ല മതകാര്യങ്ങൾ. പ്രസ്തുത വിഷയങ്ങളെക്കുറിച്ചു് അഭിപ്രായം പുറപ്പെടുവിക്കുന്നവർ തെററുപററാവുന്ന മനുഷ്യരാകയാൽ അവരുടെ പ്രസ്താവനകൾക്കു് അബദ്ധം പിണഞ്ഞേക്കാം. അവയെയാണു് പുനഃപരിശോധന നടത്തുകയും ന്യൂനത കണ്ടുപിടിക്കപ്പെട്ടാൽ പരിഹരിക്കയും ചെയ്യേണ്ടതു്. മനുഷ്യർക്കു തെററുപററുന്നതു ബുദ്ധിയുടേയോ മനസ്സിന്റേയോ ഹൃദയത്തിന്റേയോ വികലതനിമിത്തമാണു്. ഈ അപാകതകളിൽ യാതൊന്നും പരമസത്യവാനും ന്യൂനതാരഹിതനും പരിപൂർണ്ണതാനികേതനവുമായ ക്രിസ്തുവിനെ ബാധിക്കയില്ല. ആകയാൽ മതത്തെ സംബന്ധിച്ചു ക്രിസ്തു നൽകിയിട്ടുള്ള പ്രബോധനം സ്വീകരിക്കയാണു ചെയ്യേണ്ടതു്. അപ്രകാരം പ്രവർത്തിക്കുമ്പോൾ ഒരു മതംമാത്രം സ്വീകാര്യമായി വരികയുള്ളു. പല മതങ്ങളുണ്ടെന്നുള്ള ചിന്തയ്ക്കുപോലും സ്ഥാനമില്ലാതെ വരും. അങ്ങനെ സംഭവിക്കുമ്പോളാണല്ലോ എല്ലാവരും ഉദ്ദേശിക്കുന്നതും അഭിലഷിക്കുന്നതുമായ ഏകീകരണം സാധിക്കുക. ക്രിസ്തുലോകത്തിന്റെ ഏകീകരണോപാധിയാകട്ടെ.

---

ആദ്ധ്യാത്മികവീഥി 38

# വാചാപ്രാർത്ഥന

ദൈവത്തിന്റെ പ്രിയമക്കളേ,

ഈ വിഷയത്തെക്കുറിച്ചു കഴിഞ്ഞ സെപ്റ്റംബർ 15-ാംതിയതി (ലക്കം 5,)യാണു് പറഞ്ഞുനിറുത്തിയതു്. ആ ലേഖനം ഒന്നുകൂടി വായിച്ചാൽ കൊള്ളാം. പലപ്രാവശ്യം ആവർത്തിച്ചാവർത്തിച്ചു ഒരേ ജപം തന്നെ ചൊല്ലുമ്പോൾ അതിലെ വാക്കുകളുടെ അർത്ഥത്തെക്കുറിച്ചു ചിന്തിക്കുക പ്രയാസമാണെന്നും അങ്ങനെയുള്ള സന്ദർഭങ്ങളിൽ വാക്കുകൾ ശരിയായി ഉച്ചരിച്ചുകൊണ്ടു ശ്രദ്ധ ദൈവത്തിലേക്കുയർത്തിയാൽ മതിയെന്നും പറയുകയുണ്ടായി.

ഈശോസഭക്കാരനായ ഫാ ഫ്രാൻസിസ് വി. ലീബഫ് (Lebuffe S. J.) എഴുതിയിട്ടുള്ള "നമുക്കു മനഃപ്രാർത്ഥനയ്ക്കു ശ്രമിക്കാം" ('Let's Try Mental Prayer') എന്ന ലഘുലേഖയിലെ ആശയങ്ങളാണു പ്രാർത്ഥനയെപ്പററിയുള്ള ഈ ലേഖനപരമ്പരയിൽ പ്രധാനമായി സ്വീകരിച്ചിരിക്കുന്നതു്. വാചാപ്രാർത്ഥന സജീവമാക്കുന്നതിനു അദ്ദേഹം നിർദ്ദേശിക്കുന്ന ചില മാർഗ്ഗങ്ങൾ താഴെ ചേർക്കുന്നു. എത്ര നല്ല നിയോഗത്തോടും ശ്രദ്ധയോടുംകൂടി കൊന്ത ജപിക്കുന്നതിനു ആരംഭിച്ചാലും പലപ്പോഴും നമ്മളറിയുന്നതിനുമുൻപു് അഞ്ചാം രഹസ്യത്തിന്റെ അവസാനം ചെന്നു നില്ക്കുന്നതായി കാണാം. അങ്ങനെ വരാതിരിക്കുന്നതിനു മൂന്നു മാർഗ്ഗങ്ങൾ പരീക്ഷിച്ചുനോക്കാം.

1. ഓരോ "നന്മനിറഞ്ഞമറിയ"യും ചൊല്ലുമ്പോൾ അപ്പോൾ ധ്യാനിക്കേണ്ട രഹസ്യത്തിൽനിന്നു ഒരു ചിന്തകൂടി അതിനോടു ഘടിപ്പിക്കുക.

ഉദാഹരണമായി, സന്തോഷമായ ഒന്നാം രഹസ്യത്തിൽ "ശുദ്ധമറിയമേ തമ്പുരാന്റെ അമ്മേ, (നീ ദൈവപുത്രനെ ഗർഭംധരിച്ചതിനെക്കുറിച്ചു) പാപികളായ ഞങ്ങൾക്കുവേണ്ടി..............

ദുഃഖമായ ഒന്നാം രഹസ്യത്തിൽ—

"നിന്റെ തിരുക്കുമാരന്റെ രക്തവിയർപ്പിനെക്കുറിച്ചു്"..............

മഹിമയുടെ ഒന്നാം രഹസ്യത്തിൽ—

"നിന്റെ തിരുക്കുമാരന്റെ ഉയിർപ്പിനെക്കുറിച്ചു്"..............

ഇങ്ങനെ ഓരോ രഹസ്യത്തിനും മാറി മാറി ഓരോ "ശുദ്ധമാനമറിയത്തിലും" ഓരോ ചിന്ത കൂടി ചേർക്കുക. ചിന്ത മാത്രം മതി. വാക്കുകൾ ചേർത്തു ചൊല്ലിയാൽ ദണ്ഡവിമോചനം നഷ്ടപ്പെട്ടുപോകും. ഉദാഹരണത്തിനായി ചില ചിന്തകൾ പറഞ്ഞുവെന്നേയുള്ളു. ഓരോരുത്തരുടെ യുക്തംപോലെ മററുചിന്തകളും എടുക്കാം.

2. ഓരോ രഹസ്യത്തിലേയും ഓരോ നന്മനിറഞ്ഞമറിയത്തിനും ഒരേ ചിന്തയ്ക്കുപകരം വ്യത്യസ്തമായ പല ചിന്തകൾ സ്വീകരിക്കുക.

ഉദാഹരണമായി, സന്തോഷമായ ഒന്നാം രഹസ്യത്തിൽ 1-ാമത്തെ നന്മനിറഞ്ഞമറിയത്തിനു— ശുദ്ധമാനമറിയമേ ദൈവം ഒരു മാലാഖായെ നിന്റെപക്കൽ അയച്ചതിനെക്കുറിച്ചു്.

2-ാമത്തേതിനു്—മാലാഖായെ കണ്ടു നീ ഭയപ്പെട്ടതിനെക്കുറിച്ചു്

3-ാമത്തേതിനു—മാലാഖാ നിന്നോടു മംഗളവാർത്ത അറിയിച്ചതിനെക്കുറിച്ചു്. ഇങ്ങനെ പത്തു നന്മനിറഞ്ഞമറിയത്തിനും.

3. പലവിചാരം ഉണ്ടാകാവുന്നസാഹചര്യങ്ങൾതന്നെ പ്രാർത്ഥനയ്ക്കായി ഉപകരിപ്പിച്ചുകൊണ്ടു്. തെരുവിലോ വല്ല വാഹനങ്ങളിലോ വച്ചാണു പ്രാർത്ഥിക്കുന്നതെങ്കിൽ നാം കാണുകയും കേൾക്കുകയും ചെയ്യുന്നവർക്കുവേണ്ടി ഓരോ രഹസ്യവും നിയോഗിക്കാം. ഉദാഹരണമായി, സന്തോഷമായ ഒന്നാം രഹസ്യം ചൊല്ലുമ്പോൾ ദൈവം ഈ വണ്ടി ഓടിക്കുന്ന ഡ്രൈവർക്കുവേണ്ടിക്കൂടിയാണു് മനുഷ്യനായി അവതരിച്ചതു് എന്ന ചിന്ത വരുത്തി, "ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്നു ചൊല്ലുമ്പോൾ അയാളേയും ചേർക്കുക. അതുപോലെ വഴിക്കു കാണുന്ന മഹമ്മദീയനേയും, ഹിന്ദുസ്ത്രീയേയും യൂദക്കുട്ടിയേയും, ഈഴഭിക്ഷുവിനേയും എല്ലാവരേയും നമ്മുടെ പ്രാർത്ഥനയിൽ ഉൾപ്പെടുത്താം.

എപ്പോഴെങ്കിലും മററുള്ളവരെപ്പററി അന്യചിന്തയെന്തെങ്കിലും ഓർമ്മവരുകയാണെങ്കിൽ അവരെക്കുറിച്ചെല്ലാം പ്രാർത്ഥിക്കുന്നതു് ഒരു നല്ല സമ്പ്രദായമായി പലരും കരുതുന്നുണ്ടു്.

നാം പരിശുദ്ധകുർബാനയുടെ സന്നിധിയിലാണു് പ്രാർത്ഥിക്കുന്നതെങ്കിൽ ഓരോ രഹസ്യത്തിലും നാം ആരെക്കുറിച്ചു ധ്യാനിക്കുന്നുവോ ആ ഈശോതന്നെ യഥാർത്ഥമായി നമ്മുടെ മുൻപിലുണ്ടെന്നുള്ള ചിന്തയോടെ പ്രാർത്ഥിക്കുന്നതു് വളരെ നല്ലതാണു്.

മേല്പറഞ്ഞ മാർഗ്ഗങ്ങളെല്ലാമോ അവയിൽ ചിലതെങ്കിലുമോ പരീക്ഷിച്ചുനോക്കാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.


## കഥാപ്രസംഗം

കാഥികൻ മാസ്റ്റർ ടോം ജോസും,
വിനോദരസികൻ മാസ്റ്റർ കുട്ടിയച്ചനും
പുതുവർഷത്തിന്റെ പൊൻപുലരിയിൽ
കഥാപ്രസംഗവേദിയിൽ ഒരത്ഭുതം സൃഷ്ടിക്കുന്നു.
കഥകൾ, ബാഷ്പവർഷം By മട്ടത്തു വക്കി ബി. എ.
(ബൈബിൾ കഥ)
രോഗിണി OR പാപിനി
(ബൈബിൾ കഥ)
By വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
പശ്ചാത്തലസംഗീതം, വി. ജോർജ്ജ് & പാർട്ടി
For Bookings to:— Deepika Sub office Palai.



## ക്യാമ്പ് പ്രോഗ്രാം No. 3

## കാളൻ വൈദ്യൻ

("കാളൻ" പ്രൊപ്രൈറ്റർ കെ. പി. ഔസേപ്പു് വൈദ്യൻ) താഴെ പറയുന്ന സ്ഥലങ്ങളിൽ വെച്ചു് രോഗികളെ സൗജന്യമായി പരിശോധിക്കുന്നതാണു്.

എറണാകുളം:- ജനുവരി 12-ാംനു- ബുധനാഴ്ചകാലത്തു് 9 മുതൽ വൈകുന്നേരം 6 മണി വരെ മാരുതി വിലാസം ലോഡ്ജിൽ (ബോട്ടുജെട്ടിക്കു നേരെയുള്ള റോഡ്)

കോഴിക്കോട്:- ജനുവരി 19-ാം 20-ാം തിയതികളിൽ (ബുധൻ, വ്യാഴം) കാലത്തു് 8 മുതൽ വൈകുന്നേരം 5 മണി വരെ ശാന്തഭവൻ ലോഡ്ജിൽ.

N. B. ക്യാമ്പിൽ വരുന്നവരുടെ (പ്രത്യേകിച്ചു് സ്ത്രീകളുടെ സൗകര്യത്തെ മുൻനിറുത്തി സ്ഥലസൗകര്യങ്ങൾ ഓരോ ക്യാമ്പിലും പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ടു്. ക്യാമ്പ് പ്രോഗ്രാം No. 4. വഴിയെ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

കാളൻ, നെല്ലായി.

# അമ്മായിഅമ്മപ്രശ്നം

(കെ. ജെ. അഗസ്റ്റിൻ എം. ഏ; എൽ. റ്റി.)

"അമ്മായി അമ്മയെ
അമ്മിമേൽവച്ചിട്ട
നല്ലോരു കല്ലോണ്ടു—
നാരായണാ"

എന്നൊരു പദ്യശകലം പ്രൊഫസർ രാജരാജവർമ്മയുടെ സാഹിത്യ സാഹ്യത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു രസികൻ ലേഖനത്തിൽ വായിച്ചതു, ഇന്നും ഞാൻ മറന്നിട്ടില്ല. പണ്ടൊക്കെ വളരെ പ്രചാരത്തിലിരുന്ന "മറിയാമ്മ" (സംഗീത)നാടകത്തിൽ, കഥാനായികയായ മറിയാമ്മ തന്റെ അമ്മായിഅമ്മയുടെ സാഹസങ്ങളെ വർണ്ണിച്ചു പ്രാണനാഥനെ അറിയിക്കുന്ന ഒരുകത്തിലെ ഏററവും ഹൃദയസ്പർശകമായ ശ്ലോകം ഇതാണ്:

"നാരങ്ങാ കറിവച്ചു ഞാനതിനു
സാരം കൂടിയില്ലെന്നതിന്ന
നേരത്തമ്മയെടുത്തു ചട്ടിയൊടെ
തെൻ മണ്ടയ്ക്കടിച്ചിടിനാൾ.
പാരം നീററലൊടാററിലേയ്ക്കുട
നെടുത്തോടിട്ടു ഞാൻപെട്ടപാ-
ടാരോടൊന്നുപറഞ്ഞു വേദനയട
ക്കിടുന്നു പൊന്നച്ചനേ!"

അമ്മായിഅമ്മമാരുടെമൃഗീയമായ—രാക്ഷസീയമായ— ക്രൂരകൃത്യങ്ങളെ പൊടിപ്പും തൊങ്ങലും ചേർത്തു വർണ്ണിക്കുന്ന പല കെട്ടുകഥകളും പ്രചാരത്തിലുണ്ടു്, എല്ലാ നാട്ടുകളിലും പ്രൊഫസറന്മാരും അമ്മായിഅമ്മമാരും ഇംഗ്ലീഷ് ഫലിതങ്ങളിലെ മുഖ്യകഷണങ്ങളാണ്.

കൂടുതൽ അപരാധിനിയായി ചിത്രീകരിക്കപ്പെടുന്നതു് ഭാര്യയുടെ അമ്മായിഅമ്മയാണ്. മകൾക്കൊരു കല്യാണാലോചന വരുമ്പോൾ, ചെറുക്കന്റെ അമ്മയുടെ സ്വഭാവത്തെപ്പററി പലരും കാര്യമായി അന്വേഷിക്കാറുണ്ടു്. എന്റെ ഒരു മകൾക്കുവേണ്ടി നടന്ന ഒരാലോചന, മറെറല്ലാംകൊണ്ടും അഭികാമ്യമായിരുന്നെങ്കിലും, വരനിരിക്കുന്ന അമ്മായിഅമ്മ ഒരുഗ്രമൂർത്തിയാണെന്നു കേട്ടതിനാൽ, ഞാൻ തന്നെ "വീറോ" ചെയ്തിട്ടുണ്ടു്. എന്റെ ഭാര്യയേയും, അവരുടെ മൂന്നു സഹോദരികളെയും കല്യാണം ചെയ്തുകൊടുത്തതു് അമ്മായിഅമ്മമാരില്ലാത്ത കുടുംബങ്ങളിലേക്കായതു് യാദൃച്ഛികമായിരുന്നെന്നു തോന്നുന്നില്ല!

അമ്മായിഅമ്മയും മരുമകളും തമ്മിലുള്ള ശണ്ഠയുടെ അടിസ്ഥാനം എന്താണെന്നു എല്ലാവർക്കുമറിയാം. ഇത്രയുംനാൾ തന്റെ ഹിതാനുവർത്തിയായിരുന്ന ഓമനക്കുട്ടൻ—താൻ അഹോരാത്രം പ്രാർത്ഥിച്ചും, പ്രയത്നിച്ചും, ശുശ്രൂഷിച്ചും ആകാശക്കോട്ടകൾ കെട്ടിയും വളർത്തിക്കൊണ്ടുവന്ന അരുമമകന്റെ സ്നേഹമെല്ലാം, എവിടെയോനിന്നു കൊണ്ടുവന്ന ഒരു യുവതിയിൽ കേന്ദ്രീകരിക്കുന്നതു കാണുമ്പോൾ, ആ അമ്മയുടെ ഹൃദയത്തിൽ ഇടിത്തീവീഴുകയാണ്. അമ്മയും മകളുംതമ്മിൽ ചില്ലറ ചില്ലറ അഭിപ്രായവ്യത്യാസങ്ങളുണ്ടാകുമ്പോൾ "റഫറി"യായിട്ടു അമ്മ മകനെ ക്ഷണിക്കുന്നു; ഭാര്യ ഭർത്താവിന്റെ പക്കൽ അപ്പീൽ ബോധിപ്പിക്കുന്നു. പക്ഷേ, മിക്കവാറും വിധിയും "റൂളിങ്ങു"മെല്ലാം മരുമകൾക്കനുകൂലമായിട്ടാണ്! ഇങ്ങനെയാരംഭിക്കുന്ന മത്സരം, തലയണമന്ത്രത്തിന്റെയും നാത്തൂൻപോരിന്റെയും ഫലമായി, നാൾക്കുനാൾ വർദ്ധിക്കുന്നു. പാവപ്പെട്ടമകൻ കൊടുങ്കാററിൽപെട്ടു നട്ടംതിരിയുന്നു.

മരുമകനും അമ്മായിഅമ്മയും തമ്മിൽ ഇമ്മാതിരി അഭിപ്രായഭേദങ്ങളൊന്നുമുണ്ടാകാറില്ല. "പൊന്നുമരുമകൻ" വന്നുകയറുന്നതുമുതൽ തുടങ്ങുന്നു അമ്മായിഅമ്മയുടെ പരിചരണവും സല്ക്കാരങ്ങളും. പുതിയ പുതിയ പലഹാരങ്ങളും കറികളും കിട്ടുമെന്നുള്ള ആശയോടെ അളിയന്മാരും അനുജത്തിമാരും കൊതിക്കയാണ് പുതുമാപ്പിളയുടെ വരവിനെ. മരുമകനൊരു പനിയോ നീർവീഴ്ചയോ ആണെന്നു കേട്ടാൽ തുരുതുരെ ആളോടിക്കയായി. വിവരമറിഞ്ഞുവരാൻ കഴിയുമെങ്കിൽ അമ്മതന്നെ ഓടിയെത്തും മകളെ സഹായിക്കാൻ സ്വന്തം വീട്ടിൽ എന്തെല്ലാം കാര്യങ്ങളുണ്ടെങ്കിലും, അതെല്ലാം അപ്പനും മക്കളുംകൂടി നടത്താൻ വിട്ടിട്ട്, മകളെയും കുഞ്ഞുങ്ങളെയും ശുശ്രൂഷിച്ചുകൊണ്ടു, ബന്ധുവീട്ടിൽ താമസിക്കുന്നതിനുപോലും മടിക്കില്ല, ചില അമ്മായിഅമ്മമാർ എതിരേറാ, മകന്റെ അമ്മായിഅമ്മ കാരുണ്യമൂർത്തിയാണ്— കാവൽമാലാഖയാണ്.

ഇവയെല്ലാം പണ്ടുപണ്ടേയുള്ള ചില "ധാരണ"കളാണെന്നും, വെറും സങ്കല്പങ്ങൾമാത്രമാണെന്നും ചിലർ വാദിച്ചേക്കാം. അമ്മായിഅമ്മമാരുടെ പേരിലുള്ള ആരോപണങ്ങൾ നമ്മുടെ നാട്ടിലാരും പ്രത്യേകപഠനവിഷയമാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. തൊട്ടതിനെല്ലാം സ്ഥിതിവിവരക്കണക്കുകൾശേഖരിച്ചുതെളിവെടുത്തു്, വിശകലനം ചെയ്തു, അനുമാനങ്ങളിലെത്തിച്ചേരുന്നതു് അമേരിക്കയിൽ ഇപ്പോളൊരു ഫാഷനായിത്തീർന്നിട്ടുണ്ടല്ലോ. മനശ്ശാസ്ത്രപണ്ഡിതന്മാരും, സാമൂഹ്യശാസ്ത്രജ്ഞന്മാരും പലേ പ്രശ്നങ്ങളും ഇപ്പോൾ ഇങ്ങനെയാണു് കൈകാര്യം ചെയ്യുന്നതു്. അക്കൂട്ടത്തിൽ, ഈയിടെ അമ്മായിഅമ്മമാരും അവരുടെ പഠനവിഷയമായി. തൽഫലമായി അവരിൽ ചിലർ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളും, നൽകുന്ന നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ഒരു രസികൻ ലേഖനം This Week എന്ന പ്രസിദ്ധവാരികയിൽനിന്നു സംഗ്രഹിച്ചു് ഇക്കഴിഞ്ഞ മാർച്ചുമാസത്തിലെ (Catholic Digest) എന്ന മാസികയിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അവയിൽ ചിലതാണു്, താഴെ കൊടുക്കുന്നതു്.

1. അമ്മായിയമ്മമാർമൂലം കുടുംബസൗഭാഗ്യം ശിഥിലമാകുന്നുണ്ടോ?

ഒരു പ്രസിദ്ധ കത്തോലിക്കാ സർവ്വകലാശാലയിലെ സാമൂഹ്യശാസ്ത്ര പ്രൊഫസറായ ഡോക്ടർ ജോൺ എൽ. തോമസ് എസ്. ജെ. ഏഴായിരത്തിൽപ്പരം "തകർന്ന കുടുംബങ്ങളുടെ" കഥ പരിശോധിച്ചു. അതിൽനിന്നു തെളിഞ്ഞതു്, വധൂവരന്മാരുടെ ദാമ്പത്യജീവിതത്തിന്റെ പ്രഥമവർഷത്തിൽ കുടുംബകലഹങ്ങൾക്കുള്ള ഒന്നാംസമ്മാനം നൽകേണ്ടതു് അമ്മായിയമ്മമാർക്കാണെന്നാണ്. ബന്ധുക്കളുടെ "ഇടങ്കോലു"മൂലമുണ്ടാകുന്ന വീട്ടുവഴക്കുകളുടെ എണ്ണം, ഓരോ കൊല്ലവും കുറഞ്ഞുവരുന്നു. ഭാര്യാഭർത്താക്കന്മാർ അഞ്ചുകൊല്ലം വഴക്കൊന്നും കൂടാതെ കഴിഞ്ഞാൽ, അമ്മായിയമ്മ എത്ര കലഹപ്രിയയാണെങ്കിലും, ആ അമ്മയ്ക്കു അവരുടെ കുടുംബജീവിതാനന്ദകസുമത്തെ പറിച്ചെറിയുന്നതിനു ഒരിക്കലും സാധിക്കയില്ല മധുവിധു കഴിയുന്നതുവരെയാണു്, സാധാരണമായി, അമ്മായിയമ്മയും മരുമകളും തമ്മിൽ സമരസാദ്ധ്യതയുണ്ടെങ്കിൽ അതാരംഭിക്കുന്നതു്.

2. ഭർത്താവിന്റെ അമ്മയോ ഭാര്യയുടെ അമ്മയോ കൂടുതൽ അപരാധിനി?

ഭർത്താവിന്റെ അമ്മയാണ് കൂടുതൽ കുഴപ്പമുണ്ടാക്കുന്നതു്. പക്ഷേ, മരുമകൾ നിരപരാധിനിയല്ല. ഭർത്താവിന്റെ അവകാശം താൻ തീറുവാങ്ങിയതിനാൽ, തന്റെ അനുമതിയോ അംഗീകാരമോ കൂടാതെ അദ്ദേഹവുമായുണ്ടാകുന്ന ഇടപാടുകളെല്ലാം അസാധുവാണെന്നാണ് അവളുടെ ഭാവം. അമ്മായിയമ്മയുടെ നേരെ "തലയെടുത്തുകൊണ്ടു്" ദാമ്പത്യജീവിതമാരംഭിക്കുന്ന മരുമകളുടെ കുടുംബത്തിൽ, മററംഗങ്ങൾ തമ്മിലും സ്വരച്ചേർച്ചയുണ്ടാകയില്ല. അമ്മയെ താങ്ങി മകൻ വല്ലതും പറഞ്ഞുപോയാൽ അന്നു "കാട്ടിൽ കുറുക്കൻ കിടക്കയില്ല!"

3. എത്ര ശതമാനം ദമ്പതികൾ അമ്മായിയമ്മ പ്രശ്നംമൂലം ക്ലേശിക്കുന്നുണ്ടു്?

കോർണൽ സർവ്വകലാശാലയുടെ ഒരു സർവ്വേ തെളിയിച്ചതു്, ഏതാണ്ടു മുപ്പത്തിമൂന്നു ശതമാനമെന്നാണ്. ഇവരിൽ മുക്കാൽഭാഗവും "പുറത്തറിഞ്ഞാൽ കുറച്ചിൽ" എന്ന ഭയന്നു്, വലിയ ഒച്ചപ്പാടൊന്നും ഉണ്ടാക്കാതെ കഴിഞ്ഞുകൂടുകയാണ്. ബാക്കിയുള്ളവർ, അവസാനിക്കാത്ത ശീതസമരത്തിലോ, പരസ്യമായ "വിമാനയുദ്ധ"ങ്ങളിലോ ഏർപ്പെട്ടിരിക്കുന്നു.

4. തങ്ങളുടെ ബന്ധുക്കളെപ്പററി ദമ്പതിമാർ തമ്മിലുള്ള തർക്കങ്ങൾ കുടുംബകലഹത്തിൽ കലാശിക്കാറുണ്ടോ?

യുവദമ്പതികളുടെ ഇടയിൽ ഇതു പതിവാണ്. 364 കുടുംബങ്ങളിൽനിന്നു ശേഖരിച്ച വസ്തുതകൾ തെളിയിച്ചതു്, ഏററവും കൂടുതൽ തർക്കം പണത്തെ സംബന്ധിച്ചും, അതു കഴിഞ്ഞാൽ, തറവാട്ടുമേന്മയെപ്പററിയുമാണെന്നത്രെ.

5. കുടുംബസമാധാനമാഗ്രഹിക്കുന്നവർ വിവാഹത്തിനുശേഷം എത്രയുംവേഗം വീട്ടിൽനിന്നു മാറിത്താമസിക്കണമെന്നുള്ള ഉപദേശത്തെ ശാസ്ത്രീയമായ പഠനം തെളിയിക്കുന്നുണ്ടോ?

തീർച്ചയായും. സോഷ്യോളജി പ്രൊഫസറന്മാരും, വിവാഹമോചനക്കോടതികളിലെ ജഡ്ജിമാരും ഐകകണ്ഠ്യേന ഈ അഭിപ്രായത്തെ പിൻതാങ്ങുന്നു. ഡ്യൂക്ക് സർവ്വകലാശാലയിലെ പ്രൊഫസർ ഹാർട്ട് പറയുന്നു: "നിങ്ങളുടെ ചാർച്ചക്കാരുടെ വീടുകളിലോ, അവരുടെ അയൽപക്കത്തുപോലുമോ താമസിക്കരുതു്. അവരെ ആരെയും നിങ്ങളുടെ വീട്ടിലും താമസിപ്പിക്കരുതു്." പലർക്കും ഇതു സാദ്ധ്യമാകയില്ലെന്നു അദ്ദേഹം സമ്മതിക്കുന്നു. എങ്കിലും, അങ്ങനെ ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ മിക്കവാറും ഉണ്ടാക്കാൻ കഴിയുമെന്നും, അതു കണ്ടുപിടിക്കുന്നതിലാണു നിങ്ങളുടെ ദാമ്പത്യജീവിതവിജയം സ്ഥിതിചെയ്യുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ലയോളാ സർവ്വകലാശാലയിലെ പ്രൊഫസർ, ഫാദർ എഡ്വിൻ ഹീലി എസ്. ജെ. കുടുംബജീവിതപ്രശ്നങ്ങളെ നല്ലവണ്ണം പഠിച്ചശേഷം പറയുന്നതു്, നവദമ്പതികൾ പുതിയ വീടു പണിയിക്കുന്നതു്, ബന്ധുക്കളുടെ വീടുകളിൽനിന്നു കഴിയുന്നത്ര അകലെ ആയിരിക്കണമെന്നാണ്. മററുള്ളവരുടെ അലട്ടിൽനിന്നകന്നിരുന്നാൽ അവർ അവരുടെ പുതിയ ജീവിതവുമായി കൂടുതൽ വേഗത്തിൽ പൊരുത്തപ്പെട്ടുകൊള്ളുമെന്നാണ് അദ്ദേഹത്തിന്റെ ന്യായം.

6. ഒരു ഭാര്യയും ഭർത്താവും, അവരുടെ ഇരുവരുടെയും കുടുംബക്കാരുമായി ഇണങ്ങി ജീവിക്കുന്നതിനുള്ള "കുറുക്കുവഴി" ഏതാണ്?

താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ മതി.

എ) വിവാഹത്തിനു് രണ്ടുപേരുടെയും മാതാപിതാക്കളുടെ അനുമതിയില്ലെങ്കിൽ, അവരുമായുള്ള ബന്ധം അസുഖകരമായിരിക്കാനാണിടയുള്ളതു്.

ബി) വിവാഹത്തിനുമുമ്പ് രണ്ടുപേരുടെയും കുടുംബാംഗങ്ങളുമായി പരിചയപ്പെടുക.

സി) രണ്ടുപേരുടെയും മാതാപിതാക്കൾ തമ്മിൽ സ്നേഹം പുലർത്തണം.

ഡി) രണ്ടുപേരുടെയും മാതാപിതാക്കളുടെ ദാമ്പത്യജീവിതം പ്രശാന്തമായിരിക്കണം.

ഇ) രണ്ടുപേരും ഭർത്താവിന്റെ വീട്ടിൽനിന്നു കഴിയുന്നവേഗത്തിൽ മാറിത്താമസിക്കണം.

എഫ്) രണ്ടുപേരും ഒരേ മതവിഭാഗത്തിൽ പെട്ടവരായിരിക്കണം.

ജി) അപ്പൂപ്പന്മാർക്കും അമ്മൂമ്മമാർക്കും പൗത്രരോടു വാത്സല്യമുണ്ടായിരിക്കണം.

7. മരുമകന്റെ വിദ്യാഭ്യാസയോഗ്യതയും, അമ്മായിയമ്മയ്ക്കു അയാളോടുള്ള ബഹുമാനവും തമ്മിൽ വല്ല ബന്ധവുമുണ്ടോ?

ഉവ്വ്. മകൾക്കു മരുമകനെക്കാൾ കൂടുതൽ വിദ്യാഭ്യാസയോഗ്യതയുണ്ടായാൽ, തന്റെ മകൾ വിവാഹം ചെയ്തതു് ഒരയോഗ്യനെയാണെന്നു അവർക്കു തോന്നാം. നേരെമറിച്ചു്, മകളെക്കാൾ കൂടുതൽ പാസ്സും ഉദ്യോഗവുമൊക്കെയുള്ള മരുമകൻ അമ്മായിയമ്മയുടെ കണ്ണിലുണ്ണിയായിരിക്കും.

8. എങ്ങനെയാണു ഒരു നല്ല സ്ത്രീ, ചീത്ത അമ്മായിയമ്മയാകുന്നതു്?

കുട്ടികളെ വളർത്തുന്നതിലും, വീട്ടുകാര്യങ്ങളിലുംമാത്രം ശ്രദ്ധിച്ചുകൊണ്ടു് ഒരു സ്ത്രീ ജീവിച്ചാൽ—അതിനുമാത്രമായി അവളുടെ സമയം മുഴുവൻ വിനിയോഗിച്ചാൽ—കുട്ടികൾ പ്രായമായി, വിവാഹിതരായിക്കഴിയുമ്പോൾ, അവളുടെ ഹൃദയത്തിൽ ഒരു ശൂന്യത വ്യാപിക്കുന്നു. പ്ലാൻചെയ്തും, ശാസിച്ചും, നയിച്ചും, സംരക്ഷിച്ചും ജീവിച്ചുപഠിച്ചിട്ടുള്ള "ഭരണ"മനസ്ഥിതി ഉടനടി മാററാൻ സാദ്ധ്യവുമല്ല. അതിനാൽ അവൾ സ്വാഭാവികമായി പുത്രന്റെ ഭാര്യയെ "ഭരിച്ചു"തുടങ്ങുന്നു. അന്തസ്സുള്ള ഭാര്യാപദത്തിലേക്കു ഉയർത്തപ്പെട്ടയുടനെ, ഒരു യുവതി, അമ്മയുടെ അനുശാസനങ്ങളെല്ലാം അനുസരിക്കുന്നതിനു സന്നദ്ധയാകാനും പ്രയാസം. ഉരസൽ സംഘട്ടനമായി വളർന്നു്, തകർന്ന കുടുംബത്തിൽ കലാശിക്കുന്നു.

9. നല്ല അമ്മായിയമ്മയാകുന്നതിനു് നേരത്തെ വല്ല പരിശീലനവും കഴിക്കാനുണ്ടോ?

ഉവ്വ്. താഴെപറയുന്ന കാര്യങ്ങളിൽ നിഷ്കർഷിച്ചാൽ മതി.

എ) മതപരമോ, സാമുദായികമോ, ആയ കാര്യങ്ങളിൽ കൂടുതൽ ഉത്സാഹവും താല്പര്യവും നേരത്തെ പുലർത്തണം. അങ്ങനെ ചെയ്താൽ, മക്കളെ വളർത്തുന്ന ജോലിയിൽനിന്നു വിരമിക്കേണ്ടിവരുമ്പോളുണ്ടാകുന്ന ശൂന്യതയിൽ അവയ്ക്കു സ്ഥാനം നൽകി, അധികം ക്ലേശംകൂടാതെ ജീവിക്കാം.

ബി) എല്ലാം കാര്യങ്ങളിലും തന്റെ ഹിതത്തെയും അഭിപ്രായത്തെയും മുറുകെപ്പിടിക്കുന്ന സ്വഭാവം—മർക്കടമുഷ്ടി—ഉപേക്ഷിക്കണം.

സി) മകനോ മരുമകളോ ആവശ്യപ്പെടാതെ, അഭിപ്രായവും ഉപദേശവുംകൊണ്ടു വലിഞ്ഞുകയറരുതു്. അതുപോലെതന്നെ, എന്തെങ്കിലും കുഴപ്പമുണ്ടാകുമ്പോൾ, "ഞാൻ നേരത്തെ പറഞ്ഞില്ലേ, ഇപ്പോളെങ്ങിനെയിരിക്കുന്നു?" എന്നുള്ള പല്ലവി പാടിക്കൊണ്ടിരിക്കരുതു്.

ഡി) മക്കളുടെ പ്രയാസങ്ങൾക്കുള്ള പ്രതിവിധി അവർതന്നെ കണ്ടുപിടിച്ചുകൊള്ളട്ടെ. കഴിയുന്നിടത്തോളം അമ്മായിയമ്മമാർ "ഇടങ്കോലുചക്രി"കളാകരുതു്. മററുള്ളവരുടെ ഇടപെടൽ കൂടാതെ "രണ്ടുപേരും"കൂടി യഥേഷ്ടം




"ജബ്കോ"
5-ാം നമ്പ്ര് തൂക്കുവിളക്ക്
ഗുണത്തിൽ
എതിരാളിയില്ലാത്തതു്-
"ജബ്കോ ബഡ്റൂം" വിളക്കും
അങ്ങിനെതന്നെ
ജയ ഭാരതം കമ്പനി
എറണാകുളം—1





ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 1

## എസ്രായുടെ പലായനം

(വി. സി. ജോർജ്ജു് ബി. എ. എൽ. ററി.)

നീണ്ടുവലിച്ചൂതിയ ആ കാഹളധ്വനി വിശ്രമത്തിനു് അടയാളമായിരുന്നു. അപ്പോൾ അരമണിക്കൂർ കഴിഞ്ഞു. വിശ്രുതനഗരത്തിന്റെ പടിഞ്ഞാറെ ഭാഗത്തു് ആ പുല്ലുമേഞ്ഞ പണിപ്പുരകൾക്കുള്ളിൽ ചൂടു ദുസ്സഹമായിരുന്നതിനാൽ റോമൻ മേൽവിചാരിപ്പുകാരുടെ ആയുധങ്ങൾപോലും മന്ദഗതിയിൽ പ്രവർത്തിക്കേണ്ടിവന്നു. കുററപ്പുള്ളികളുടെ നഗ്നമായ മുതുകത്തു് കൊരടാവിന്റെ അടി നിലച്ചു. സ്വേദകണങ്ങൾ ഊററിററു വീഴ്ത്തിക്കൊണ്ടു മേച്ചിൽ താങ്ങിയ തൂണുകളിൽ ചാരിനിന്നിരുന്ന പണിക്കാർ കുന്നുകളിൽക്കൂടി വീശിവന്ന കാററു് ആവേശപൂർവ്വം വലിച്ചെടുത്തു. അതും ചൂടുപിടിച്ചതായിരുന്നുവെങ്കിലും കൽച്ചക്കുകൾക്കുചുററുമുണ്ടായിരുന്ന വായുവിനോടൊപ്പം അരിപ്പൊടികൊണ്ടു് അതിസീകതമായിരുന്നില്ല.

നാലാളുകൾചേർന്ന ചെറുസംഘങ്ങളായി കൽച്ചക്കുകൾ തിരിച്ച കുററപ്പുള്ളികൾ, ചക്കിന്റെ തുലാത്തോടുചേർത്തു ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരുന്നു. ആകയാൽ തുലാത്തിനടുത്തു് തറയിൽ അവർ തളർന്നു വീഴുകതന്നെ ചെയ്തു. തൊലിയുരിഞ്ഞ തങ്ങളുടെ മുതുകുകൾ തുലാത്തിൽ താങ്ങി അവർ അനന്തതയിലേക്കു അലക്ഷ്യമായി കണ്ണെറിഞ്ഞു. ക്ഷതമേററു ക്ഷീണിച്ച അവരുടെ ശരീരങ്ങളിൽ ജീവൻ അവശേഷിച്ചിരുന്നു എന്നു് അവരുടെ ചങ്കിന്റെ തുടിപ്പുമാത്രം പ്രഖ്യാപിച്ചു. ഇങ്ങനെ സുമാർ ഇരുന്നൂറു ചെറുപ്പക്കാർ അന്നു കൽച്ചക്കുകളിലെ ജോലിയിൽ കഴിഞ്ഞു. അവരിൽ മിക്കവരും യഹൂദരായിരുന്നു.

ധാന്യം ചക്കുകളിലാക്കുക, പൊടിച്ചെടുക്കുക, മാവു്, ഉമി, തവിടു് ഇവ ചാക്കുകളിൽ നിറയ്ക്കുക, എന്നീ ജോലികൾ അടിമകളാണു ചെയ്തതു്. അവരുടെ വേലയും ചക്കന്മാരുടേതിനോടൊപ്പം ഭയാനകമായിരുന്നു. പക്ഷെ അടിമകളെ ചങ്ങലയാൽ ബന്ധിച്ചിരുന്നില്ല. വിചാരിപ്പുകാരിൽനിന്നകന്നു് സ്വല്പം കാററുകൊള്ളുവാൻ അവരും പുറത്തേക്കിറങ്ങി. പണിപ്പുരയിൽനിന്നു് വളരെ ദൂരം പോകുവാൻ അവർക്കു കഴിയുമായിരുന്നില്ല. ലോഹഫലകം വക്ഷസ്സിലെ കീടുകീടുപ്പിച്ചു്, കുറിയ വാൾ കരത്തിലേന്തി, മന്ദം മന്ദം മുൻപോട്ടും പിൻപോട്ടും കവാത്തുചെയ്തിരുന്ന റോമൻ സൈനികൻ ആ കാഴ്ചം നോക്കിക്കൊണ്ടിരുന്നു.

റോമൻ യജമാനന്മാർക്കുവേണ്ടി പണിയെടുക്കുവാൻ നിർബന്ധിക്കപ്പെട്ട അനേകസഹസ്രം ആധാർഷിതരിൽ ഒരു നിസ്സാരവിഭാഗം മാത്രമായിരുന്ന ഈ ഇരുന്നൂറു ബന്ധിതർ സാക്ഷാൽ കുററക്കാരായിരുന്നില്ല; ആയിരുന്നു യഹൂദനാകുക കുററമെങ്കിൽ. പാർത്ഥ്യന്മാർക്കെതിരായി ഒരു പുതിയ ആയോധനത്തിനു് റോമാസാമ്രാജ്യം കോപ്പുകൂട്ടുകയായിരുന്നു. അതിനാവശ്യമായ വേലക്കാരെ എവിടെ നിന്നെങ്കിലും ശേഖരിക്കേണമെന്നായിരുന്നു നയം. യെരുശലേംപോലെയുള്ള ഒരു പ്രധാന നഗരത്തിൽ ഒരു കൃത്രിമലഹളം ആളെടുപ്പിനു മതിയായ കൂടോപായം. വെറും കാണികളായി കൂടുന്ന നിരപരാധി ജനസംഘത്തെ റോമൻസേന പെട്ടെന്നു വളഞ്ഞു കാലിക്കൂട്ടത്തെയെന്നപോലെ ഓടിച്ചുകൊണ്ടുപോകുക സാധാരണമായിരുന്നു. പ്രതിഷേധസ്വരം പുറപ്പെടുവിക്കാൻ മുതിരുന്നവർ കുരിശിൽതറയ്ക്കപ്പെടുന്നില്ലെങ്കിൽ കപ്പലിൽ തണ്ടുവലിക്കാൻ വിധിക്കപ്പെടും. മററുള്ളവർ മൂന്നുമാസം, ആറുമാസം, ഒരു വത്സരം ഈ ക്രമത്തിനുള്ള നിർബന്ധിതവേലയ്ക്കു് വിധേയരാകുന്നു. ചക്കുകളിലും കല്ലുമടകളിലും ജോലിചെയ്തും, റോഡുകളും കോട്ടകൊത്തളങ്ങളും നിർമ്മിക്കുന്നതിൽ ഏർപ്പെട്ടും ഇവരുടെ ബന്ധനകാലം കഴിയുന്നു. ഇങ്ങനെ കുറഞ്ഞകൂലിക്കു് റോമന്മാർ വേലക്കാരെ നേടി. അതു് വെറുക്കപ്പെട്ട വിപ്ലവകാരികളായ യഹൂദരെ അമർത്തുന്നതിനു് പററിയ ഒരു മാർഗ്ഗവുമായി.

ധാന്യപേഷണം സംബന്ധിച്ച ജോലി അത്യധികം കഠിനമായിരുന്നു. ഇവിടെ ശിക്ഷയനുഭവിക്കുന്ന പണിക്കാരിൽ ചിലരെങ്കിലും അവശരായി തുലാത്തിനടിയിൽ പിന്നിലെഴുന്നേല്ക്കാത്തവിധം വീഴുന്ന ദുരവസ്ഥ കൂടാതെ ഒററദിവസവും കടന്നുപോയില്ല. ആവക സംഗതികൾ അധികാരികൾക്കു പറയത്തക്ക അനർത്ഥഹേതുവായുമില്ല. ശ്മശാനം അടുത്തുണ്ടായിരുന്നു. ഒരാൾ ചത്തുവീണാൽ തൽസ്ഥാനത്തു മേൽവിചാരക്കാർക്കു മറെറാരാളെ നിഷ്പ്രയാസം ബന്ധിക്കുകയും ചെയ്യാമായിരുന്നു. പുതിയ ആധാർഷിതരെ കിട്ടിയില്ലെങ്കിൽ ബന്ധനകാലം അവസാനിച്ച പഴയന്മാരെ പിടിച്ചു് പൂട്ടിയിടുവാനും മേൽവിചാരക്കാർക്കു സ്വാതന്ത്ര്യവും സൗകര്യവുമുണ്ടായിരുന്നു.

അരമണിക്കൂർ നേരത്തെ വിശ്രമത്തിനുശേഷം, തടവുകാരുടെ കിതപ്പുകൊണ്ടുമാത്രം ഭഗ്നമായ മൗനത്തിനുശേഷം, ചക്കാലയ്ക്കു പുറത്തു് ശിലസങ്കുലമായ നിരത്തുകൂടി വണ്ടിച്ചക്രം ഉരുളുന്ന ശബ്ദം കേൾക്കാറായി. പണിക്കാർക്കു ദിവസത്തിൽ ഒരിക്കൽമാത്രം ലഭിക്കുമായിരുന്ന ആഹാരം കൊണ്ടുവരുന്ന യാത്രയായിരുന്നു. അരിമാവും തവിടും വെള്ളവുംചേർത്തുണ്ടാക്കിയ കുറുകിയ ഒരു ദ്രവം. വലിയ മരത്തൊട്ടികളിൽനിന്നു് അടിമകൾ ഈ സാധനം മൺചട്ടികളിലാക്കി, ചട്ടികൾ പരന്ന [illegible] അടുക്കി, ചക്കാലയിലെ പണിക്കാരുടെ അടുക്കൽ എത്തിച്ചു. എന്നാൽ ബന്ധിതരിൽ ആരും ആഹാരപാത്രം തൊടുവാൻ തുനിഞ്ഞില്ല.

"വെള്ളം, വെള്ളം," അവരിൽ ചിലർ ഞരങ്ങി. ഇവർക്കു തങ്ങളുടെ ക്ലാന്തതയിൽ ദാഹം വളരെ ദാരുണമായിരുന്നു. എന്നാൽ അടിമകൾക്കു് ഇവർ ആവശ്യപ്പെട്ടതെന്തെന്നു് മനസ്സിലായില്ല. പണിക്കാർക്കു പരിശ്രമത്തിന്റെ ഫലമായി ലഭിച്ചതു് ചവിട്ടും തൊഴിയും മാത്രമായിരുന്നു. അടിമകൾ സ്വാമിത്വം പ്രകടിപ്പിച്ചു. നിന്ദനവും, താഡനവും സഹിച്ചു് തഴമ്പിച്ച അവരാകട്ടെ, അവജ്ഞാപാത്രമായ ഒരു വർഗ്ഗത്തിന്റെ ഈ സന്തതികളെ അടിക്കുകയും തൊഴിക്കുകയും ചെയ്യുന്നതിൽ ആനന്ദിച്ചു. പാത്രങ്ങളിൽ വെള്ളവുമായി വണ്ടികൾ വന്നപ്പോൾ ഒരു അരമണിക്കൂർകൂടെ കഴിഞ്ഞു. പാത്രങ്ങൾ പണിക്കാരുടെയിടയിൽ എത്തി. പൊരിഞ്ഞുവലഞ്ഞ അവരിൽ ഓരോരുത്തനും ചെറുചൂടോടുകൂടി, ദുർഗ്ഗന്ധം വമിച്ചു്, കലങ്ങിമറിഞ്ഞ ആ വെള്ളം തനിക്കനുവദിച്ചിടത്തോളംതന്നെ കുടിച്ചു

For favours received



M. J. Joseph
Mukuunankary, C. H. Y.

അനന്തരം അവർ ചട്ടിയിൽ കിട്ടിയ ദ്രവം വിറയ്ക്കുന്ന വിരലുകളിൽ കോരി അകത്താക്കുകയും ചെയ്തു.

പതിനഞ്ചാംനമ്പർ ചക്കിനു സമീപം ഒരു തടവുകാരനും വെള്ളപ്പാത്രം കൊണ്ടുചെന്ന അടിമകളിൽ ഒരുവനും തമ്മിൽ അല്പം ഏററുമുട്ടൽ നടന്നു. തടവുകാരൻ ദാഹശമനം വരുത്തുന്നതിനുമുമ്പു് അടിമ പാത്രം വലിച്ചു് അയാളുടെ വായിൽനിന്നകററി. അസംതൃപ്തനായ ബന്ധിതൻ ആ ഏത്യോപ്യൻ അടിമയുടെ വയററിനു ഒരു തൊഴികൊടുത്തു. അടിമ ഉച്ചത്തിൽ നിലവിളിച്ചതിനെ തുടർന്നു വിചാരിപ്പുകാരിൽ ഒരുവൻ ചക്കിനെ സമീപിച്ചതും, കൊരടാവു ബന്ധിതന്റെ തോളിൽ "ഠം" "ഠം" എന്നു് പലപ്രാവശ്യം പതിച്ചതും ഒന്നിച്ചുകഴിഞ്ഞു. തടവുകാരന്റെ ആഹാരവും ചട്ടിയും എടുത്തുകൊണ്ടു പോകുകയായിരുന്നു വിചാരിപ്പുകാരന്റെ അടുത്ത പ്രവൃത്തി. ഇവർ പരസ്പരം യാതൊന്നും ശബ്ദിച്ചില്ല. വിചാരിപ്പുകാരനു തദ്ദേശഭാഷ അജ്ഞാതമായിരുന്നു; തടവുകാരനു ലത്തീനും.

അടിയേററ ആൾ തറയിൽ കിടന്നു് മുകളിലേക്കു തുറിച്ചുനോക്കുന്നതായി കാണപ്പെട്ടു. ചുരുണ്ടിരുണ്ട അയാളുടെ മീശയ്ക്കടിയിൽ അധരങ്ങൾ ചലിക്കുന്നതും കാണാമായിരുന്നു. വിരലുകൾകൊണ്ടു് മണലിൽ ഏതോ വരച്ചശേഷം അവയെ അയാൾ മുഷ്ടിയായി ചുരുട്ടി. അയാളുടെ ശ്വാസോച്ഛ്വാസം ഭാരവത്തായി പരിണമിച്ചു.

അയാളുടെ അടുത്തു് ചങ്ങലയിൽകഴിഞ്ഞ ഇരുപതുവയസ്സിൽ കൂടുതൽ പ്രായമില്ലാതിരുന്ന ഒരു ചെറുപ്പക്കാരൻ അയാളുടെനേരെ തിരിഞ്ഞു. "എസ്രാ, എന്തു കാര്യത്തിനാണങ്ങനെ ചെയ്തതു്? നിങ്ങൾക്കു നല്ലവണ്ണം അറിയാമല്ലോ........." വളരെ താണസ്വരത്തിൽ ഉച്ചരിച്ച ഈ ചോദ്യത്തിനു മറുപടിയുണ്ടായില്ല. അപകൃതനായ ചങ്ങാതിയിൽനിന്നു ശബ്ദംകുറഞ്ഞ ഒരു ഞരക്കം മാത്രം പുറപ്പെട്ടു.

"എസ്രാ, എന്റെ ആഹാരത്തിൽ പകുതി നിങ്ങൾക്കിരിക്കട്ടെ; പാവം! സ്വീകരിക്കാൻ മടിക്കണ്ടാ."

എസ്രാ കൂട്ടുകാരനെ നോക്കി. അയാളുടെ മുഖം വാടിവിളറി ശവത്തിന്റേതുപോലെ തോന്നി. കറുത്ത തലമുടിക്കുപോലും അടിവരെ വിളർച്ച! എന്നാൽ അയാളുടെ കണ്ണുകൾ തീക്കനൽപോലെ പ്രകാശിച്ചു.

"യോനാ, മതിമതി, കിട്ടിയതു മുഴുവനായാലും നിന്റെ വയറു നിറയുകയില്ലല്ലോ."

"എന്റെ വയറു നിറഞ്ഞുകൊള്ളും. എസ്രാ, യാതൊരു വിഷമവും കൂടാതെ തനിക്കിതിൽ പകുതി ഞാൻ തരുന്നു. ചൂടിന്റെ മൂർച്ചകൊണ്ടു് എനിക്കു് ഒട്ടുംതന്നെ ഭക്ഷിക്കുവാൻ തോന്നുന്നില്ല." ഇത്രയും പറഞ്ഞശേഷം ആ യുവാവു് ദ്രവത്തിൽ പകുതി ഝടുതിയിൽ ഉള്ളിലാക്കിക്കൊണ്ടു് ചട്ടി എസ്രായുടെ പക്കലേക്കു നീക്കി. എസ്രായാകട്ടെ അതിനെ പുറകോട്ടു തള്ളിയിട്ടു് പറഞ്ഞു: "യോനാ, എന്റെ കുഞ്ഞേ, നീ ദയാലുതന്നെ. പക്ഷെ, എനിക്കിയാഹാരം ആവശ്യമില്ലെന്നേയുള്ളു. ഞാൻ ഭക്ഷിച്ചാൽ ഈ പട്ടികളുടെ പേരിൽ എനിക്കുള്ള വെറുപ്പു് കുറയുവാനിടയുണ്ടു്. വിശന്നിരിക്കണമെന്നാണു് എന്റെ ആഗ്രഹം, മനസ്സിലായില്ലേ? ഈ വെറുപ്പു് എന്റെ കുടലിലേക്കരിഞ്ഞിറങ്ങുവാൻ ഞാൻ കൊതിക്കുന്നു. എന്നാൽ മാത്രമേ അവസാനവിനാഴികവരെ അതിനെ പുലർത്തുവാൻ എനിക്കു കഴിയുകയുള്ളു." യുവാവു തലകുലുക്കി.

"എസ്രാ, എന്നാലും, താൻ തനിക്കുതന്നെ ഉപദ്രവം വരുത്തുകയാണല്ലോ."

"അതെ, അതുതന്നെയാണെന്റെ ആവശ്യം, മനസ്സിലായോ? ഞാൻ കൂടുതൽ സഹിക്കേണ്ടിവരുമ്പോൾ എന്റെ വെറുപ്പും വർദ്ധിക്കുന്നു. ഞാൻ സ്വതന്ത്രനായാൽ ഈ പട്ടികൾക്കു്, ഹാ, കഷ്ടം!" നാലുപേർചേർന്ന ഗണത്തിലെ മൂന്നാമൻ തടിയുടെ മറുവശത്തു കിടന്നുകൊണ്ടു് "ഈ പട്ടികൾക്കു ഹാ, കഷ്ടം!" എന്നിങ്ങനെ ഏററുപറഞ്ഞു. നാലാമനും പല്ലവി മൂളി.

ഏതാനും നിമിഷങ്ങൾ നിശ്ശബ്ദതയിൽ കഴിഞ്ഞു. "ഇനി തനിക്കു എത്രകാലംകൂടി വേണം?" യോനാ ചോദിച്ചു. കൊരടാവു് അടിയേററവൻ പകുതി നിവർന്നിരുന്നു; അനന്തരം പുറംതുലാത്തിൽ താങ്ങി ചാഞ്ഞു. "ഞാൻ ദിവസങ്ങൾ എണ്ണി കണക്കു കൂട്ടാറില്ല. അങ്ങിനെ ചെയ്തിരുന്നെങ്കിൽ പണ്ടേ എനിക്കു് ഭ്രാന്തുപിടിച്ചേനെ. കണക്കു കൂട്ടിയാലും വിശേഷമൊന്നുമുണ്ടാകയില്ല. ഞാൻ സ്വയം സ്വതന്ത്രനാകുന്നതുവരെ ഇതിന്നവസാനം വരികയില്ല. ഏതെങ്കിലും ഒരു ദിവസം ഞാൻ ഇവരിൽ ഒരുവന്റെ തലമണ്ട പൊളിക്കും. എന്നെ ഉടൻ വലിച്ചു് കപ്പലിലേക്കയക്കുകയോ കുരിശിൽ തറയ്ക്കുകയോ ചെയ്തില്ലെങ്കിൽ ഈ തുലാത്തിന്നടിയിൽതന്നെ ചത്തുവീഴേണ്ടിവരും."

"ഞാൻ സ്വയം സ്വതന്ത്രനാകുന്നതുവരെ," യോനാ മെല്ലെ പൊറുപൊറുത്തു. ആ വാക്കുകൾ ഒരു ദീർഘശ്വാസംപോലെ തോന്നി. തുലാത്തിന്റെ മറുവശത്തുണ്ടായിരുന്ന ഇവരുടെ കൂട്ടുകാരിരുവരും കിതച്ചുകൊണ്ടിരുന്ന തടവുകാരനെ വിസ്മയപൂർവ്വം നോക്കിക്കൊണ്ടിരുന്നു. അരിഷ്ടതകൊണ്ടു് മരവിച്ചിരുന്ന അവരുടെ ആത്മചൈതന്യത്തെ തട്ടിയുണർത്തിയ വാക്കുകളാണല്ലോ അയാൾ ഉച്ചരിച്ചതു്. ആ വാക്കുകൾ അവരുടെ വാടിത്തളർന്ന കണ്ണുകളിൽ തെല്ലു് പ്രഭയുളവാക്കി. അതു ഒരു നിമിഷത്തേക്കുമാത്രം. അടുത്ത ക്ഷണം അവർ പിൻപോട്ടു ചാഞ്ഞു; കണ്ണുകൾ നിഷ്പ്രഭങ്ങളാകുകയും ചെയ്തു.

"ഞാൻ സ്വയം സ്വതന്ത്രനാകുന്നതുവരെ" അവരിൽ പ്രായംകൂടിയ ആൾ, ഊഹാതീതമായി കൃശഗാത്രൻ, പ്രസ്തുത വാക്കുകൾ അവയുടെ അർത്ഥം തന്നിൽ അടിച്ചിറക്കുവാനെന്നവിധം താണസ്വരത്തിൽ ഉരുവിട്ടു. അനന്തരം പ്രസ്താവിച്ചു: "ബുദ്ധിശൂന്യമായ ചിന്ത! നമ്മൾ ഇതാ ഇവിടെ ചങ്ങലകൊണ്ടു് ബന്ധിതരായിരിക്കുന്നു. ചുററും പട്ടാളക്കാരുമുണ്ടു്. അതേപ്പററി ചിന്തിക്കുകതന്നെ ഭ്രാന്താണു്." എസ്രാ നാമധാരിയായ ആൾ കഷ്ടിച്ചു് ഇരിക്കുന്ന ഭാവത്തിൽ അവയവങ്ങളെ വലിച്ചുറപ്പിച്ചിട്ടു യോനായുടെ നേരെ തിരിഞ്ഞു് പറഞ്ഞു: "ഭ്രാന്തോ? എങ്ങനെയാണു് ഭ്രാന്താകുക? ഇതുവരെ ആരും ശ്രമിച്ചില്ലാ എന്നതുകൊണ്ടോ? അക്കാരണത്താൽ അതു് അസാദ്ധ്യമാകു

(തുടരും)

---

നയിക്കാനനുവദിക്കപ്പെടേണ്ട ഒന്നാണു് വിവാഹജീവിതം.

അമേരിക്കയിലെ സാമൂഹ്യജീവിതവും, കേരളത്തിലെ ജീവിതരീതിയും തമ്മിൽ ചില കാര്യങ്ങളിൽ വളരെ അന്തരമുള്ളതുകൊണ്ടു്, മുകളിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങളെല്ലാം നമുക്കു സ്വീകാര്യമോ, നമ്മുടെ നാട്ടിൽ പ്രായോഗികമോ ആയിരില്ലെന്നുവരാം. എങ്കിലും അവയിൽ പലതും നമ്മുടെ അമ്മായിയമ്മമാരുടെയും മരുമക്കളുടെയും ശ്രദ്ധയിൽ പെടുന്നതു നന്നായിരിക്കും.



ന്നില്ല. നമ്മുടെ ഭീരുത്വം തെളിയുന്നേയുള്ളു. വൈകുന്നേരം നമ്മുടെ ചങ്ങല അഴിച്ചു നമ്മെ തടവുമുറികളിലേക്കു കൊണ്ടുപോകുമ്പോൾ എന്തുകൊണ്ടു് നാം നമ്മുടെ മല്ലന്മാരുടെ നേരെ തിരിഞ്ഞു് അവരെ കൊന്നൊടുക്കുന്നില്ല? അല്ലെങ്കിൽ അതിരാവിലെ ഇങ്ങോട്ടവർ നമ്മളെ അടിച്ചുകൊണ്ടുപോരുമ്പോൾ? നാല്പതിന്നെതിരായി ഇരുന്നൂറാണെന്നോർമ്മിക്കണം. ഇതാണോ ഭ്രാന്തു്? അവർ നമ്മിൽ ഒരു നൂറുപേരെ കൊന്നുകളയുമായിരിക്കാം. അപ്പോൾ ബാക്കിയുള്ള നൂറുപേർ സ്വാതന്ത്ര്യരാകുകയും ജീവിക്കുകയും ചെയ്യുമല്ലോ."

"താൻ പറയുന്നതു് തനിക്കു തന്നെ വിശ്വാസമില്ലാത്ത കാര്യമാണു്", എസ്രാം" മെലിഞ്ഞ മനുഷ്യൻ പറഞ്ഞു "നാം ജയിച്ചു എന്നിരിക്കട്ടെ, പിന്നീടു് എവിടെച്ചെന്നൊളിക്കാനാണു്? ലോകം മുഴുവനും റോമന്മാരുടെ വകയായി. താൻ പറഞ്ഞ കാര്യത്തെപ്പറ്റി വിചാരിക്കുക, ഭ്രാന്താണെന്നു ഞാൻ വീണ്ടും പറയുന്നു."

"ഹാ! ശുദ്ധൻ, ഞാൻ തന്നോടു പറയുന്നു, തനിക്കു് ഭ്രാന്താണു്, നിങ്ങൾക്കെല്ലാവർക്കും ഭ്രാന്തു പിടിച്ചിരിക്കുകയാണു്. റോമന്മാർ ലോകം മുഴുവൻ സ്വന്തമാക്കിയിരിക്കുന്നുവെന്നാണോ താൻ പറഞ്ഞതു്? അതു ശരിയല്ല. അവരുടെ അമ്പുകൾ പായുന്നിടത്തോളം, അവരുടെ കുന്തങ്ങൾ കയറുന്നിടത്തോളം മാത്രമുള്ള ലോകം അവരുടെ വകയാണു്. അതിന്നപ്പുറം അല്ലാ. ഉദയംനോക്കി ഏതാനും ദിവസങ്ങൾ സഞ്ചരിച്ചാൽ അവരുടെ ശക്തിയും അസ്തമിക്കും. മരുഭൂമിയുടെ അതിരുവരെ എത്തുവാൻപോലും അവർ തുനിഞ്ഞിട്ടില്ലാ."

"മരുഭൂമി! അവിടെ ചെന്നു നമ്മൾ എന്തുചെയ്യാനാണു്? ഇവിടെ കിടന്നു് വിശന്നും പൊരിഞ്ഞും മരിക്കുകയല്ലേ അതിലും ഭേദം?"

"അതേ, ഈ പുറജാതികളുടെ കൊരടാവോറു്! ഞാൻ കാര്യം തുറന്നുപറയാം. മരുഭൂമിയിൽ ചെന്നു സ്വതന്ത്രനായി പൈദാഹങ്ങൾ സഹിക്കുക. നമ്മുടെ ഇവിടത്തെ ബന്ധനത്തെപ്പറ്റി ഞാൻ പറയുന്നില്ല. വിശുദ്ധനഗരത്തിൽ ഈ പട്ടികളെ കാണാനിടയാകുന്നതിൽ ആയിരമിരട്ടി നന്നായിരിക്കും, സംശയമില്ലാ. ഒന്നുകൂടി പറയാം യെറുശലേമിനും യൂദെയായ്ക്കും മോചനം കിഴക്കുനിന്നു തന്നെയുണ്ടാകും. ബാറബാസ് എന്ന പേരു താൻ കേട്ടിട്ടില്ലേ?" (തുടരും)

## അടുത്തയാഴ്ചയിൽ

ജനുവരി
13 വ്യാ: വി. വെറോനിക്ക
14 വെ: വി. ഹിലാരിയൂസ്
15 ശ: വി. മാവുരൂസ്
16 ഞാ: ദനഹാ 2-ാം ഞായർ ഈശോ എന്ന തിരുനാമം
17 തി: വി. പത്രോസിന്റെ റോമാ സിംഹാസനം
18 ചൊ: വി. അന്തോനി
19 ബു: വി. കനൂട്ട്

## വിവാഹം

പൊൻകുന്നം: തമ്പലക്കാട്ട ഇടവകയിൽപെട്ട വട്ടക്കാട്ട് ശ്രീ വി. ജെ ചാക്കോ വൈദ്യൻ അവർകളുടെ പുത്രൻ പാപ്പച്ചനും, മണ്ണാത്തൂർ ഒലിയാക്കാട്ട ശ്രീ ആഗസ്തി ചാണ്ടി അവർകളുടെ പുത്രി ത്രേസ്യാക്കുട്ടിയും തമ്മിലുള്ള വിവാഹം 3-ാംനു- രാവിലെ സ്ഥലം തിരുക്കുടുംബദേവാലയത്തിൽ വച്ചു് റവ. ഫാദർ ജോസഫ് വട്ടക്കാട്ട് അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടിരിക്കുന്നു.

# വിവിധവൃത്താന്തങ്ങൾ

## ലെക്കാറോ ഗ്രാമം സജീവമായി

ഇറ്റലിയുടെ ക്ലേശപൂർണ്ണമായ ഗ്രാമപ്രദേശങ്ങളിൽ കത്തോലിക്കാസഭ നിർവ്വഹിക്കുന്ന സാമൂഹികസേവനങ്ങൾക്കു ഒരു പുതിയ ദൃഷ്ടാന്തമാണു് കഴിഞ്ഞ മാസത്തിൽ ബൊളോഞ്ഞായിൽ ലെക്കാറോ ഗ്രാമം എന്നറിയപ്പെടുന്ന സ്ഥലത്തു നിർവ്വഹിക്കപ്പെട്ട "നവദമ്പതിഗ്രാമോ"ൽഘാടനം. വിശ്വവിഖ്യാതനായ കർദ്ദിനാൾ ലെക്കാറോയുടെ മുമ്പിൽ വിനയാന്വിതം നമ്രശിരസ്കരായ 19 നവദമ്പതിദ്വയങ്ങൾ ആനയിക്കപ്പെട്ടു. ഓരോ വരനും തിരുമേനി ഒരു വേദപുസ്തകവും ഒരു മാതൃസ്വരൂപവും ഒരുകൂട്ടം താക്കോലുമാണു് സമ്മാനിച്ചതു്. നവദമ്പതികൾ ലെക്കാറോ ഗ്രാമത്തിൽ സജ്ജമാക്കിയിരുന്ന 19 നവഭവനങ്ങളിലേക്കു പ്രവേശിച്ചു. സാമൂഹികസേവനത്തിന്റെ ഈ രംഗത്തിൽ 19 കുടുംബങ്ങൾ അവരുടെ സ്വൈര്യജീവിതത്തിനുള്ള സൗകര്യങ്ങളാൽ അനുഗൃഹീതരായിരിക്കുന്നു. അടുത്ത ഡിസമ്പർ 8-ാം തിയതിക്കുമുമ്പു 40 വീടുകളും 74 എടുപ്പുകളും 376 മുറികളും വാസയോഗ്യമാക്കി ഗ്രാമസംവിധാനം പൂർത്തിയാക്കണമെന്നാണു് പ്ലാൻ ചെയ്തിട്ടുള്ളതു്. കർദ്ദിനാളിന്റെ ഈ പദ്ധതി പൂർത്തിയാകുമ്പോൾ നവദമ്പതിമാരുടെ പ്രത്യാശാപൂർണ്ണമായ കുടുംബജീവിതം നിർവ്വഹിയാകുന്ന ആ ഗ്രാമം സജീവമായിക്കഴിയും.

## സാർവ്വലൗകികകത്തോലിക്കാ യുവജനസംഘടനാ പ്രസിഡന്റ്

റോമിൽവച്ചു നടന്ന ഒരു കോൺഗ്രസ്സിൽവച്ചു അഖിലലോകകത്തോലിക്കാ യുവജനസംഘടനയുടെ പ്രസിഡന്റായി ജർമ്മൻ കത്തോലിക്കാ യുവജനസംഘടനയുടെ പ്രസിഡന്റായ ഡോക്ടർ ഹെയിൻസ് കോപ്ലർ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇറ്റലിക്കാരനായ ഡോക്ടർ പോൾ തർമിനിയാണു് ജനറൽ സിക്രട്ടറിപദത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്. അഖിലലോക കത്തോലിക്കാ യുവജനസംഘടനയും, സാർവ്വലൗകിക കത്തോലിക്കാ ചലച്ചിത്ര ഓഫീസും, അഖിലലോക കത്തോലിക്കാ അദ്ധ്യാപകയൂണിയനുമാണു് യുണെസ്ക്കോവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഉപദേശകസ്ഥാനമർഹിക്കുന്ന സംഘടനകൾ.

## സ്ലോവാക്കിയായിലെ മതമർദ്ദനം

സ്ലോവാക്കിയായിലുള്ള 4000 സന്യാസസഭാംഗങ്ങളിൽ പകുതിയിലധികവും അടിമവേല ചെയ്യിക്കുന്ന താവളങ്ങളിലേക്കു മാറ്റപ്പെട്ടിരിക്കുകയാണു്. ആകെയുള്ള 400 ഇടവകവൈദികരിൽ 350-ം പണ്ടു സന്യാസമന്ദിരങ്ങളായിരുന്ന കെട്ടിടങ്ങളിൽ തടവുകാരായി പാർപ്പിക്കപ്പെട്ടിരിക്കുന്നു. അവിടെയുണ്ടായിരുന്ന 331 സന്യാസഭവനങ്ങളും, 1800 പ്രൈമറിവിദ്യാലയങ്ങളും, 39 ഗ്രാമർ സ്കൂളുകളും കമ്മ്യൂണിസ്റ്റുകൾ കൈയടക്കി. 4 മെത്രാന്മാർ തടവിലാണു്; രണ്ടുപേരെ നാടുകടത്തി; 3 പേർ വീട്ടുതടങ്കലിൽ കഴിയുന്നു. ആസ്ട്രിയൻ കാത്തലിക്കു് ന്യൂസ് സർവിസ് നടത്തിയ ഒരു അന്വേഷണത്തിന്റെ ഫലമായിട്ടാണു് ഈ വിവരങ്ങൾ പരസ്യമാക്കപ്പെട്ടിരിക്കുന്നതു്.

## വിശുദ്ധ സ്ഥലത്തു പുതിയ ദേവാലയം

നസ്രത്തിൽ പരിശുദ്ധ കന്യകാമറിയത്തോടു് മാലാഖ മംഗലവാർത്ത അറിയിച്ചതിന്റെ സ്മരണയെ നിലനിർത്തുന്ന ഇപ്പോഴുള്ള ദേവാലയം 1730-ൽ ഫ്രാൻസിസ്കൻ സന്യാസികൾ ഏഴുമാസംകൊണ്ടു് ധൃതിയിൽ പണിതീർത്തതാണു്. 12-ാം നൂറ്റാണ്ടിൽ കുരിശുയോദ്ധാക്കളാണു് അതിനുമുമ്പുണ്ടായിരുന്ന ബസ്സിക്കാദേവാലയം അവിടെ പണികഴിപ്പിച്ചതു്. 4-ാം നൂറ്റാണ്ടിൽ പണിയപ്പെട്ട ചരിത്രപ്രസിദ്ധമായ ആദ്യദേവാലയമാണു് ഈ സ്ഥാനത്തെപ്പറ്റിയുള്ള പ്രമാണം. ഇപ്പോൾ നിലവിലുള്ള ദേവാലയം പൊളിച്ചുപണിയുന്നതിനു രണ്ടുദ്ദേശങ്ങളുണ്ടു്. ഒന്നാമതായി നിലവിലുള്ള ദേവാലയം അത്യധികം ധൃതിയിൽ പണിതീർത്തതൊന്നായതുകൊണ്ടു് സുരക്ഷിതമല്ല. തുർക്കികളുടെ മേധാവിത്വം നിലവിലിരുന്ന അക്കാലത്തു സന്ദർഭികമായി ലഭിച്ച ഒരു സമാധാനാവസരത്തെ ഈ പണിക്കുവേണ്ടി ഉപയോഗിച്ചുവെന്നു മാത്രമേ അർത്ഥമുള്ളു. രണ്ടാമതായി ഇന്നത്തെ അവിടത്തെ രാഷ്ട്രീയമായ സാഹചര്യങ്ങളിൽ ബഹുഭൂരിപക്ഷം തൊഴിലാളികളും വേലയില്ലാതെ വിഷമിക്കുകയാണു്. "നസ്രത്തിൽതന്നെ മൂന്നിലൊരു ഭാഗം തൊഴിലാളികൾക്കു ജോലിയില്ലെന്നും 21,000 വരുന്ന ജനസംഖ്യയിൽ മൂന്നിലൊരുഭാഗം ഭക്ഷണദാരിദ്ര്യത്താൽ വലയുകയാണെന്നും കൃത്യമായ കണക്കുകളും സ്ഥിതിവിവരറിപ്പോർട്ടുകളും തെളിയിക്കുന്നു. അതുകൊണ്ടു് ഈ തീരുമാനം ദുരിതനിവാരണപരമായി വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രത്യേക അവസരത്തിലാണു് ചെയ്യപ്പെട്ടിട്ടുള്ളതു്" എന്നാണു് ഗലീലിയിലെ പാത്രിയാർക്ക വികാരിയായ മോൺ: അന്തോണി വെർഗാനി തിരുമേനി പ്രസ്താവിച്ചിട്ടുള്ളതു്. പരിസരങ്ങളിലുള്ള ചെറുകെട്ടിടങ്ങളെല്ലാം നീക്കിക്കഴിഞ്ഞു. നിലവിലുള്ള പള്ളിയുടെ പൊളിക്കൽ ഉടനെ സമാരംഭിക്കുന്നതാണു്. ജെറുസലേമിലെ ലത്തീൻ പാത്രിയാർക്കു ഗേറി മെത്രാപ്പോലീത്തായാണു് പുതിയ ബസ്സിക്കായുടെ അടിസ്ഥാനക്കല്ലു ആശീർവ്വദിച്ചതു്.

## ചൈനീസ് വനിതകൾ സധീരം എതിർത്തു

ചൈനയിൽ ടാമിംഗു മിഷനിൽ ജോലിചെയ്തിരുന്ന രണ്ടു ഈശോസഭക്കാരായ വൈദികരെ പുറംതള്ളുന്നതിനു അവിടത്തെ കമ്മ്യൂണിസ്റ്റുകൾ ഒരു നവീകരണഗ്രൂപ്പുമൂലം നടപടികളെടുത്തു. അപ്പോൾ അവിടത്തെ കത്തോലിക്കാ വനിതകൾ പ്രതിഷേധിച്ചു് ഒരു റാലി സംഘടിപ്പിക്കുകയും നവീകരണഗ്രൂപ്പുകാരെ പിരിച്ചുവിടുന്നതിനും വൈദികരെ അവരുടെ ജോലി തുടരുന്നതിനനുവദിക്കുന്നതിനും കമ്മ്യൂണിസ്റ്റധികാരികളെ നിർബ്ബന്ധിക്കുകയും ചെയ്തു. അതിന്റെ ഫലമായി പ്രസ്തുതവൈദികർ ഏതാനും മാസക്കാലത്തേക്കു അവരുടെ ജോലി തുടർന്നുവന്നു. പന്ത്രണ്ടു പ്രമുഖ കത്തോലിക്കരെ ദിനംതോറും ആറുമാസക്കാലത്തേക്കു് അവർ ദുരുപദേശംചെയ്തു വശത്താക്കുന്നതിനു ശ്രമിച്ചുവെങ്കിലും അവർ വൈദികർക്കെതിരായി ഒന്നും പറയുന്നതിനു സമ്മതിച്ചില്ല. ഫാദർ സ്റ്റീവൻ ജാസ്സോം എസ്. ജെ., ചെക്കോസ്ലൊവാക്കിയാക്കാരനും, ഫാദർ ജോൺ ടക്കാസ് എസ്. ജെ. ഹംഗറിക്കാരനുമാണു്. അവസാനം ഇപ്പോൾ അവരിരുവരും പുറംതള്ളപ്പെട്ടു. തന്മൂലം ചൈനായിലെ വിദേശീയവൈദികരുടെ സംഖ്യ 61 ആയി കുറഞ്ഞു.

## വിയറ്റ്നാം മതമർദ്ദനത്തെ അപലപിക്കുന്നു

ഐക്യരാഷ്ട്രസംഘടനയിലെ ഫിലിപ്പൈൻസ് പ്രതിനിധിയായ മി. മാവുരോ മെൻഡസ് കഴിഞ്ഞ മാസത്തിൽ ഉത്തരവിയറ്റ്നാമിൽ കത്തോലിക്കർക്കെതിരായി കമ്മ്യൂണിസ്റ്റു ഭരണാധികാരികൾ നടത്തിക്കൊണ്ടിരിക്കുന്ന മതമർദ്ദനനടപടികളെ അതിശക്തിയായി അപലപിച്ചിരിക്കുന്നു. "അവരുടെ ദയനീയസ്ഥിതി ഒരുവിധത്തിലും അവഗണിക്കപ്പെടാവുന്നതല്ല. അതു ജനീവാ സമാധാന ഉടമ്പടിയുടെ ഒരു ലംഘനമാണു്" എന്നത്രെ അദ്ദേഹം പ്രസ്താവിച്ചതു്. തടവുകാരെ മോചിക്കുന്നതിനുപകരം അവരെ തടഞ്ഞുവച്ചിരിക്കുന്നു; അഭയാർത്ഥികളെ കൈയേറ്റം ചെയ്യുന്നു; മാതാക്കളിൽനിന്നു കുട്ടികളെ തട്ടിപ്പറിച്ചെടുക്കുന്നു; അഭയാർത്ഥികളുടെനേരെ വെടിവയ്ക്കുകയും കത്തോലിക്കരെ ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനു നിരോധിക്കുകയും ചെയ്യുന്നുവെന്നാണു് മി. മെൻഡസ് കമ്മ്യൂണിസ്റ്റുകളുടെമേൽ കുറ്റം ആരോപിച്ചതു്. "ഞാൻ ഈ വാദം കൊണ്ടുവരുന്നതിനു നിർബന്ധിക്കപ്പെട്ടിരിക്കുന്നതു്, പ്രവൃത്തികൾ വഴിയായിട്ടുള്ള സമരത്തേക്കാൾ വാക്കുകൾ കൊണ്ടുള്ള സമരമാണല്ലോ കൂടുതൽ സ്വീകാര്യമെന്നു തോന്നുന്നതുകൊണ്ടാണു്. പ്രത്യേകിച്ചും ഇത്തരത്തിലുള്ള പ്രവൃത്തികൾ ഒരു ഭാഗത്തുനിന്നു മാത്രമുണ്ടാകുമ്പോൾ അതു ഊന്നിപ്പറയാതെ കഴിവില്ല" എന്നദ്ദേഹം പ്രസ്താവിച്ചു.

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0

## നിറയൊഴിച്ചു ആൾ മരിച്ചുവീണു

ഫ്റാഞ്ചിൻറാം ചൈനയിൽ ഒരു കമ്മലിത്തമഠത്തിന്റെ കപ്പേളയിൽവച്ചു നടന്ന ഒരു സംഭവം ഒസ്സർവത്തോരെ റൊമാനോ എന്ന വർത്തമാനപത്രത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഒരു കമ്മ്യൂണിസ്റ്റ് പട്ടാളക്കാരൻ മഠത്തിലേക്കു പാഞ്ഞുകയറി. അയാൾ കപ്പേളയിലെത്തിയപ്പോൾ ഒരു സഹോദരി അയാളോടു് ഇതു ദൈവാലയമാണെന്നു പറഞ്ഞു. നിങ്ങളുടെ ദൈവം എവിടെയാണെന്നായി അയാളുടെ ചോദ്യം. സക്രാരിയെ ചൂണ്ടിക്കാണിച്ചിട്ടു സഹോദരി പറഞ്ഞു, അതാ, അവിടെയുണ്ടു് എന്നു്. കമ്മ്യൂണിസ്റ്റുഭടൻ തോക്കുയർത്തി സക്രാരിയെ ലക്ഷ്യമാക്കി നിറയൊഴിച്ചു. സക്രാരിയുടെ വാതിൽ ചിന്നഭിന്നമായി. തിരുവോസ്തികൾ അതിനകത്തു ചിതറപ്പെട്ടു. ഭടനും ഉത്തരക്ഷണത്തിൽ ശവമായി മുന്നോട്ടുമറിഞ്ഞു.

പുസ്തകാഭിപ്രായം

## പ്രഥമദിവ്യകാരുണ്യസ്വീകരണം

(ഗ്രന്ഥകർത്താ: ഫാദർ മാത്യു നടയ്ക്കൽ. പക്ഷം 75 വില 3ണ. 6പ. സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം)

ഇടവകജോലിയിൽ ഇരിക്കുന്ന അച്ചന്മാർക്കു് ഉപയോഗമുള്ള ചെറിയ പുസ്തകങ്ങൾ തുടർച്ചയായി രചിച്ചുകൊണ്ടിരിക്കുന്ന ഒരു കൊച്ചച്ചനാണു് ഫാദർ മാത്യു നടയ്ക്കൽ. കുട്ടികളുടെ കുർബാന, എന്റെ മിത്രം, സുവിശേഷസമാഹാരം, ബാലഗാനങ്ങൾ എന്നിങ്ങനെ പോകുന്നു ആ നീണ്ട ലിസ്റ്റു്. ഇതിൽ "എന്റെ മിത്ര"ത്തെ അധികരിച്ചു നാലഞ്ചു ലേഖനങ്ങൾ സത്യദീപത്തിൽ കണ്ടു. സുവിശേഷസമാഹാരം മൂന്നാം പതിപ്പായി. പതിനായിരക്കണക്കിനു "കുട്ടികളുടെ കുർബാന" ചെലവാകുന്നുവെന്നു കേൾക്കുന്നു. പ്രഥമദിവ്യകാരുണ്യസ്വീകരണവും പൊതുജനങ്ങൾക്കു് ഇഷ്ടപ്പെടും.

ആദ്യകുർബാന സ്വീകരിക്കുന്നവർ മനഃപാഠമാക്കേണ്ട നമസ്കാരങ്ങൾ, പ്രമാണങ്ങൾ, അവയുടെ വ്യാഖ്യാനങ്ങൾ, കുമ്പസാരത്തിനും ദിവ്യകാരുണ്യസ്വീകരണത്തിനും അറിഞ്ഞിരിക്കേണ്ട സംഗതികൾ, ദിവ്യബലിയിൽ സംബന്ധിക്കേണ്ടവിധം, ചരിത്രസംഭവങ്ങൾ, ഗാനങ്ങൾ, ഇങ്ങനെ പ്രഥമദിവ്യകാരുണ്യസ്വീകരണം സംബന്ധിച്ചു കുട്ടികൾ അറിഞ്ഞിരിക്കേണ്ട സകല സംഗതികളും ചേർത്താണു് ഈ പുസ്തകം രചിച്ചിരിക്കുന്നതു്. വേദോപദേശവും ധ്യാനോപദേശവും സമ്മേളിച്ചിട്ടുണ്ടു് ഈ പുസ്തകത്തിൽ. പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു കുട്ടികളെ ഒരുക്കുന്ന അദ്ധ്യാപകന്മാർ ഈ പുസ്തകം ഒരമൂല്യനിധിയായി പരിഗണിക്കും. ഫാദർ നടയ്ക്കലിന്റെ സാഹിത്യപരിശ്രമങ്ങൾക്കു സകല വിജയങ്ങളും ആശംസിക്കുന്നു.

(T. M.)

## ചരമവാർത്തകൾ

ചിറ്റാട്ടുകര: ചിറ്റിലപ്പിള്ളി ഉട്ടുപ്പുണ്ണി വറീതു് അവർകളുടെ മാതാവു് ശ്രീമതി കുഞ്ഞന്നം 94-ാം വയസ്സിൽ ഡിസ. 11-ാം നു- ശനിയാഴ്ച ഉച്ചതിരിഞ്ഞു് നിര്യാതയായി. പിറേറന്നു കാലത്തു് തൃശ്ശിവപേരൂർ മെത്രാൻ തിരുമനസ്സുകൊണ്ടു് പരേതയുടെ വീട്ടിൽ വന്നു് ഒപ്പീസ് മുതലായ തിരുകർമ്മങ്ങൾ നടത്തി. വിലാപയാത്രയിൽ ഒട്ടേറെ വൈദികരും വമ്പിച്ചൊരു ജനാവലിയും സംബന്ധിച്ചു വീട്ടിൽവെച്ചു് റവ. ഫാ. മാർട്ടിൻ റ്റി. ഒ സി. ഡി.യും പള്ളിയിൽവെച്ചു് റവ. ഫാ. അഡോൾഫസ് റ്റി. ഒ. സി. ഡി. ബി. എ ബി. റ്റി.യും ചരമപ്രസംഗങ്ങൾ നടത്തി. പ്രത്യേകമായി സജ്ജമാക്കിയ കല്ലറയിൽ മൃതദേഹം അടക്കപ്പെട്ടു. തുടർന്നു് സാധുക്കൾക്കു് ദ്രവ്യദാനവും നൽകുകയുണ്ടായി.

ഉപ്പുതറ: ഈ ഇടവക പുളിക്കൽപറമ്പിൽ റോസ തന്റെ 32-ാമത്തെ വയസ്സിൽ ക്ഷയരോഗം നിമിത്തം അന്ത്യകൂദാശകൾ സ്വീകരിച്ചു് 1954 ഡിസമ്പർ 31-ാം നു- നിര്യാതയായി. 1955 ജനുവരി 1-ാം തിയതി ശനിയാഴ്ച രാവിലെ സ്ഥലംസിമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു. R. I. P.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam—I

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 | ERNAKULAM, JANUARY 12 | No. 21


# യഥാർത്ഥമായ സഹവർത്തിത്വത്തെ മാർപ്പാപ്പാ വിശദീകരിക്കുന്നു

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ 16 കൊല്ലത്തെ തിരുസഭാഭരണത്തിനിടയിൽ ഓരോ ക്രിസ്തുമസ്സ് ദിനത്തിലും അന്നന്നത്തെ പ്രമുഖപ്രശ്നങ്ങളെ ബത്ലഹേമിന്റെ ദിവ്യപ്രകാശത്തിൽ ലോകത്തെ ഉൽബോധിപ്പിക്കുക മുടങ്ങാത്ത ഒരു പതിവാണ്. അതനുസരിച്ച് ഇക്കൊല്ലവും അവിടുന്നു ഗൗരവാവഹമായ ഈ കൃത്യത്തിലേർപ്പെട്ടു. എന്നാൽ അപ്രതീക്ഷിതമായി അവിടുത്തെ ബാധിച്ച അതിഗൗരവമായ ആലസ്യം നിമിത്തം പ്രസ്തുത ശ്രമം യഥാവസരം പൂർത്തിയാക്കുന്നതിനു തിരുമനസ്സിലേക്കു കഴിഞ്ഞില്ല. എങ്കിലും രോഗക്കിടക്കയിൽനിന്നു ക്രിസ്തുമസ്സിനു തലേദിവസം പൈതൃകമായ ഒരു ലഘുസന്ദേശം പ്രക്ഷേപണം ചെയ്യുകയും ക്രിസ്തുമസ്സ് ദിനത്തിൽ ക്ഷീണിതനായ തിരുമേനി രോഗമുറിയുടെ ജനാലയ്ക്കൽ പ്രത്യക്ഷപ്പെട്ടു ജനതയെ ആശീർവ്വദിക്കുകയും ചെയ്തു. ദൈവാനുഗ്രഹംകൊണ്ട് അവിടുത്തെ ആലസ്യത്തിനു അല്പാല്പം ശമനം കണ്ടുകൊണ്ടിരിക്കുന്ന ഈ ദിവസങ്ങളിൽ, ജനക്ഷേമത്തെ മാത്രം ലാക്കാക്കി ജീവിക്കുന്ന ആ ധാർമ്മികസമ്രാട്ട് അവിടുത്തെ പ്രശസ്തമായ ക്രിസ്തുമസ് സന്ദേശം പൂർത്തിയാക്കി ലോകത്തിനു പ്രദാനം ചെയ്തിരിക്കുന്നു. 7000 വാക്കുകളടങ്ങിയ ഈ സന്ദേശം സ്വയം പ്രക്ഷേപിക്കുന്നതിനുള്ള ആരോഗ്യം അവിടുത്തേക്കു കൈവന്നിട്ടില്ലാത്തതുകൊണ്ട് തിരുമേനിക്കു പകരം അതു പ്രക്ഷേപിക്കപ്പെടുകയാണുണ്ടായത്. ഇന്നു ലോകശ്രദ്ധയെ ഹഠാദാകർഷിച്ചുകഴിഞ്ഞിരിക്കുന്ന "സഹവർത്തിത്വ" പ്രശ്നത്തെയാണ് പരിശുദ്ധ മാർപ്പാപ്പാ അവിടുത്തെ സന്ദേശത്തിൽ സമ്യക്കായി പ്രതിപാദിച്ചിട്ടുള്ളത്.

## സത്യബന്ധം

ക്രിസ്തുമസ്സിനു തലേദിവസം പ്രക്ഷേപണം ചെയ്ത ലഘുസന്ദേശത്തിൽ "ബത്ലഹേമിലെ തത്വങ്ങളു"ടെ അടിസ്ഥാനത്തിൽ എല്ലാ രാഷ്ട്രങ്ങളും സമാധാനപരമായി സഹവർത്തിക്കണമെന്നു ചുരുക്കമായി തിരുമേനി ആഹ്വാനം ചെയ്തിരുന്നു. ആ തത്വത്തിന്റെ വിശദമായ ഒരു വിശദീകരണമാണ് ഈ സന്ദേശം. "ശീതസമര"മെന്നു ബഹുജനങ്ങൾ വിളിച്ചുപോരുന്ന അസ്വാസ്ഥ്യതയുടെയും വിപത്തിന്റെയും ശോചനീയമായ സ്ഥിതിവിശേഷത്തെ നിർമ്മാർജ്ജനം ചെയ്യുന്നതിനു പ്രാചിയും പ്രതീചിയും തമ്മിൽ സത്യത്തിന്റെ ഒരു ബന്ധം (Bridge of Truth) നിർമ്മിക്കപ്പെടണമെന്നു ആദ്യമായി അവിടുന്നുൽബോധിപ്പിച്ചു. റഷ്യൻബ്ലോക്കും പാശ്ചാത്യബ്ലോക്കും തമ്മിൽ ദൃശ്യമാകുന്ന സഹവർത്തിത്വമനോഭാവത്തിന്റെ ഫലമായി യഥാർത്ഥമായ സമാധാനം സംജാതമാകുമെന്നു കുറച്ചൊരു പ്രത്യാശയ്ക്കു വകയുണ്ട്. പക്ഷെ അതു സഫലമാകുന്നതിനു പ്രസ്തുതഗവർമ്മേണ്ടുകളോ സാമൂഹിക ക്രമങ്ങളോ തമ്മിൽ മാത്രമല്ല, ഈ ഇരു ബ്ലോക്കുകളിലും നിവസിക്കുന്ന മനുഷ്യർ തമ്മിലാണ് സത്യത്തിന്റെ ഒരു ബന്ധം—പാലം—ഉണ്ടാകേണ്ടത്. ഒരു സാമൂഹിക വ്യവസ്ഥിതിയും പ്രായോഗികക്രമവുമെന്ന നിലയിൽ കമ്മ്യൂണിസം തികച്ചും അപലപനീയമായ ഒരു നിഷിദ്ധ പ്രസ്ഥാനമാണ്. പാശ്ചാത്യരാജ്യങ്ങളും അവയുടെ ഭരണാധികാരികളും അവരുടെ നയാദർശങ്ങളെയും നിഷ്കർഷയായി പുനഃപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. സാമൂഹിക ജീവിതരംഗത്തിലുള്ള ധാർമ്മികമായ ബാദ്ധ്യതകളെ അംഗീകരിക്കാത്ത രാജ്യതന്ത്രജ്ഞന്മാരെ തിരുമേനി അപലപിച്ചു. കമ്മ്യൂണിസ്റ്റു കക്ഷി വിജയിക്കുന്നതായി കണ്ടാൽ അവരുടെ ചേരിയിലേക്കു കാലുമാറാൻ സന്നദ്ധരായ അക്കൂട്ടരുടെ നിലപാടു ആക്ഷേപാർഹമാണെന്നു അവിടുന്നു വിശദമാക്കി.

## ത്രിവിധ സഹവർത്തിത്വം

പരിശുദ്ധ പിതാവു സന്ദേശത്തിന്റെ ആമുഖത്തെ തുടർന്നു മൂന്നദ്ധ്യായങ്ങളിലായി സഹവർത്തിത്വത്തിന്റെ മൂന്നു ഭാവങ്ങളെയാണ് പ്രതിപാദിച്ചിരിക്കുന്നത്. ഭീതിയിലുള്ള സഹവർത്തിത്വം (Coexistence in Fear). അബദ്ധത്തിലുള്ള സഹവർത്തിത്വം (Coexistence in Error), സത്യത്തിലുള്ള സഹവർത്തിത്വം (Coexistence in Truth), ഇങ്ങനെയാണ് വിഭജിച്ചിരിക്കുന്നത്. മത്സരകക്ഷികൾ തമ്മിലുള്ള വൈരുദ്ധ്യത്തിനു മാററുകുറഞ്ഞ ഒരു കാലഘട്ടം ആവിർഭവിച്ചിരിക്കുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. തന്മൂലം ശീതസമരം ഇന്നൊരു ശീതസമാധാനത്തിലേക്കു നീങ്ങിയിരിക്കുകയാണത്രെ. അവർ പരസ്പരം നീണ്ടൊന്നു നിശ്വസിക്കുന്നതിനു ഇടനൽകിയിരിക്കുന്നു. സമാധാനത്തിന്റെ ശ്രമകരമായ പരിപാകതയിലേക്കുള്ള ചെറുതായൊരു പുരോഗതിയാണ് ഇതെന്നു സമ്മതിക്കാമെങ്കിലും, ബെത്ലഹേമിലെ ആദർശത്തിനനുഗുണമായ ഒരു ദാനമായി അതിനിയും ഉന്നമിച്ചിട്ടില്ല. ശീതസമാധാനം ഒരു താല്ക്കാലിക ശാന്തതമാത്രമാണ്. മാറിക്കൊണ്ടിരിക്കുന്ന ഭയവികാരങ്ങളേയും, സ്വാധീനത്തിലുള്ള ശക്തിയുടെ വ്യത്യാസപ്പെടാവുന്ന പരിഗണനകളേയും ആസ്പദിച്ചാണ് അതു നിലകൊള്ളുന്നത്. ഭയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ ശീതസമാധാനത്തിൽ ഒളിഞ്ഞുകിടക്കുന്ന പരമാബദ്ധം ഇതാണ്. രാഷ്ട്രങ്ങൾ യുദ്ധത്തെ ഏററവും വിനാശകരമായ ഒരു വിപത്തെന്ന നിലയിൽ ഭയപ്പെടുന്നതോടൊപ്പം അവരുടെ സർവ്വ പ്രത്യാശയും അതിൽ പ്രതിഷ്ഠിക്കുകയും അവരുടെ ആസ്തിക്യത്തിനുള്ള ഏകാവലംബവും അന്താരാഷ്ട്രീയബന്ധങ്ങളെ ക്രമപ്പെടുത്തുന്നതിനുള്ള ഉപാധിയും അതുമാത്രമാണെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ഏററവുമധികം വെറുക്കപ്പെടുന്നതേതോ അതിൽതന്നെ വിശ്വാസമർപ്പിക്കുന്നു എന്നാണല്ലോ ഇതിന്റെ സാരം. എന്നാൽ ഭീകരതകൊണ്ടുമാത്രം മേധാവിത്വം ഉറപ്പിക്കുന്നതിനു ശ്രമിക്കാതെ, കുറേക്കൂടി ഉയർന്നതും ദയാർദ്രവുമായ രീതിയിൽ യുദ്ധം ഒഴിച്ചുവയ്ക്കുന്നതിനും ശാശ്വതസമാധാനം സംസ്ഥാപിക്കുന്നതിനുംവേണ്ടി മാർഗ്ഗമാരായേണ്ടതല്ലേ എന്നു ഇന്നു പലരും—ഗവർമ്മെൻറുകളുടെ ഉത്തരവാദിത്വം വഹിക്കുന്നവർപോലും—സ്വയം ചോദിച്ചുതുടങ്ങിയിട്ടുണ്ട്.

ബുദ്ധിയുള്ള മനുഷ്യർക്ക് യോജിക്കുന്ന വിധത്തിൽ ഈ പ്രശ്നം ഏവംവിധം സമുന്നതമായ ഒരു വീക്ഷണമാർഗ്ഗത്തിലേക്കെത്തിച്ചതിനുശേഷവും അതിന്റെ കൈകാര്യത്തിൽ അബദ്ധജടിലമായ വേറൊരാദർശം പ്രത്യക്ഷപ്പെട്ടുകാണുന്നു. കഴിഞ്ഞ ഏതാനും വ്യാഴവട്ടക്കാലമായി രാഷ്ട്രീയരംഗത്തു പ്രാമാണ്യം നേടിയിരിക്കുന്ന സിദ്ധാന്തം ഇതാണ്: രണ്ടു രാജ്യങ്ങൾ തമ്മിൽ രമ്യപ്പെടുന്നതിനു സാധിക്കാത്തവണ്ണം തർക്കമുണ്ടായാൽ പരസ്പരയുദ്ധമാണ് അവശ്യവും, അനിവാര്യവും, സ്വാഭാവികവുമായ ഒരംഗീകൃതരാഷ്ട്രീയ നടപടിയെന്നും തന്മൂലം യുദ്ധത്തിനു ധാർമ്മികോത്തരവാദിത്വവുമായി യാതൊരു ബന്ധവുമില്ലെന്നുമാണ് അവരുടെ വാദം. ഇതുപോലെതന്നെ അബദ്ധവും അസ്വീകാര്യവുമായ വേറൊരു വാദഗതിയുണ്ട്: യുദ്ധം പരാജയപ്പെടുന്നുവെങ്കിൽ അതു പ്രഖ്യാപിച്ച ഭരണമേധാവിയെ ഒരു രാഷ്ട്രീയാബദ്ധം പ്രവർത്തിച്ചുവെന്നുള്ള കുററത്തിനർഹനാക്കാം, എന്നല്ലാതെ യാതൊരു കാരണവശാലും അയാളിൽ ധാർമ്മികമായ കുററം ആരോപിക്കപ്പെട്ടുവാൻ പാടില്ലെന്നു, സാദ്ധ്യമായിരുന്നിട്ടുപോലും സമാധാനസ്ഥിതിയെ പാലിക്കുന്നതിനു ശ്രമിക്കാതിരുന്നതു ഒരു തെററായിരിക്കുന്നില്ല എന്നുമാണ് അവരുടെ സിദ്ധാന്തം.

## ഭീതിയിലുള്ള സഹവർത്തിത്വം

പലേ പൊരുത്തക്കേടുകളും ആശങ്കകളും ശീതസമാധാനത്തിൽ ഉൾക്കൊള്ളുന്നുണ്ടെങ്കിലും, അധികൃതമായ ഒരു ധാർമ്മികക്രമത്തിലേക്കുള്ള ആദ്യകാൽവെയ്പുകളുടെയും, നീതിയുക്തവും നീതിരഹിതവുമായ യുദ്ധത്തെ സംബന്ധിച്ചും യുദ്ധോപകരണങ്ങളെ ഉപയോഗിക്കുന്നതിലുള്ള ധാർമ്മികത്വത്തിന്റെയും അധാർമ്മികത്വത്തിന്റെയും വ്യവസ്ഥകളെ സംബന്ധിച്ചും സഭയുടെ സമുന്നതമായ സിദ്ധാന്തങ്ങളുടെ സ്വീകരണത്തിന്റെയും ഒരടയാളമായി അതിനെ പരിഗണിക്കാവുന്നതാണ്. എന്നാൽ മനുഷ്യർ ആത്മാർത്ഥമായും മതപ്രേരകമായ മനോഭാവത്തോടുകൂടിയും യുദ്ധം ധാർമ്മികമണ്ഡലത്തിലെ ഒരു പ്രശ്നമാണെന്നും, അതിന്റെ നിബന്ധനകളെ ലംഘിക്കുന്നതു ശിക്ഷയെ ഒഴിഞ്ഞുമാറുവാൻ സാധിക്കാത്ത ഒരു കുററമാണെന്നും മനസ്സിലാക്കുമ്പോൾ മാത്രമേ ശരിയായ ലക്ഷ്യം പ്രാപിക്കുന്നുള്ളു. സനാതനമായ ധാർമ്മികനിയമസംഹിതയുടെ ശാസനങ്ങൾക്കു തങ്ങളും വ്യക്തിഗതമായ നിലയിൽതന്നെ വിധേയരാണെന്നു ഭരണമേധാവികൾ മനസ്സിലാക്കുകയും, യുദ്ധപ്രശ്നത്തെ ദൈവതിരുമുമ്പാകെ മനസ്സാക്ഷിപരമായ ഉത്തരവാദിത്വം വഹിക്കേണ്ട ഒരു സംഗതിയായി പരിഗണിക്കുകയും ചെയ്യുമ്പോഴാണ് പ്രായോഗികമായി ഈ തത്വം അതിന്റെ ലക്ഷ്യത്തിലെത്തുക. ഇന്നത്തെ ലോകപരിതസ്ഥിതികളിൽ, വേദനാജനകമായ ഈ ദുഃസ്വപ്നങ്ങളിൽനിന്നു ലോകത്തെ മോചിപ്പിക്കുന്നതിനു ദൈവഭയത്തിലേക്കു പ്രത്യാഗമിക്കുകയെന്നതല്ലാതെ മററു മാർഗ്ഗമൊന്നുമില്ലായെന്നു പരിശുദ്ധ പിതാവു ഖണ്ഡിതമായി പ്രസ്താവിച്ചു.

ആകയാൽ ഭീതിയിലുള്ള സഹവർത്തിത്വത്തിന്റെ മുമ്പിൽ രണ്ടു സാദ്ധ്യതകൾ മാത്രമാണു തുറന്നുകിടക്കുന്നത്:- ഒന്നുകിൽ അതു ദൈവഭയത്തിൽ അടിയുറപ്പിച്ചിട്ടുള്ള ഒരു സഹവർത്തിത്വമായി ഉയരുകയും തദ്വാരാ, ദൈവികമായ ഒരു ധാർമ്മികക്രമത്താൽ പ്രചോദിതവും സംരക്ഷിതവുമായ സാക്ഷാത്തായ സമാധാനത്തെ പ്രദാനംചെയ്യുന്ന സഹജീവിതത്തിലേക്കു ചെന്നെത്തുകയും ചെയ്യും; അല്ലെങ്കിൽ അതു അന്താരാഷ്ട്രീയജീവിതത്തിന്റെ മരവിച്ച നിശ്ചലത്വത്തിലേക്കു കൂടുതൽ കൂടുതൽ അധഃപ്പതിച്ചു ശൂന്യമാവുകയും ഉൽഘാതിതമായ ഗൗരവവിപത്തുകളെ സംജാതമാക്കുകയും ചെയ്യും.

## അബദ്ധത്തിലുള്ള സഹവർത്തിത്വം

സാമ്പത്തികമായ അഭിവൃദ്ധിയിൽനിന്നുളവാകുന്ന സമ്മർദ്ദംകൊണ്ടു ശീതസമരത്തിന്റെ കോട്ടകളെ തകർക്കാമെന്നുള്ള രാഷ്ട്രങ്ങളുടെ വ്യാമോഹത്തിന്റെ മിഥ്യയെ പരിശുദ്ധ പിതാവു അവിടുത്തെ സന്ദേശത്തിന്റെ രണ്ടാമത്തെ ഭാഗത്തു വിശദമാക്കി. ഇരുമ്പുമറയ്ക്കകത്തും പുറത്തുമുള്ള അഭിപ്രായഗതികളെ തിരുമേനി നിരീക്ഷിച്ചു. മനുഷ്യൻ ഇന്നഭിമാനംകൊള്ളുന്ന സാങ്കേതികവും സാമ്പത്തികവുമായ അത്ഭുതസിദ്ധികളെ സംജാതമാക്കിയ അവന്റെ കഴിവുകൾതന്നെ മാനവജീവിതത്തിൽ ദൃശ്യമാകുന്ന എല്ലാ കുറവുകളും ക്ലേശങ്ങളും നിർമ്മാർജ്ജനംചെയ്ത് അവനെ സ്വതന്ത്രനാക്കുന്നതിനു പോരുന്ന മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്തുകൊള്ളുമെന്നും ഇപ്രകാരമുള്ള ഒരു ആത്മമോചനത്തിനുവേണ്ടിയാണ് യത്നിക്കേണ്ടതെന്നും ഇരുമ്പുമറയ്ക്കുള്ളിൽ പ്രബോധിപ്പിക്കപ്പെടുന്നു. പുറമെയാകട്ടെ, സമാധാനപ്രശ്നത്തിനുള്ള പരിഹാരം സാമ്പത്തികശാസ്ത്രത്തിൽ കണ്ടെത്തണമെന്നും പ്രത്യേകിച്ചും സ്വതന്ത്ര്യക്കൈമാററക്രമം അതിന്റെ പ്രധാനമാർഗ്ഗമായിരിക്കണമെന്നും വിരുദ്ധശക്തികൾ വാദിക്കുന്നു. ഈ സിദ്ധാന്തങ്ങൾ രണ്ടും ചരിത്രദൃഷ്ടിയിൽതന്നെ അടിസ്ഥാനരഹിതങ്ങളാണെന്നു തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടെന്നു മാർപ്പാപ്പാ പ്രസ്താവിക്കുന്നു. സാമ്പത്തികരംഗത്തെക്കാൾ ലോലതരമായ വേറൊരു കാര്യത്തിലും ശീതസമാധാനത്തിൽ സഹവർത്തിക്കുന്ന ഇരുഭാഗക്കാരും നിപതിക്കുന്നുണ്ട്. ഐക്യത്തിന്റെ കാതലായ തത്വത്തിൽതന്നെയാണു ഈ പ്രമാദം. ഒരു വിഭാഗം അതിന്റെ സുദൃഢമായ ആന്തരിക ഐക്യം അടിയുറപ്പിക്കുന്നതു ദൈവികവും മാനുഷികവുമായ പ്രാഥമികാവകാശങ്ങളെപ്പോലും നിരാകരിക്കുന്ന അബദ്ധജടിലമായ ഒരു ആശയത്തിന്മേലാണ്. പക്ഷെ അതും ഫലദായകമായി കാണുന്നു. മറുവിഭാഗമോ എന്നാൽ യഥാർത്ഥമായ ഒരാദർശം അവർക്കു സ്വായത്തമായുണ്ടെന്നും അതീതകാലങ്ങളിൽ വിജയപ്രദമായി അതു പരീക്ഷിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടെന്നുമുള്ള വസ്തുതയെ വിസ്മരിച്ചിട്ട്, ഐക്യത്തെ പ്രത്യക്ഷത്തിൽ നശിപ്പിക്കുന്ന രാഷ്ട്രീയസിദ്ധാന്തങ്ങളിലേക്കു ചാഞ്ഞുകൊണ്ടിരിക്കുന്നതായിട്ടാണ് കാണുന്നത്. യൂറോപ്പിനെ ഒന്നിപ്പിക്കുന്നതിൽ ചിരകാലമായി പ്രവർത്തിച്ചുപോന്ന ആശയഗതിയിൽ ഇന്നു വലിയ വ്യതിയാനം വന്നിരിക്കുന്നതായി പരിശുദ്ധ പിതാവു ചൂണ്ടിക്കാണിച്ചു. ജീവിതസൗകര്യങ്ങളെ ജനതയ്ക്കു സംസിദ്ധമാക്കുന്നതിനും, പരമ്പരാഗതമായ പരസ്പരഭിന്നതകളെ ദൂരീകരിക്കുന്നതിനും, പരസ്പരസുരക്ഷിതത്വത്തേയും സമാധാനപരമായ പുരോഗതിയേയും നിലനിർത്തുന്നതിനുമുള്ള സഹകരണബോധത്തിൽനിന്നാണ് പണ്ടു യൂറോപ്പിന്റെ ഐക്യം സംജാതമായിരുന്നത്. എന്നാൽ പിന്നീടുള്ള സംഭവങ്ങളും ഇദാനീന്തന നടപടികളും വിപുലമായ ഒരു യൂറോപ്യൻ ഏകീകരണത്തിനു സഹായകമായ രീതിയിലല്ല പ്രവർത്തിച്ചുപോരുന്നത്. ഒരു ശീതസമാധാനം മാത്രമാണ് അതിന്റെ പരിണതഫലം. അതിൽതന്നെ പരിമിതങ്ങളും, അതു ഏതു കക്ഷിയിൽ ചേരുന്നു എന്നു നിർണ്ണയിക്കാതെ സ്വയം കേന്ദ്രീകൃതമായും നിലകൊള്ളുന്ന നാഷനൽ സ്റ്റേററ് ആശയത്തിലേക്കു മടങ്ങണമെന്നാണ് പല രാജ്യങ്ങളുടേയും ഉദ്ദേശം. ഈവക രാജ്യങ്ങൾക്കു എത്രയേറെ മാനവജീവിതങ്ങളേയും സാമ്പത്തികനേട്ടങ്ങളേയും ബലിയർപ്പിക്കേണ്ടിവന്നുവെന്നും ഭൗതികമായും ആദ്ധ്യാത്മികമായും എത്ര ദാരുണമായ ക്ലേശങ്ങൾ വഹിക്കേണ്ടിവന്നുവെന്നും അവർ വിസ്മരിച്ചുകളയുന്നു. നാഷനൽ സ്റ്റേററുകളുടെ ആദർശത്തെ അനുഗമിച്ചു യൂറോപ്പു മുന്നോട്ടുപോവുകയാണെങ്കിൽ അതിന്റെ ഐക്യശക്തി ക്ഷയിക്കുകയും എതിർശക്തിക്കു അടിപ്പെടേണ്ടിവരികയും ചെയ്യുന്നതാണ്. അതുകൊണ്ടു ഇരുമ്പുമറയ്ക്കകത്തു ബോധപൂർവ്വകമായിട്ടല്ലെങ്കിലും സുശക്തമായ വിധത്തിൽ സംഘടിപ്പിക്കപ്പെടുന്ന ഐക്യശക്തിയെ എതിരിടണമെങ്കിൽ യൂറോപ്യൻ രാജ്യങ്ങൾ സ്വപ്നലോകത്തിൽനിന്നിറങ്ങി യാഥാർത്ഥ്യങ്ങളെ നേരിടുന്നതിനും ഐക്യബോധത്തെ ആത്മാർത്ഥമായി പുലർത്തുന്നതിനും പരിശ്രമിക്കേണ്ടതാണ്. കൊളോണിയൽ സമ്പ്രദായങ്ങളിലും യൂറോപ്യൻ രാജ്യങ്ങൾ അവയുടെ തെററുതിരുത്തുന്നതിനും സുദൃഢമായ രാജ്യാന്തരഐക്യത്തിനുവേണ്ട പദ്ധതികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അബദ്ധസിദ്ധാന്തങ്ങളെ വിട്ടുപേക്ഷിച്ചു സുബദ്ധമായ തത്വങ്ങളിലാണ് സഹവർത്തിത്വം പ്രായോഗികമാക്കേണ്ടത്.

## സത്യത്തിലുള്ള സഹവർത്തിത്വം

മനുഷ്യവർഗ്ഗത്തിന്റെ ഇന്നത്തെ ശിഥിലീകരണം ആരംഭത്തിൽ ഒരേ ദൈവവും രക്ഷകനുമായ ഈശോമിശിഹായെ അറിയുകയും ആരാധിക്കുകയും ചെയ്തിരുന്ന മനുഷ്യർ തമ്മിലാണുണ്ടായതെന്നുള്ളതനുസ്മരിക്കുന്നതു വേദനാജനകമായ ഒരു സംഗതിയാണെങ്കിലും, അവിടുത്തെ നാമത്തിൽതന്നെ ഒരു സമാധാനബന്ധം വിരുദ്ധചേരികൾ തമ്മിൽ പണിതുചേർക്കുന്നതിനും നിർഭാഗ്യകരമാംവണ്ണം ശിഥിലമായ പൊതുബന്ധത്തെ പുനഃസ്ഥാപിക്കുന്നതിനും സാധിക്കുമെന്നുള്ള സുദൃഢമായ പ്രത്യാശയ്ക്കു വഴിയുണ്ടെന്നാണ് പരിശുദ്ധമാർപ്പാപ്പാ പ്രഖ്യാപിച്ചതു. കൂടുതൽ ആത്മവിശ്വാസത്തോടുകൂടി പ്രവർത്തിക്കുന്നതിനും ശക്തിരാഷ്ട്രങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിഗൂഢശക്തികളുടെ തന്ത്രങ്ങളെ വിഫലീഭവിപ്പിക്കുന്നതിനുള്ള ധൈര്യം മററുള്ളവരിൽ

സാംജാതമാക്കുന്നതിനും രാഷ്ട്രമേധാവികളെ തിരുമേനി ആഹ്വാനം ചെയ്തു. സ്വാതന്ത്ര്യത്തെ ദുരുപയോഗിക്കുകയും ന്യായവിരുദ്ധവും വിനാശകരവുമായ നിർദ്ദേശങ്ങൾകൊണ്ടു സ്വേച്ഛാധിപത്യത്തിനും മറ്റതിനും അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന രാജ്യതന്ത്രജ്ഞന്മാരെ അവിടുന്നു ശക്തിയായി അപലപിച്ചു. ക്രിസ്തീയമായ പ്രചോദനത്തിൽ സമാരംഭിക്കപ്പെടുന്ന സാമൂഹികവും രാഷ്ട്രീയവുമായ സമാധാനശ്രമങ്ങളെ ഇക്കൂട്ടർ തടസ്സപ്പെടുത്തുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുകയാണ്; ക്രിസ്തീയമനസ്സാക്ഷിയോടുകൂടി രാഷ്ട്രീയരംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ ചില സ്ഥലങ്ങളിൽ അവർ എതിർക്കുന്നു; ക്രിസ്തീയവിശ്വാസത്തിൽനിന്നു ലഭിക്കുന്ന ദൃഢതയും ശക്തിയും അവർ നഷ്ടപ്പെടുത്തുന്നു; ഏതെങ്കിലും ഒരു തത്വസംഹിതയോടു ദൃഢമായി ബന്ധപ്പെട്ടിരിക്കുന്നതു ആധുനികസംസ്കാരത്തിനും വിജ്ഞാനത്തിനും പററിയതല്ലെന്നു അക്കൂട്ടർ ഭാവിക്കുകയും, ഏതെങ്കിലും ആദ്ധ്യാത്മികതത്വസംഹിതയെ അംഗീകരിക്കാതിരിക്കുകയുംചെയ്യുന്നു. സത്യത്തിൻെറ ബന്ധം ഇക്കൂട്ടരുടെമേൽ പണിയപ്പെടുക സാദ്ധ്യമല്ല. അനുകൂലമായ ഒരു സാഹചര്യത്തിൽ അവർ മറുകര കടക്കുകയും അബദ്ധസിദ്ധാന്തമായാലും വിജയസാദ്ധ്യതയുണ്ടെന്നു കണ്ടാൽ അതാശ്ലേഷിക്കുകയും ചെയ്യും. സാമൂഹികമായ അനീതികളെ കഴിവനുസരിച്ചു പ്രതിഷേധിക്കാത്ത വൈദികരേയും അൽമായരേയും പരിശുദ്ധമാർപ്പാപ്പാ കുററപ്പെടുത്തി. അവനവൻെറ സ്വകാര്യസ്വത്തുക്കൾതന്നെ കൈകാര്യം ചെയ്യുന്നതിൽ ദീക്ഷിക്കപ്പെടേണ്ട പൊതുഗുണത്തിൻെറ നീതിപൂർവ്വകമായ തത്വങ്ങളേയും തിരുമേനി അനുസ്മരിപ്പിച്ചു. ഏവംവിധം ലോകത്തിൽ ക്രിസ്തീയാദർശങ്ങൾക്കനുസരിച്ചു സാക്ഷാത്തായ സത്യത്തിൽ അധിഷ്ഠിതമായ ഒരു സഹവർത്തിത്വംകൊണ്ടുമാത്രമേ ലോകത്തിൽ സമാധാനം കൈവരുത്തുന്നതിനു സാദ്ധ്യമാവുകയുള്ളുവെന്നും അതിനുവേണ്ടി വ്യക്തികളും സന്മനസ്സുള്ള രാഷ്ട്രങ്ങളും ബെത്തലേഹമിലെ ദൗത്യത്തിൻെറ പ്രകാശത്തിൽ സഹകരിക്കണമെന്നുമാണ് പരിശുദ്ധപിതാവിൻെറ സന്ദേശം ലോകത്തെ ഉൽബോധിപ്പിക്കുന്നതു്.

## പ്രസാധകക്കുറിപ്പുകൾ

## ആഡംബരം കുറച്ചാൽ

### അവശരെ സഹായിക്കാം

ദാരിദ്ര്യംമൂലം ജീവിതക്ലേശങ്ങൾ വളരെയേറെ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു ആഡംബരഭ്രമം കൈവെടിഞ്ഞു അവശസഹോദരങ്ങളുടെ ജീവിതാവശ്യങ്ങൾ നിറവേററുന്നതിനു സഹായിക്കുന്നിടത്തോളം മഹത്തരമായ ഒരു കൃത്യം വേറെയില്ല. നമുക്കോരോരുത്തർക്കും പരിശ്രമിച്ചാൽ ഇക്കാര്യത്തിൽ വ്യക്തിപരമായും സംഘാതമായും ഗണ്യമായ സേവനങ്ങൾ അനുഷ്ഠിക്കുവാൻ സാധിക്കും. ഒഴിച്ചുവയ്ക്കാവുന്ന ആഡംബരങ്ങളെ പരിത്യജിച്ചുകൊണ്ടും ആവശ്യമായവയിൽതന്നെ അഭിലഷണീയമായ നിയന്ത്രണങ്ങൾ വരുത്തിക്കൊണ്ടും ഇതു സാധിക്കാവുന്നതാണ്. വിൻസെൻറ് ഡി പോൾ സഖ്യം, മിഷൻലീഗു മുതലായ സംഘടനകൾ ഈ ചൈതന്യമാണ് ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കേണ്ടതു്. പരസഹായപരമായ ലക്ഷ്യത്തോടുകൂടി നടത്തപ്പെടുന്ന പ്രസ്തുത സംഘടനകളുടെ ആദർശവും അതുതന്നെയാണല്ലോ. നമ്മുടെ സാമൂഹികമായ ജീവിതപരിപാടികളിൽ ശ്രദ്ധാർഹമായ പല രംഗങ്ങളുമുണ്ട്. വസ്ത്രാഭരണങ്ങളിലുള്ള അനാവശ്യമായ ആഡംബരം, വിവാഹാദി വീട്ടാവശ്യങ്ങളിലുള്ള വമ്പിച്ച സദ്യകൾ, തിരുനാളുകളോടനുബന്ധിച്ചുള്ള പല വാദ്യഘോഷങ്ങൾ കരിമരുന്നുപ്രയോഗങ്ങൾ തുടങ്ങിയ അനാവശ്യച്ചിലവുകൾ, സ്വീകരണം അനുമോദനം മുതലായ പ്രകടനങ്ങളുടെ പേരിൽ ധൂർത്തടിക്കുന്ന പണം ഇങ്ങനെ ഓരോ ഇനങ്ങളിൽ ചിലവായിക്കൊണ്ടിരിക്കുന്ന വൻതുകകൾ നമ്മുടെ അവശസഹോദരങ്ങളുടെ സംരക്ഷണത്തിനായി വിനിയോഗിക്കപ്പെട്ടാൽ അതെത്ര അഭികാമ്യമായിരിക്കും. ഈയിടെ ഞങ്ങൾക്കു ലഭിച്ച ചില റിപ്പോർട്ടുകളുടെ വെളിച്ചത്തിലാണ് ഈ കുറിപ്പെഴുതുന്നതിനു ഞങ്ങൾ പ്രത്യേകം പ്രേരിതരായതു്. ഒരു ദേവാലയത്തിലെ തിരുനാളിനു പ്രതിവർഷം വെടിക്കെട്ടിനുവേണ്ടി ചിലവിടാറുള്ള ഒരു വൻതുക അവിടത്തെ വിൻസെൻറ് ഡി പോൾ സംഘംമൂലം അന്നു സാധുകുടുംബങ്ങളിലെ അംഗങ്ങൾക്കു ഭക്ഷണസാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനുപയോഗിച്ചു. തന്മൂലം എത്ര സാധുകുടുംബങ്ങളിലെ ദരിദ്രരായ അംഗങ്ങളുടെ ഉദരത്തിൽ നടക്കമായിരുന്ന "വെടിക്കെട്ട്"കൾ നിവാരണം ചെയ്യപ്പെടുകയും തിരുനാളിൻെറ ആനന്ദം അവരുടെ ഹൃദയങ്ങളിൽ പകരപ്പെടുകയും ചെയ്തു. ഞങ്ങളുടെ ഒരു മാന്യലേഖകൻ ക്രിസ്തുമസ്സ് പ്രമാണിച്ച് ഒരു ലേഖനം എഴുതിഅയച്ചിരുന്നു. യൂറോപ്യൻ രീതിയിൽ ക്രിസ്തുമസ്സ് കാർഡുകൾ അന്യോന്യം അയച്ചു ക്രിസ്തുമസ്സിൻെറ മംഗളാശംസ നടത്തുന്നതിനുപകരം ആ പണം ചിലവുചെയ്തു എന്തെങ്കിലും ഉപകാരമുള്ള ലഘുഗ്രന്ഥങ്ങളോ മാസികകളോ പത്രങ്ങളോ തങ്ങളുടെ സുഹൃത്തുക്കൾക്കയച്ചുകൊടുക്കുക എന്നായിരുന്നു അതിലെ നിർദ്ദേശം. സമയം വൈകിപ്പോയതുകൊണ്ടു ലേഖനം പ്രസിദ്ധപ്പെടുത്താൻ സാധിച്ചില്ല. കഴിഞ്ഞ ആഴ്ചയിൽ ഒരിടവകയിൽ നടന്ന വന്ദ്യ മെത്രാനച്ചൻെറ ഔദ്യോഗികസന്ദർശനം സംബന്ധിച്ചും അനുകരണയോഗ്യമായ ഒരു ക്രമം സ്വീകരിക്കപ്പെട്ടു കാണുന്നു. സ്ഥലവും സാഹചര്യങ്ങളും വെളിപ്പെടുത്തുന്നതു അനുചിതമായിരിക്കയില്ല എന്നു കരുതുന്നു. എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു ഞാറയ്ക്കൽപള്ളി സന്ദർശിച്ചു. ഔദ്യോഗികസന്ദർശനത്തിനുള്ള പ്രോഗ്രാം കിട്ടിയ ഉടനെ അതിനുള്ള ഒരുക്കങ്ങളും സമാരംഭിച്ചു. എന്നാൽ തിരുമേനി അസിസ്റ്റൻറ് വികാരിയായി ജോലിനോക്കിയിട്ടുള്ള ഒരു സ്ഥലംകൂടിയായതുകൊണ്ട് സാധാരണ തിരുമേനി പൊതുവെ നൽകാറുള്ള ഒരു സൂചന കുറെക്കൂടി വ്യക്തമായും നിർബന്ധമായും ബ: വികാരിമൂലം ജനങ്ങളെ അറിയിച്ചു. തങ്ങൾക്കു വളരെ പ്രിയംകരനായി ജോലിനിർവ്വഹിച്ച ഒരു വൈദികൻ മെത്രാനായി തങ്ങളുടെ ഇടവക സന്ദർശിക്കുന്ന അവസരം തീർച്ചയായും നിയന്ത്രണാതീതമായ ആഘോഷാഡംബരങ്ങളുടെ ഒരു രംഗമായിരിക്കുമല്ലോ. പക്ഷെ ഇടവകക്കാർ കാലത്തിനനുസരിച്ചു ചിന്തിക്കുകയും അവരുടെ ആനന്ദാവേശങ്ങൾക്കു ലോപം വരുത്താതെ നിർദ്ദിഷ്ടമായ രീതിയിൽ അവരുടെ കഴിവുകളെ സാധുസേവനത്തിനുവേണ്ടി വിനിയോഗിക്കുകയും ചെയ്തു. ഇടവകക്കാർ എല്ലാ വീടുകളിൽനിന്നും ധാരാളം അരിയും പണവും പിരിച്ചെടുത്തു. പൊതുജനങ്ങളുടെ ഉദാരമായ ഈ സഹകരണത്തിൻെറ ഫലമായി 120-ൽപ്പരം വീടുകളിൽ രഹസ്യമായി അരി മുതലായ ഭക്ഷണവിഭവങ്ങൾ എത്തിച്ചുകൊടുക്കുന്നതിനും വിസീത്തയുടെ ദിവസത്തിൽ 1500-ൽപ്പരം സാധുക്കൾക്കു ഉച്ചയ്ക്കു ഉഷ്ണാഹാരഭോജനം നൽകുന്നതിനും സാധിച്ചു. മാത്രമല്ല തിരുമേനി അവിടെയുള്ള വൃദ്ധമന്ദിരവും ആശുപത്രിയും സന്ദർശിച്ചു ആതുരരെ സമാശ്വസിപ്പിച്ച അവസരത്തിൽ രോഗികൾക്കുപയോഗിക്കാവുന്ന മധുരപലഹാരങ്ങൾ പൊതിഞ്ഞിട്ടുള്ള പൊതികൾ വിതരണം ചെയ്യുന്നതിനും, കഴിഞ്ഞ മാറുതരത്തിലുള്ള ആഘോഷപരിപാടികളും വാദ്യമേളങ്ങളും കുറച്ചതുകൊണ്ടു എത്രയിരം പൊരിയുന്ന വയറുകളെ തണുപ്പിക്കുന്നതിനും കരയുന്ന കണ്ണുകളെ തുടയ്ക്കുന്നതിനും ആ ഇടവകക്കാർക്കു കഴിഞ്ഞുവെന്നു സാഭിമാനം എന്നും അവർക്കു അനുസ്മരിക്കാവുന്നതാണ്. മാത്രമല്ല ഹൃദ്യമായ ഈ പരിപാടിയിൽ സമയസൗകര്യങ്ങൾ ലഭിച്ചതുമൂലം തിരുമേനിക്കു ഇടവകയുടെ നാനാഭാഗങ്ങളിലും പോയി അവിടെയുള്ള രോഗികളേയും സാധുക്കളേയും സന്ദർശിക്കുന്നതിനും അവരുടെ ക്ലേശങ്ങളിൽ സാന്ത്വനവും പൈതൃകമായ അനുഗ്രഹവും നൽകുന്നതിനും സാധിച്ചു. തങ്ങളുടെ വാത്സല്യപിതാവ് പാവപ്പെട്ട ഒരു ചെററക്കുടിലിൽ കയറിച്ചെന്നു ജീവിതക്ലേശങ്ങളോടും മരണത്തോടും മല്ലിടുന്ന അവശരെ അനുഗ്രഹിച്ച സ്മരണ അവരുടെ അന്ത്യവിനാഴികകളിൽ മനോമുകുരത്തിൽ ആനന്ദനൃത്തം ചെയ്യാതിരിക്കുമോ? ജാതിമതഭേദമെന്യെ എല്ലാവരേയും സമാശ്വസിപ്പിച്ചുകൊണ്ടും സൗഹൃദസംഭാഷണം ചെയ്തുകൊണ്ടും അവരോടുകൂടി ജീവിച്ചിരുന്ന അവരുടെ കൊച്ചച്ചൻ ഒരു വൈദികാദ്ധ്യക്ഷനായി ഇടവക സന്ദർശിച്ച അവസരത്തിലും അവർക്കനുഭവപ്പെട്ട ഈ സുമധുരമായ അനുഭവം എത്ര വലിയൊരുത്സവമായിട്ടായിരിക്കും അവർ എന്നും സ്മരിക്കുക. മാത്രമല്ല, ആർഭാടമായ പൊതുസ്വീകരണവും നീണ്ട പൊതുയോഗാദികളും വെട്ടിക്കുറച്ചതുകൊണ്ട് ഇടവകയിലെ വിവിധ സംഘടനാംഗങ്ങളെ പ്രത്യേകം പ്രത്യേകമായി കാണുന്നതിനും ഓരോരുത്തർക്കും ആവശ്യമായ ഉത്തേജനവും പ്രോത്സാഹനവും നൽകുന്നതിനും തിരുമേനിക്കു സാധിച്ചു. ഇടവകയിലെ യോഗക്കാർ, വിൻസെൻറ് ഡി പോൾ സഖ്യാംഗങ്ങൾ, സത്യാരാധനാസംഘം, മാതൃസംഘം, മരിയൻ സൊഡാലിററി, സി ഇ. സി, ആൾട്ടർ ബോയ്സ്, വേദോപദേശാദ്ധ്യാപകർ എന്നിങ്ങനെ ഓരോ ഗ്രൂപ്പുകളേയും തിരിച്ചുതിരിച്ചു കാണുകയും അവർക്കോരോരുത്തർക്കും പററുന്ന രീതിയിൽ സന്ദർഭോചിതമായ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും ചെയ്യുക എന്നുള്ളതു ഒരു മെത്രാനു ഏററവും ഹൃദ്യവും ജനവിഭാഗത്തിനു ഏററവും ഉപകാരപ്രദവുമായ പരിപാടിയാണെന്നു പ്രത്യേകം പറയേണ്ടല്ലോ. ഇതിനെല്ലാം സൗഹൃദപൂർവ്വം കളമൊരുക്കിയ ഇടവകക്കാരുടെ കാലോചിതമായ മനോഭാവത്തേയും, സാധുജനസ്നേഹത്തേയും മുക്തകണ്ഠം വാഴ്ത്തുകയും ഈദൃശമായ ഒരു പ്രദർശനം എല്ലാവരിലും എല്ലാ അവസരങ്ങളിലും ഫലപ്രദമായി കാണുന്നതിനു അഭിലഷിക്കുകയും ചെയ്യുന്നു. ഇന്നു ആഡംബരപരമായ മാമൂലുകളല്ല നമുക്കാവശ്യം. ക്രിസ്തീയചൈതന്യം ഉളവാക്കുന്ന ദീനാനുകമ്പയും അവശരോടുള്ള ആത്മാർത്ഥമായ സ്നേഹവുമാണ് പരിശീലിക്കേണ്ടതു്. ആഡംബരം കുറച്ചാൽ അവശരെ സഹായിക്കാം.

* * *

## പ്രധാനമന്ത്രിയുടെ ആഹ്വാനം

ജനുവരി 4-ാംനു ബറോഡയിൽ ലക്ഷത്തിൽപരം ജനങ്ങൾ സമ്മേളിച്ച ഒരു പൊതുയോഗത്തിൽവച്ചു ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നെഹ്റു ഭാരതത്തിൻെറ പുരോഗതിക്കുവേണ്ടി പരിശ്രമിക്കുന്നതിനു ജനതയെ ആഹ്വാനംചെയ്തുകൊണ്ടു അതിനുള്ള മാർഗ്ഗങ്ങളെപ്പററി പ്രതിപാദിച്ചു. ഇന്ത്യയുടെ കഴിഞ്ഞ 30—40 കൊല്ലത്തെ പരിശ്രമങ്ങളുടെ വിജയം ബാഹ്യലോകം പ്രകീർത്തിക്കുകയാണെന്നും, കടന്നുപോകുന്ന തലമുറ രണ്ടു ലക്ഷ്യങ്ങൾ വിഭാവനം ചെയ്തുകൊണ്ടാണ് പ്രവർത്തനരംഗത്തേക്കിറങ്ങിയതെന്നും അദ്ദേഹം പ്രകടമാക്കി. ഒന്നാമത്തെ ലക്ഷ്യം ബ്രിട്ടീഷ് ഭരണത്തിൽനിന്നും ഭാരതത്തെ മോചിപ്പിക്കുകയായിരുന്നു. അതു സാധിച്ചു. രണ്ടാമത്തെ ലക്ഷ്യം ജനങ്ങളുടെ ദാരിദ്ര്യത്തെ ഉച്ചാടനം ചെയ്ക എന്നതായിരുന്നു. അതു സാധിക്കുന്നതിനുള്ള പരിശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു്. എന്നാൽ അതു പൂർത്തിയാക്കേണ്ടതു ഇന്നത്തെ ഇളംതലമുറയുടെ കടമയാണ്. ചരിത്രത്തിൽനിന്നു ഒരു പാഠം പഠിക്കണമെന്നദ്ദേഹം ചൂണ്ടിക്കാണിച്ചു നമ്മുടെ ദൗർബല്യത എക്കാലത്തും ഐക്യത്തിൻെറ അഭാവത്തിൽ നിന്നാണുണ്ടായിട്ടുള്ളതു്. ഈ രാജ്യം ഹിന്ദുക്കളുടേയും, മുസ്ലീമുകളുടേയും, പാർസികളുടേയും, ക്രിസ്ത്യാനികളുടേയും, യഹൂദന്മാരുടേയും, ജയിനന്മാരുടേയും, വേറേയും വളരെ മതവിഭാഗങ്ങളിൽപെട്ടവരുടേയുമാണ്. ന്യൂനപക്ഷസമുദായങ്ങൾക്കും ഇവിടെ തുല്യമായ സന്ദർഭങ്ങൾ ലഭിക്കുന്നു എന്നും അവരും രാഷ്ട്രത്തിൻെറ നിർമ്മാണത്തിൽ തുല്യമായ പങ്കുവഹിക്കുന്നു എന്നും ഉള്ള സ്ഥിതിവിശേഷത്തിനുറപ്പു നൽകേണ്ടതു ഭൂരിപക്ഷസമുദായത്തിൻെറ കടമയാണ്.

ബ്രിട്ടീഷ് ഭരണത്തിൽ ഇവിടെ നിയമസമാധാനങ്ങൾ ഭദ്രമാക്കപ്പെടണമെന്നും വിദേശാക്രമണങ്ങളിൽനിന്നും സംരക്ഷിക്കപ്പെടണമെന്നും നികുതികൾ പിരിച്ചു സ്വയസംരക്ഷണം നിർവ്വഹിക്കപ്പെടണമെന്നും മാത്രമേ ഉദ്ദേശ്യമുണ്ടായിരുന്നുള്ളു. എന്നാൽ ഒരു ദേശീയഗവമ്മേൺടിനു രാജ്യത്തെ പുരോഗമിപ്പിക്കേണ്ടിയിരിക്കുന്നു. ഇതു സാധിക്കുന്നതിനു ജനങ്ങളുടെ സഹകരണം ഒഴിച്ചുകൂടാത്തതാണ്. ഈ രാജ്യത്തെ ജനകോടികളിൽ ഓരോ വ്യക്തിയും ഇതിനുവേണ്ടി അത്യദ്ധ്വാനം ചെയ്യണം. ഇംഗ്ലണ്ട്, അമേരിക്ക, റഷ്യ മുതലായ രാജ്യങ്ങളുടെ പുരോഗതിയെ എടുത്തുകാണിച്ചുകൊണ്ടു പ്രധാനമന്ത്രി പറഞ്ഞു: എല്ലാ രാജ്യങ്ങളിലും ഈ നേട്ടങ്ങൾ ജനങ്ങളുടെ സഹകരണംകൊണ്ടാണ് സാധിച്ചിട്ടുള്ളതു്. നഷ്ടപ്പെട്ട കാലങ്ങളെ വീണ്ടെടുക്കത്തക്കവണ്ണം അതിവേഗത്തിൽ പുരോഗമിക്കണം. സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികളടക്കം ഇവിടത്തെ ഇളംതലമുറ രാജ്യത്തിൻെറ ചരിത്രത്തിൽ അതിപ്രധാനമായ ഒരു ഘട്ടത്തിൽ ജീവിക്കുന്നതിനുള്ള ഭാഗധേയം കൈവന്നവരാണ് എന്നുള്ള ബോധത്തോടുകൂടി രാജ്യനന്മയ്ക്കുവേണ്ടി പരിശ്രമിക്കണം.

* * *

## റഷ്യയുടെ "സമാധാന സഹവർത്തിത്വം"

കമ്മ്യൂണിസ്ററ് റഷ്യയുടെ ലോകമേധാവിത്വത്തിനു വേണ്ടിയുള്ള അടവുകളെ നിരീക്ഷണം ചെയ്തു പഠിക്കുന്നതിനും പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനും അമേരിക്കൻ കോൺഗ്രസ്സ് ഒരു വിദഗ്ദ്ധകമ്മിററിയെ നിയമിച്ചിട്ടുണ്ട്. മി. ചാൾസ് കെഴ്സ്റ്റനാണ് അതിൻെറ നേതാവ്. സുദീർഘമായ തെളിവുശേഖരണങ്ങൾക്കുശേഷം കഴിഞ്ഞ ആഗസ്റ്റിൽ കമ്മിററി ഒരു റിപ്പോർട്ടു സമർപ്പിച്ചു. ഇന്നു നടത്തിയ തെളിവുശേഖരണങ്ങളെ അടിസ്ഥാനമാക്കിയാണ് ഇപ്പോൾ ഒരു പൂർണ്ണറിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതു്. റഷ്യയിലും റഷ്യക്കധീനമായ രാജ്യങ്ങളിലും താമസിച്ചിട്ടുള്ള 335 സാക്ഷികളെ അവർ വിസ്തരിച്ചു തെളിവെടുത്തിട്ടുണ്ട്. അമേരിക്കയിലും പുറമേയുള്ള രാജ്യങ്ങളിലുമായി കമ്മററി 50 പൊതുതെളിവു ശേഖരണസമ്മേളനങ്ങൾ നടത്തി. ആദ്യത്തെ റിപ്പോർട്ടിൽ നൽകിയിരുന്ന നിർദ്ദേശങ്ങളെല്ലാം ഇതിൽ സ്ഥിരീകരിക്കപ്പെടുകയും അടിയന്തിരമായ പല നടപടികളും നിർദ്ദേശിക്കുകയുമാണ് ചെയ്തിരിക്കുന്നതു്. സോവ്യററടിമയാക്കപ്പെട്ടിട്ടുള്ള രാജ്യങ്ങൾക്കുവേണ്ടി, ആലോകകമ്മ്യൂണിസ്ററു ഗൂഢാലോചനക്കെതിരായി പ്രത്യക്ഷവും ദ്വിപക്ഷീയവുമായ രാഷ്ട്രീയനിരോധനം ഉടനെ സമാരംഭിക്കണമെന്നാണ് കമ്മററിയുടെ നിർദ്ദേശം. റഷ്യയുടെ ഇപ്പോഴത്തെ "സമാധാന സഹവർത്തിത്വ" സംരംഭം സ്വതന്ത്രരാജ്യങ്ങൾ തമ്മിലുള്ള വേഴ്ചയെ നശിപ്പിക്കുന്നതിനും അവയെ തമ്മിൽ ഭിന്നിപ്പിക്കുന്നതിനുംവേണ്ട സാവകാശം ലഭിക്കുന്നതിനും അങ്ങിനെ ഒരു മൂന്നാംലോകമഹായുദ്ധത്തിനു കളമൊരുക്കുന്നതിനുമുള്ള പ്രചാരണതന്ത്രമാണ്. ഈ പ്രചാരണതന്ത്രംകൊണ്ടു വഞ്ചിതരാകരുതെന്നും, തങ്ങൾക്കനുകൂലമായ സമയം വന്നു എന്നുകാണുമ്പോൾ ലോകാധിപത്യത്തിനുവേണ്ടി അവർ സമാരംഭിക്കുന്ന മഹായുദ്ധത്തെ നേരിടുന്നതിനു സ്വതന്ത്രരാഷ്ട്രങ്ങൾ തയ്യാറായിരിക്കണമെന്നും കമ്മററി മുന്നറിയിപ്പു നൽകിയിരിക്കുന്നു. കമ്മ്യൂണിസ്ററു ആക്രമണത്തിൻെറ മൗലികമായ ലക്ഷ്യം നാഗരികതയെ നശിപ്പിക്കുന്നതിനും, സംസ്കാരത്തിൻെറ മൂലക്കല്ലായ കുടുംബസംവിധാനത്തെ തകർക്കുന്നതിനും, ഭീകരഭരണത്തിലും കിരാതത്വത്തിലും അടിമവേലയിലും മതത്തിൻേറയും സംസ്കാരത്തിൻേറയും സംഹാരത്തിലും കെട്ടിപ്പടുത്ത ഒരു മേധാവിത്വം ഉറപ്പിക്കുന്നതിനും വേണ്ടിയാണ് എന്നു റിപ്പോർട്ടിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിക്കുന്നകാര്യം സാധിച്ചുകൊണ്ടിരിക്കുന്നതിനു് ഉപകാരസ്മരണ.

ജെ. എൻ. റാവു്.
ഏജൻറ്, "സത്യദീപം"
ജെട്ടിറോഡ്, ആലപ്പുഴ

## ഇടവകവാർത്തകൾ

**ചെല്ലാനം:** കോഴിക്കോട് മെത്രാൻ റൈററ് റവ: ഡോക്ടർ അൽദൂസ് മരിയ പത്രോണി എസ്സ്. ജെ. തിരുമനസ്സുകൊണ്ട് തിരുമനസ്സിലെ സിക്രട്ടറി റവ: ഫാദർ പോൾ ലന്തപറമ്പിൽ എസ്സ്. ജെ. അവർകളുമൊരുമിച്ചു സ്ഥലം സന്ദർശിക്കുകയും വിവിധപരിപാടികളിൽ പങ്കെടുക്കുകയും ചെയ്തിരിക്കുന്നു. 5-ാംനു വിമാനത്താവളത്തിൽവച്ച് റവ: ഫാദർ ജെയിക്കബ്ബ് കണ്ണങ്കേരി, മി. ബി. എം. പീററർ, മി. അഗസ്റ്റിൻ ലന്തപറമ്പിൽ എന്നിവർ തിരുമേനിയെ ഹാരമണിയിച്ചു സ്വീകരിച്ചു. കൊച്ചിയിൽ നിന്നും ബോട്ടുകളുടെയും ഓടികളുടെയും അകമ്പടിയോടുകൂടി ചെല്ലാനം പള്ളിക്കടവിൽ എത്തിയപ്പോൾ വികാരി ഫാദർ ജോർജ്ജ് വള്ളോംതയ്യിൽ അവർകളും എടവകക്കാരുംകൂടി തിരുമേനിയെ സ്വീകരിച്ചു. ലഞ്ചിനുശേഷം ഉച്ചതിരിഞ്ഞു 3 മണിക്കു സിക്രട്ടറിയുടെ സഹോദരൻ മി. അഗസ്റ്റിൻ ലന്തപറമ്പൻെറ പുതിയ ഗൃഹം തിരുമേനി വെഞ്ചരിച്ചു. കുടുംബാംഗങ്ങളുടെ വകയായി സമർപ്പിക്കപ്പെട്ട മംഗളപത്രത്തിനുമറുപടിയായി തിരുമനസ്സുകൊണ്ടു കത്തോലിക്കർ കത്തോലിക്കാചൈതന്യമുള്ളവരായി ജീവിക്കുവാൻ ഉൽബോധിപ്പിച്ചു 5½ മണിക്കു ചെല്ലാനം സെൻറ് വിൻസെൻറ് ഡിപ്പോൾ സഖ്യത്തിൻെറ ദ്വിതീയവാർഷികസമ്മേളനത്തിൽ ആദ്ധ്യക്ഷംവഹിച്ചു. മി. കെ. ജെ. ജോസഫ് സ്വാഗതം പറഞ്ഞു. മി. ബി. എം. പീററർ പ്രസംഗിച്ചു. ചെല്ലാനം പള്ളിക്കാരുടെ വകയായി ഒരു മംഗളപത്രം ബ. വികാരി വായിച്ചു സമർപ്പിച്ചു.

6-ാംനു രാവിലെ സിക്രട്ടറിയുടെ പിതാവ് പരേതനായ പാലി അഗസ്റ്റിൻ ലന്തപറമ്പിൽ അവർകളുടെ പത്താം ചരമവാർഷികം പ്രമാണിച്ചു തിരുമേനി ആഘോഷമായ കുർബാനയും സിമിത്തേരിയിൽ പ്രത്യേകപ്രാർത്ഥനയും നടത്തി. വൈകുന്നേരം സ്ഥലം സെൻറ്മേരീസ് ഹൈസ്കൂൾ വാർഷികത്തിൽ ആദ്ധ്യക്ഷം വഹിച്ചു. ശ്രീ മാത്യു ഉലകന്തറ, കുമാരി ക്ലെരിബൻ ജോസഫ് ബി. എൽ. വിദ്യാർത്ഥിനി എന്നിവർ പ്രസംഗിച്ചു.

വെള്ളിയാഴ്ച കാലത്തു തിരുമേനി സിക്രട്ടറിയുടെ വസതിയും മററും സന്ദർശിക്കുകയും കടലിൽ വലയിടുന്നതും മററും കാണുകയും ചെയ്തു. ഉച്ചതിരിഞ്ഞു ഈ എടവകയിൽനിന്നും അമേരിക്കയിലേക്കു പോകുന്ന ജി. ജോസ് പ്രസംഗിയൻെറ യാത്രയയപ്പു ടിപ്പാർട്ടിയിൽ സംബന്ധിച്ചു. പിറേറദിവസം തിരുമേനി മടങ്ങിപ്പോയി.

**പെരുമ്പടപ്പു്:** സാൻറാക്രൂസ് പള്ളിയും ഇടവകപ്രഖ്യാപനകർമ്മം ജനുവരി 6-ാംനു വ്യാഴാഴ്ച കാലത്തു 8 മണിക്കു കൊച്ചിമെത്രാൻ റൈററ് റവ. ഡോക്ടർ അലക്സാണ്ടർ എടേഴത്തു ഡി ഡി; ബി. എ. തിരുമേനി നിർവ്വഹിച്ചിരിക്കുന്നു. പട്ടേൽ ജംക്ഷനിൽവച്ചു തിരുമേനിയെ ആഡംബരപൂർവ്വം സ്വീകരിച്ചു ഘോഷയാത്രയായി പള്ളിയിലേക്കാനയിച്ചു. തുടർന്നു ഇടവകപ്രഖ്യാപനം, പൊന്തിഫിക്കൽ കുർബാന, പ്രസംഗം മുതലായ വിവിധപരിപാടികൾ നിർവ്വഹിക്കപ്പെട്ടു. റൈററ് റവ. മോൺ ജോർജ്ജ് നെടുമ്പറമ്പൻ, റവ. ഫാ ജറോം ഒ സി ഡി. എം. എന്നിവരാണു് പ്രസംഗം നടത്തിയതു്. ഉച്ചതിരിഞ്ഞു നടത്തപ്പെട്ട പൊതുയോഗത്തിൽ പെ. ബ. പിതാവിനും, ഇടക്കൊച്ചിപ്പള്ളി വികാരിഅവർകൾക്കും ഓരോ മംഗളപത്രം സമർപ്പിക്കപ്പെട്ടു. റവ. ഫാദർ, മാത്യു കോതകത്തു്, ശ്രീ ബി. എം. പീററർ, ശ്രീ കെ. എ. പോൾ എന്നിവർ പ്രസംഗിച്ചു. യോഗസാധാരണമായ മററു പരിപാടികളോടുകൂടി സമ്മേളനം മംഗളമായി പര്യവസാനിച്ചു.

**ഉപ്പുതറ:** സ്ഥലം സെൻറ് ഫിലോമിനാ പള്ളിയിൽ വി: ഫിലോമിനപുണ്യവതിയുടെ തിരുനാൾ ഈ കൊല്ലം സത്യാരാധനക്കാർ ഇടവകയിൽനിന്നു് പിരിവെടുത്തു പൂർവ്വാധികം ആഘോഷമായി ജനുവരി 7-ാംനു ആരംഭിച്ചു 9-ാംനു ഞായറാഴ്ച അവസാനിക്കത്തക്കവണ്ണം നടത്തിയിരിക്കുന്നു.

**തളയനാട്ടു്:** സ്ഥലം ലൂർദ്ദ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സത്യാരാധനസഖ്യത്തിൻെറ പ്രഥമവാർഷികം ജനുവരി 2-ാംനു സഖ്യതാഡയറക്ടർ ബ. ഗ്രേഷൻ അച്ചൻ ഒ. എഫ്. എം (Cap) അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ ഒപ്പെക സത്യാരാധനസഖ്യം പ്രസിഡൻറ് ശ്രീ ആഗസ്തി കുന്നപ്പള്ളിയുടെയും, സത്യാരാധനസഖ്യം ജനറൽ ലീഡർ മത്തച്ചൻ എം. കുരുവിനാക്കുന്നേൽ എന്നിവരുടെയും പ്രസംഗങ്ങൾ ഉണ്ടായിരുന്നു.

**കണ്ടനാട്ടുർ:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സെൻറ് വിൻസെൻറ് ഡി പോൾ സംഘം, സെൻറ് മേരീസ് കോൺഫറൻസിൻേറയും, ബാലികാബാലമരിയസഖ്യത്തിൻേറയും, ആൾട്ടർ ബോയ്സ് അസോസിയേഷൻേറയും സംയുക്ത വാർഷികസമ്മേളനം, റവ. ഫാ തോമസ് അടമ്പുകുളം അവർകളുടെ അദ്ധ്യക്ഷതയിൽ 1954 ഡിസമ്പർ 26-ാംനു ആഘോഷിച്ചു. സമ്മേളനത്തിനു മുൻപായി ജപമാലപ്രദക്ഷിണം ഭക്തിയായി നടത്തി. മീററിംഗിനുശേഷം ബാലമരിയാസഖ്യാംഗങ്ങൾ സമ്പത്തികചക്രം എന്ന നാടകം തന്മയത്വത്തോടുകൂടി അഭിനയിക്കുകയും, മിസ്സിസ് അച്ചാമ്മ ജോസഫ് മഗ്ദലേനമറിയം എന്ന കഥാപ്രസംഗം നടത്തുകയും ചെയ്തു. അച്ചാമ്മ ജോസഫിനു് ഒരു മെഡൽ സ്പെഷൽ സമ്മാനമായി കൊടുത്തുവെന്നുള്ളതും പ്രസ്താവാർഹമാണു്.

**വരാപ്പുഴ:** സ്ഥലം C. Y. M A യുടെ ആഭിമുഖ്യത്തിലും ഡയറക്ടർ റവ. ഫാദർ ഫിലിപ്പ് ഒ. സി. ഡി. യുടെ നേതൃത്വത്തിലും യുവജനങ്ങൾക്കുവേണ്ടി നടത്തിയ ഏകാന്തധ്യാനത്തിൽ അഭ്യസ്തവിദ്യരും, ബിരുദധാരികളുമായ 50 തോളം ചെറുപ്പക്കാർ സംബന്ധിച്ചിരുന്നു. ധ്യാനപ്രസംഗികൻ റവ. ഫാദർ വലേരിയൻ സി. ഡി. അവർകൾ ആയിരുന്നു. ഡിസംബർ 28-ാംനു ആരംഭിച്ച ധ്യാനം ജനുവരി 1-ാംനു രാവിലത്തെ ചടങ്ങുകളോടുകൂടി അവസാനിച്ചു. അനന്തരം ഒരു ഗ്രൂപ്പ്ഫോട്ടോ എടുക്കുകയുണ്ടായി.

**എടത്വാ:** പുനരൈക്യപ്രോത്സാഹനാർത്ഥം മലങ്കരമിഷ്യൻകാരുടെ ആഭിമുഖ്യത്തിൽനിന്നും 1954 ഡിസംബർ 30 31, 1955 ജനുവരി 1, 2, എന്നി തിയതികളിൽ സ്ഥലം കപ്പേളപള്ളി മൈതാനത്തു് മാർ സെവേരിയോസ്, മാർ സഖറിയാസ് പോളച്ചിറക്കൽ എന്നി തിരുമേനിമാരുടെ മഹനിയാദ്ധ്യക്ഷതയിൽ ഓരോ പ്രസംഗമഹായോഗം നടത്തുകയുണ്ടായി. ഒന്നാംദിവസം വൈകിട്ടു് 5 മണിക്കു വൈദികമേലദ്ധ്യക്ഷന്മാരുടെ സ്വീകരണം നടന്നു. യോഗത്തിൽ ശ്രീ പി. ജെ. ഫ്രാൻസിസ് ബി. എ. സ്വാഗതപ്രസംഗം നടത്തി. ജോസഫ് മാർ സെവേരിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് പ്രസംഗമഹായോഗം ഉൽഘാടനം ചെയ്യുകയും തുടർന്നു് "ക്രൈസ്തവസഭ" എന്ന വിഷയത്തെ ആസ്പദമാക്കി റൈററ് റവ. മോൺ. മാത്യു നെടുങ്ങാട്ടു് എൽ. ഡി. യും, "മനുഷ്യനു് എങ്ങനെ രക്ഷപ്രാപിക്കാം" എന്ന വിഷയത്തെ പുരസ്കരിച്ചു് റവ. ഫാ. ഫിലിപ്പു് ഇരട്ടമാക്കിൽ ബി. എ. എൽ. ററി. യും ഓരോ പ്രസംഗം ചെയ്യുകയുംചെയ്തു. രണ്ടാംദിവസം "പ. കന്യകാമറിയം" എന്ന വിഷയത്തെപ്പററി റവ. ഫാ തോമസ്സ് വടശേരിയും "കത്തോലിക്കാസഭയും പ്രതിമാവന്ദനവും" എന്നവിഷയത്തെപ്പററി റവ. ഫാ. ജേയ്ക്കബ് വലിയപറമ്പിലും, മൂന്നാംദിവസം "ക്രൂനൻകുരിശുസത്യം" എന്ന വിഷയത്തെപ്പററി ഫാദർ തോമസ വടശേരിയും, "അകത്തോലിക്കാ സഹോദരങ്ങളോടു്" എന്ന വിഷയത്തെപ്പററി വിദ്വാൻ വി. ഐ. സക്കറിയാസും, നാലാംദിവസം "കത്തോലിക്കാ സഭയെപ്പററിയുള്ള ചില ആക്ഷേപങ്ങൾ" എന്ന വിഷയത്തെപ്പററി വിദ്വാൻ വി. ഐ. സഖറിയാസും "ക്രൈസ്തവപുനരൈക്യം" എന്ന വിഷയത്തെപ്പററി റവ. ഫാ. തോമസു് ഇഞ്ചെക്കലോടിയും "ഏകസത്യസഭ" എന്ന വിഷയത്തെപ്പററി റവ. ഫാ. തോമസ് വടശ്ശേരിയും യുക്തിയുക്തമായ പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി. റവ. ഫാ. എബ്രഹാം പള്ളിപ്പുറത്തുശേരി അവർകളുടെ കൃതജ്ഞതാപ്രകടനത്തിനുശേഷം ഈശപ്രാർത്ഥനയോടുകൂടി യോഗനടപടികൾ അവസാനിച്ചു.

**കിഴപറയാർ:** സ്ഥലം ചെറുപുഷ്പമിഷൻലിഗിൻെറ വാർഷികം ജനുവരി 2-ാംതിയതി ആഘോഷിച്ചിരിക്കുന്നു. വാർഷികസമ്മേളനത്തിൽ റവ. ഫാ. വലേരിയൻ ടി. ഒ. സി. ഡി. അദ്ധ്യക്ഷതവഹിച്ചു. ശ്രീ പോൾ മാൻവെട്ടം ബി. എ. ബി. എൽ. ശ്രീ എ ററി. ദേവസ്യാ എം. എ, കുമാരി റോസമ്മ ചാക്കൊ ബി. എ. എന്നിവർ പ്രസംഗിച്ചു. ഇടയ്ക്കിടെ വിവിധ കലാപരിപാടികളും യോഗാനന്തരം ഒരു പ്രഹസനവും അഭിനയിക്കപ്പെട്ടു.

**നീറിക്കോട്ടു്:** കഴിഞ്ഞ ജനുവരിയിൽ രാമയന്നൂർവച്ചു നടത്തിയ പ്രസംഗയോഗത്തിൻെറ ഫലമായി ഏതാനും യാക്കോബായകുടുംബങ്ങൾ കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെട്ടിരിക്കുന്നു.

**കുളത്തൂർ:** ചെറുപുഷ്പമിഷൻലിഗ്ഗ് കുളത്തൂർ ശാഖയുടെ ആറാമത്തെയും നിർമ്മലപുരം ശാഖയുടെ ഒന്നാമത്തേയും സംയുക്ത വാർഷികം ജനുവരി 2-ാംനു റവ. ഫാദർ പാസ്കൽ സി. ഡി. ബി. എ. ബി ററി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. കൈസ്റ്റേൽ ബ്രദേഴ്സിൻെറ പാട്ടുകച്ചേരിയും ആലപ്രക്കാട്ടു് ചെറുപുഷ്പനടനസമിതിയുടെ പീററർ തോമസ് എന്ന പ്രഹസനവും ഉണ്ടായിരുന്നു.

**കുണിഞ്ഞി:** സ്ഥലത്തെ മരിയാസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ജനുവരി 2-ാംനു കൂടിയ വിശേഷാൽ യോഗത്തിൽ ബ്രദർ ജോസഫ് കീത്താപ്പിള്ളി അദ്ധ്യക്ഷതവഹിച്ചു. തദവസരത്തിൽ സി. ററി. ജോൺ അവർകളുടെ പ്രസംഗവും കുട്ടികളുടെ ഡിക്ലമേഷൻ, സംഗീതം മുതലായ വിവിധകലാപരിപാടികളും ഉണ്ടായിരുന്നു.

### കൈപ്പററി

I. S. Press Ernakulam വകയും, Seasia Bank Ltd. Alleppey H. O. വകയും, Kshemavilasam Banking Co. Ltd. Trichur വകയും, The Loyal Studio Thodupuzha വകയും 1955 ലെ കലണ്ടറുകൾ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു.


## ജീവിതത്തിൻെറ സായാഹ്നത്തിൽ!

ഇന്നു നിങ്ങൾ ഒരു യുവാവാണു്. ചൊടിയും ചുറുചുറുക്കുമുള്ള ഒരു യുവാവു്. ഇന്നു നിങ്ങൾ ധനസമ്പാദനത്തിനു് പ്രാപ്തനാണു്. സമ്പാദിക്കുന്നുമുണ്ടു്. അങ്ങിനെ ഒന്നിനേയും കൂസാതെ ജീവിതത്തിൽ നിങ്ങൾ മുന്നേറുന്നു.

പക്ഷേ ഇതോടുകൂടിത്തന്നെ വാർദ്ധക്യത്തിലേക്കും നിങ്ങൾ മുന്നേറുകയാണു് ശക്തി ക്ഷയിച്ചു് ഒന്നിനും പ്രാപ്തനല്ലാത്ത ഒരവസ്ഥയിലേക്കു്. ധനസമ്പാദനത്തിനുള്ള കഴിവുകൾ ക്ഷയിച്ചുവരുന്ന അക്കാലത്തേക്കു് ഇന്നത്തെ നിങ്ങളുടെ സമ്പാദ്യങ്ങൾ സൂക്ഷിച്ചുവെയ്ക്കുക. ഇതിനു് നിങ്ങളെ സഹായിക്കുന്നതിനു്

## ഫെഡറൽ മിച്ചനിക്ഷേപപദ്ധതി

ഞങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു.

നിങ്ങളുടെ വരുമാനത്തിൽനിന്നും മാസംതോറും ഒരു നിശ്ചിതസംഖ്യ മിച്ചംവച്ചു് ബാങ്കിൽ നിക്ഷേപിക്കുക. 46 മാസംമാത്രം അപ്രകാരം ചെയ്താൽ ഈ നിശ്ചിതസംഖ്യയുടെ 50 ഇരട്ടി നിങ്ങൾക്കു് ബാങ്കിൽനിന്നും ലഭിക്കുന്നു. 85മാസം തുടന്നാലോ, 100 ഇരട്ടിയും.

ത്രൈമാസികമായും അർദ്ധവാർഷികമായും നിക്ഷേപിക്കാവുന്ന വേറെയും പദ്ധതികളുണ്ടു്.


വിശദവിവരങ്ങൾക്കു് :

## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ: അങ്കമാലി, എറണാകുളം, ചാലക്കുടി, പെരുമ്പാവൂർ.

എല്ലാത്തരം ബാങ്കിംഗ് ഇടപാടുകൾക്കും ഞങ്ങളെ സമീപിക്കുക.

# പ്രഥമകലാകാരൻ

(മിസ്സിസ് ഡോക്ടർ പോൾ മാമ്പിള്ളി)

സർവ്വത്ര ശൂന്യമായിരുന്ന ആ വിദൂരകാലഘട്ടത്തിലേക്കു് നമുക്കൊന്നു കണ്ണോടിക്കാം. വിസ്തൃതമായ അംബരവീഥിയും ഇരുളടഞ്ഞ ഭൂമിയും സൃഷ്ടിക്കപ്പെടുന്നു; സർവ്വശക്തനായ ദൈവത്തിൻെറ അനന്തശക്തിയാൽ കരയും കടലും, സമുദ്രവും നദികളും, ആറുകളും തോടുകളും, പ്രകാശവും പ്രകൃതിസൗന്ദര്യവും പെട്ടെന്നു പ്രത്യക്ഷപ്പെടുകയാണ്; ഉണ്ടാകട്ടെ എന്ന ഏക ആജ്ഞയാൽ പൂച്ചെടികൾ, സുഗന്ധകുസുമങ്ങൾ, ഫലവൃക്ഷങ്ങൾ, സസ്യവർഗ്ഗങ്ങൾ, വയലുകൾ, കാട്ടുമേടുകൾ, മാമലകൾ എന്നിവകൊണ്ടു് ആ വെറുംഭൂമി മോടിപിടിപ്പിക്കുന്നു.

സൂര്യചന്ദ്രനക്ഷത്രാദിഗോളങ്ങളാൽ നിഷ്കളങ്കമായ ആകാശം അലങ്കരിക്കപ്പെടുകയാണ്. കനകത്തളികപോലെ ഉദിച്ചുയരുന്ന ബാലസൂര്യൻെറ കിരണങ്ങളേററു് ആകാശവും ഭൂമിയും ഒരുപോലെ പ്രശോഭിക്കുന്നു. കാററു വീശിത്തുടങ്ങി. ഇലകളും കൊമ്പുകളും ഇളകി. പൂക്കൾ ചാഞ്ചാടി. പരിമളം പരന്നു. എത്ര രമ്യമായ അന്തരീക്ഷം! മോഹനമായ അംബരവീഥി! പ്രശാന്തസുന്ദരങ്ങളായ ഭൂതലപ്രദേശങ്ങൾ! ആകാശമേ! ഭൂമിയേ! നിങ്ങൾ പ്രകൃതിനാഥനെ സ്തുതിക്കുക. സൂര്യനേ! ചന്ദ്രനേ! സമസ്തസൃഷ്ടവസ്തുക്കളേ! അവിടത്തെ പുകഴ്ത്തി ഉയർത്തുക. നിരീശ്വരവാദികളെപ്പോലെ നിങ്ങൾ നന്ദിഹീനരായി പറയരുതേ, അവ താനെ ഉണ്ടായതാണെന്നു്!

ആ മനോഹാരിതകൾക്കെല്ലാം മാററുകൂട്ടുവാനായി അവിടുന്നു പക്ഷിമൃഗാദികളെ സൃഷ്ടിക്കുകയാണ്. അവ തുള്ളിച്ചാടി, പാറിപ്പറന്നു നടന്നു സന്തോഷിക്കുന്നു. പഞ്ചവർണ്ണക്കിളികളുടെ കിളികൊഞ്ചലും, നല്ലൂരലികളുടെ നിലവിളികൾ, കുതിക്കുന്ന മൃഗങ്ങളുടെ ഗർജ്ജനങ്ങൾ, നദികളുടെ കളകളശബ്ദം എല്ലാം ഒന്നിച്ചുചേർന്നു് അവിടത്തെ ഭയങ്കരമൂകതയെ ഭഞ്ജിക്കുകയാണ്. വീണ്ടും സൃഷ്ടികർമ്മം തുടരുന്നു. പലതരം മത്സ്യങ്ങളാൽ ജലാശയങ്ങൾ നിറയുന്നു; ജഗൽപിതാവിൻെറ ഒരേയൊരു ആജ്ഞകൊണ്ടു്. അവ ഉന്മേഷത്തോടുകൂടി മുങ്ങിപ്പൊങ്ങി പാഞ്ഞുനടന്നു് ഉല്ലസിക്കുന്നു. പക്ഷികളേ! മൃഗങ്ങളേ! നിങ്ങൾ പ്രപഞ്ചകർത്താവിനെ പുകഴ്ത്തുക. മത്സ്യങ്ങളേ! സകല ജീവജാലങ്ങളേ! സർവ്വേശ്വരനെ സ്തുതിച്ചുവാഴ്ത്തുക.

ഈ സൃഷ്ടികളെയെല്ലാം കണ്ടു് അവിടുന്നു സന്തോഷിക്കുകയാണ്. പക്ഷെ അതുകൊണ്ടു തൃപ്തിപ്പെടുന്നില്ല. ഈ ആനന്ദത്തെ ആസ്വദിക്കുവാനായി—ഇവയെല്ലാററിനും ഉടമസ്ഥനായി—വിശേഷബുദ്ധിയുള്ള മനുഷ്യനെ സൃഷ്ടിക്കണമെന്നു ആ ഉടയനാഥൻ നിശ്ചയിച്ചു. കുറേ കളിമണ്ണെടുത്തു് മനുഷ്യനെ സൃഷ്ടിക്കുകയാണ്. അവൻെറ പഞ്ചേന്ദ്രിയങ്ങളെല്ലാം ഭംഗിയായി സൃഷ്ടിക്കപ്പെട്ടു; സ്വല്പസമയംകൊണ്ടു്. എന്നാൽ അശരീരം അനങ്ങുന്നില്ല. കണ്ണുണ്ടെങ്കിലും കാണുന്നില്ല. ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല. കൈകാലുകൾ നിശ്ചേഷ്ടങ്ങളായിരിക്കുന്നു. സ്വന്തകരങ്ങൾകൊണ്ടു ഭംഗിയായി സൃഷ്ടിച്ച ആ മനുഷ്യശരീരത്തിൽ അവിടുന്നു നിശ്വസിക്കയാണ്. ഉത്തരക്ഷണത്തിൽ അനശ്വരമായ ഒരു ആത്മാവു അവനിൽ പ്രവേശിക്കുന്നു. അനക്കമില്ലാതിരുന്ന ആ ഹൃദയം സ്പന്ദിച്ചുതുടങ്ങി അവനെ "ആദം" എന്നു അവിടുന്നു വിളിക്കുന്നു. ദൃഷ്ടികളുയർത്തിനോക്കി അവൻ സ്രഷ്ടാവിനെ അകമഴിഞ്ഞു സ്തുതിക്കുന്നു. അവൻ നടക്കുകയും സംസാരിക്കുകയും കേൾക്കുകയും ചെയ്യുന്നുണ്ടു്. അതുകണ്ടു് ആ പൈതൃകഹൃദയം സന്തോഷത്താൽ തുടിക്കുകയാണ്.

കണ്ടാലും! പ്രഥമ കലാകാരനായ ജഗന്നിയന്താവിൻെറ അത്ഭുതകരസൃഷ്ടിയെ. മററെല്ലാം സൃഷ്ടിക്കപ്പെട്ടതുപോലെ "ഉണ്ടാകട്ടെ" എന്ന ഒരാജ്ഞ വേണ്ടുവോളം മതിയായിരുന്നു മനുഷ്യൻ സൃഷ്ടിക്കപ്പെടുവാൻ. പക്ഷെ, സ്വന്ത കരങ്ങൾകൊണ്ടു സ്വന്തം ഛായയിൽ മനുഷ്യനെ മനഞ്ഞെടുത്തു; അവനോടുള്ള സ്നേഹാധിക്യത്താൽ. അറിവിനേയും ബുദ്ധിയേയും അവനു പ്രദാനംചെയ്തു. ബാക്കിയുള്ള എല്ലാററിൻേറയും മേൽ പരിപൂർണ്ണാധികാരം കൊടുത്തു. അവനായി അവിടുന്നു ഭൗമികപറുദീസായെ സൃഷ്ടിക്കുകയാണ്. അതിൽ അവനുവേണ്ട സുഖസൗകര്യങ്ങളെല്ലാമുണ്ടു്.

ബഹുമാനപ്പെട്ട അൽഫോൻസമ്മയുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

P. A. Varghese

രസകരമായ കനികൾ നിറഞ്ഞ ഫലവൃക്ഷങ്ങൾ ധാരാളം. എല്ലാം അവനനുഭവിക്കുവാൻ അധികാരമുണ്ടു്. അവകാശമുണ്ടു്. എന്നാൽ ഒരു വൃക്ഷത്തിൻെറ കനിമാത്രം തിന്നരുതെന്നു ദൈവം വിലക്കുന്നു. അതു തിന്നാൽ മരിച്ചുപോകുമെന്നു അവനെ മനസ്സിലാക്കുകയാണ്. അതവനെ നശിപ്പിക്കുമെന്നു് വ്യക്തമായി പറയുകയാണ്. പക്ഷിമൃഗാദികൾ—ഭയങ്കരജന്തുക്കൾപോലും അവനെ അനുസരിക്കുന്നു. ക്രൂരസർപ്പങ്ങൾ അവൻെറ മുമ്പിൽ തലതാഴ്ത്തുന്നു. എല്ലാം അവനായി സൃഷ്ടിക്കപ്പെട്ടിരിക്കയാണ്. ഒന്നിനേയും ഭയപ്പെടുവാനില്ല; ശങ്കിക്കുവാനില്ല. ആ വിലക്കപ്പെട്ട കനിമാത്രം ഒരു വിലങ്ങുതടിയായിട്ടുണ്ടു്. അതിനെപ്പററി അവനശേഷം ഖേദമില്ല. അവനു ധാരാളം ഭക്ഷിക്കുവാനുണ്ടു്. ആകാശവും ഭൂമിയും അവനായി അണിഞ്ഞൊരുങ്ങിനില്ക്കുന്നു; അല്ല, ഒരുക്കിയിരിക്കുന്നു. എല്ലാം നോക്കിക്കൊണ്ടു് ആനന്ദനിമഗ്നനായി അവൻ നില്ക്കുകയാണ്, കൃതജ്ഞതനിറഞ്ഞ ഹൃദയത്തോടുകൂടി.

മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അവനൊരു കൂട്ടുകാരിവേണം, എന്നു ദൈവത്തിനു തോന്നി. വെറും കളിമണ്ണുകൊണ്ടല്ല ആദത്തിൻെറ അസ്ഥികൊണ്ടാണ് അവളെ സൃഷ്ടിക്കുവാൻ തീർച്ചയാക്കിയതു്. അതിനായി ഒരു ശസ്ത്രക്രിയ തന്നെ അവിടുന്നു ചെയ്യുന്നു. ക്ലോറഫോം കൊടുത്തല്ലാ, ദീർഘനിദ്രകൊടുത്തു ആദമത്തെ മയക്കുന്നു. അവൻെറ വിലാപ്പുറത്തുനിന്നു ഒരു വാരിയെല്ലെടുത്തു് സ്ത്രീയെ സൃഷ്ടിക്കുകയാണ്; അതിവാത്സല്യത്തോടുകൂടി, ഹാ! സ്ത്രീക്കു ലഭിച്ച വിശിഷ്ടസ്ഥാനം. മനുഷ്യൻെറ അസ്ഥികൊണ്ടു അവൾ സൃഷ്ടിക്കപ്പെട്ടു.

അതുമുതൽ അവർ തമ്മിൽ ഒരു പ്രത്യേകബന്ധം രൂപീകരിക്കപ്പെടുന്നു. പരസ്പരസ്നേഹം ഉടലെടുക്കപ്പെടുന്നു. ഒരേ ഒരു ജഡംപോലെ സ്നേഹിക്കുവാൻ അന്നുവരെ പ്രേരിപ്പിക്കുകയാണ്. കണ്ടാലും! പുരുഷനും സ്ത്രീയും തമ്മിൽ അതെ, ഭർത്താവും ഭാര്യയും തമ്മിൽ എത്ര കണ്ടു സ്നേഹവും യോജിപ്പും വേണമെന്നാണ് അവിടത്തെ അഭിമതമെന്നു്. ധാരാളം കളിമണ്ണുണ്ടായിരുന്നിട്ടും വേറെ അസ്ഥികളുണ്ടാക്കുവാൻ സാദ്ധ്യമായിരുന്നിട്ടും, ആദത്തിൻെറ അസ്ഥികൊണ്ടു തന്നെ സ്ത്രീയെ സൃഷ്ടിച്ചു. എന്തിനു്? അവർ ഒന്നായിരിക്കുവാൻ വേണ്ടി.

ഒരിക്കലും കണ്ടിട്ടില്ലാത്ത സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹത്തോടുകൂടി ഒന്നായിത്തീരുന്നു. സ്ത്രീ നാടും വീടും വിട്ടു് മാതാപിതാക്കളേയും ബന്ധുമിത്രാദികളേയും പിരിഞ്ഞു് ഭർതൃഗൃഹത്തിൽ എത്തിച്ചേരുന്നു. അന്നു മുതൽ അവൾ അവൻേറയും അവൻ അവളുടേയുമായിത്തീരുന്നു. ദൈവം കഴിഞ്ഞാൽ ഭർതൃഹൃദയത്തിൽ പ്രഥമസ്ഥാനം ഭാര്യക്കു. ഭാര്യയുടെ ഹൃദയത്തിൽ പ്രഥമസ്ഥാനം ഭർത്താവിനുമായി പരിണമിക്കു

ബ. അൽഫോൻസമ്മയുടെ സഹായത്താൽ എൻെറ ഭർത്താവിൻെറ സുഖപ്രാപ്തിക്കു ഉപകാരസ്മരണ.

Fredo'ine Gomez
Puthucurichy

ന്നു. ഈ അത്ഭുതസംഭവത്തിനു കാരണം സൃഷ്ടിയുടെ രഹസ്യമല്ലാതെ മറൊന്നാണ്. അതെ, സ്നേഹം സംഭരിക്കപ്പെട്ടിരിക്കുന്ന പുരുഷഹൃദയത്തിനടുത്തുള്ള വാരിയെല്ലിൽനിന്നാണ് സ്ത്രീയുടെ ഉത്ഭവം.

അങ്ങിനെ സൃഷ്ടിയുടെ ആദ്യത്തിൽതന്നെ സ്ത്രീക്കു് ഒരു വിശിഷ്ടസ്ഥാനം ദൈവം കൊടുത്തു. പക്ഷെ പ്രഥമസ്ഥാനം പുരുഷനാണ്. പുരുഷനെയാണ് ദൈവം ആദ്യം സൃഷ്ടിച്ചതു്. പുരുഷനു വേണ്ടിയാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടതു്. ആയതുകൊണ്ടു് ന്യായമായ എല്ലാ കാര്യങ്ങളിലും പുരുഷനു കീഴ്വഴങ്ങി അനുസരണയുള്ളവളായിരിക്കുവാൻ സ്ത്രീ കടപ്പെട്ടിരിക്കുന്നു. ഭർത്താക്കന്മാരെ അനുസരിക്കാത്ത നിർഭാഗ്യവതികളായ സ്ത്രീകൾ ഇതു് ഒന്നു ഓർത്തിരുന്നെങ്കിൽ! പുരുഷന്മാരോടൊപ്പം സ്ഥാനമാനങ്ങളും സ്വാതന്ത്ര്യവും കരസ്ഥമാക്കുവാൻ ആവേശംകൊള്ളുന്ന ആധുനികവനിതകൾ ഇതു അറിഞ്ഞിരിക്കട്ടെ. സ്ത്രീയെ ജോലിചെയ്യുവാനുള്ള ഒരു ഉപകരണമായി മാത്രം വിചാരിച്ചുതള്ളാതെ ന്യായമായ സുഖസ്വാതന്ത്ര്യങ്ങളെല്ലാം കൊടുത്തു് അവളെ സംരക്ഷിക്കണമെന്നു ഹൃദയശൂന്യരായ പുരുഷന്മാരും ധരിച്ചിരിക്കേണ്ടതാണ്.

(തുടരും)




# മനുഷ്യരെല്ലാം തടവുകാരോ?

(വെ. റവ. ഫാദർ തോമ്മസ് മണക്കാട്ട്)

ഒരു പ്രസിദ്ധ പണ്ഡിതൻ—ഒരു മഹാ ബുദ്ധിമാൻ ഒരിക്കൽ പ്രഖ്യാപിച്ചു മനുഷ്യരെല്ലാം തടവുകാരാണെന്നു്. ആദ്യശ്രവണത്തിൽ എല്ലാവർക്കും അത്ഭുതം തോന്നി അദ്ദേഹമെന്താണിപ്പറയുന്നതെന്നു്. അദ്ദേഹത്തിൻെറ ബുദ്ധിക്കു് വല്ല പാകപ്പിഴയും സംഭവിച്ചിരിക്കുമോയെന്നു്. ഏതായാലും അനന്തരവാക്കുകൾ കേൾക്കുവാൻ എല്ലാവരും ശ്രദ്ധയോടെ കാത്തുനിന്നു. വീണ്ടും അദ്ദേഹം ഉറന്നുപ്പറഞ്ഞു ഞാൻ പറയുന്നു മനുഷ്യരെല്ലാം തടവുകാരാണെന്നു്. ശ്രോതാക്കളുടെ വികാരങ്ങൾക്കു് ഒന്നുകൂടി ചൂടുപിടിച്ചു. മൂന്നാമതും അദ്ദേഹം അതുതന്നെ പറയുമോ എന്നറിയുവാൻ അവർ ചെവി കൂർപ്പിച്ചുനിന്നു. അദ്ദേഹം അതാവർത്തിച്ചില്ല. അതു വിശദീകരിക്കയാണു ചെയ്തതു്. ആ വിശദീകരണം ആധുനികലോകത്തിനു ഏററവും പരിചിതവും ചിന്തനീയവുമായിരുന്നു. അദ്ദേഹം പറഞ്ഞു, ദൈവദത്തമായ മനുഷ്യസ്വാതന്ത്ര്യത്തെ അവൻ നശിപ്പിച്ചിരിക്കുന്നുവെന്നു്. മനുഷ്യൻ ഭൗതികവസ്തുക്കളുടെ അടിമയായിത്തീർന്നിരിക്കുന്നുവെന്നു്. ആത്മാശരീരങ്ങൾ ഉൾക്കൊള്ളുന്ന മനുഷ്യൻെറ രണ്ടു ഘടകങ്ങളിൽ ഏററവും ഉൽകൃഷ്ടമായ ആത്മാവിനെ അവഗണിച്ചു് അനിത്യവും ക്ഷണഭംഗുരവുമായ ശരീരത്തെ അവൻ താലോലിക്കുന്നുവെന്നു്. ആത്മശക്തികളായ ബുദ്ധിയേയും മനസ്സിനേയും ശരീരാഭിലാഷങ്ങൾക്കും സുഖഭോഗങ്ങൾക്കും അടിമയാക്കിയിരിക്കയാണെന്നു്. അങ്ങനെ ശരീരത്തിൻെറ അടിമത്വത്തിൽ അഥവാ തടവിൽ നിരാശ്രയനായി, ഏകനായി അവൻ മരുവുകയാണെന്നു്. ചിന്തിച്ചുനോക്കിയാൽ അതു പരമാർത്ഥമല്ലേ! ആത്മാവിൻെറ കേഴൽ കേൾക്കുവാൻ സ്രഷ്ടാവായ ദൈവമല്ലാതെ മററാരുണ്ടു്? സുഖങ്ങളിലും പ്രതാപങ്ങളിലും ശരീരം മുഴുകുമ്പോൾ ആത്മാവു് ദുഃഖിതയും സമാധാനരഹിതയുമായി അനുഭവപ്പെടുന്നു. ക്ലേശങ്ങളുടെയും യാതനകളുടെയും അഗ്നികുണ്ഡത്തിൽ അതു വീഴുന്നു. സുഖങ്ങളുളായ ചില അവസരങ്ങൾ മനുഷ്യനു ലഭ്യമാണെങ്കിലും ഉത്തരക്ഷണത്തിൽ ക്ലേശങ്ങളുടെ കാർമേഘങ്ങൾ അവനെ ആവരണം ചെയ്യുന്നു. ജീവിതത്തിലെ ഈ സുഖദുഃഖസമ്മിശ്രത, മനുഷ്യഹൃദയത്തിനു് ഒരു തീരാബാധയാണു്. മാത്രമോ! ഒടുവിൽ ക്ലേശത്തിൻെറ മൂർദ്ധന്യത്തിലെത്തി അവൻ മരണമടയുകയും ചെയ്യുന്നു. ഈഘട്ടത്തിൽ അവനു് ആത്മസമാധാനം നൽകുവാൻ ഭൗതികമായ ലോകത്തിനു് സാധിക്കുന്നില്ല. അവനെ, തടവിലാക്കിയ ധനവും പ്രതാപവും സുഖവും ബന്ധുക്കളും മിത്രങ്ങളും അവൻെറ ദീനരോദനം കേൾക്കയല്ലാതെ ഗത്യന്തരമില്ല. ചുരുക്കിപ്പറയാം, ആ ഏകാന്തതടവുകാരനെ മോചിപ്പിക്കുവാൻ ലോകശക്തികൾക്കു് സാദ്ധ്യമല്ല. എന്നാൽ ക്ലേശവും മരണവുംകൊണ്ടു് ജീവിതം അലട്ടപ്പെടുന്ന മനുഷ്യവർഗ്ഗത്തിനു്—ഭൗതികാഭിലാഷങ്ങളിൽ മുഴുകി വിർപ്പുമുട്ടുന്ന മനുഷ്യകുലത്തിനു് ആനന്ദകരവും ശാന്തിപ്രദവുമായ ഒരു ജീവിതം കഴിക്കുവാൻ സാദ്ധ്യതയുണ്ടോ? ജഡികാഭിലാഷങ്ങളുടെയും ലോകപ്രതാപങ്ങളുടെയും അടിമത്വത്തിൽനിന്നും വിമുക്തിനേടി ഉൽകൃഷ്ടങ്ങളായ ആത്മശക്തികളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്താതെ ജീവിക്കുവാൻ മനുഷ്യനു വല്ല മാർഗ്ഗവുമുണ്ടോ? വല്ലവരും അതിനൊരു മാർഗ്ഗം വെട്ടിത്തെളിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു് ഏതാണു് എന്നെല്ലാമുള്ള സംഗതികളെപ്പററി ഇനി നമുക്കു ചിന്തിക്കാം. ലോകജനതയിൽ ഒരു ലഘുവിഭാഗമെങ്കിലും ഭൗതികാഭിലാഷങ്ങളുടെ കാരാഗാരത്തിൽനിന്നും വിമുക്തരായി ജീവിക്കുന്നവരായുണ്ടെന്നു് ഒരു സൂക്ഷ്മപരിശോധന നടത്തിയാൽ കാണാവുന്നതാണ്. ദൈവമനുഷ്യനായ ക്രിസ്തുവാണു് ഇദംപ്രഥമമായി മനുഷ്യവർഗ്ഗത്തിനു് ഈ മാർഗ്ഗം വെട്ടിത്തെളിച്ചുകൊടുത്തതു്. മനുഷ്യനെ പിടിച്ചു ബന്ധിക്കുന്ന ഭൗതികാഭിവാഞ്ഛകളേയും സുഖഭോഗങ്ങളേയും പാടെ പരിത്യജിച്ചു് പ്രശാന്തനായി, കാരുണ്യവാനായി, പരസ്നേഹപാരാവാരമായി പരിലസിച്ചു് ലോകത്തിനു് ഉത്തമാദർശം അവിടുന്നു കാണിച്ചുകൊടുത്തു. ലോകത്തിലെ സുഖദുഃഖങ്ങൾ താല്ക്കാലികങ്ങൾ മാത്രമാണെന്നും അവയെല്ലാം മരണത്തോടുകൂടി അവസാനിക്കുമെന്നും ആത്മാവാകട്ടെ നിത്യം നിലനില്ക്കുമെന്നും അവിടുന്നു ഉറപ്പിച്ചുപറഞ്ഞു. മാത്രമല്ല, അവിടുന്നു ക്ലേശബഹുലമായ ഒരു ജീവിതം കഴിച്ചു് ക്ലേശത്തേയും മരണത്തേയും സ്വയം ആശ്ലേഷിച്ചു് പ്രത്യക്ഷമായ ഒരു മാതൃക ലോകത്തിനു നൽകുകയുംചെയ്തു. അതെ, അവിടുന്നു് ക്ലേശങ്ങളുടെ നടുവിൽക്കൂടി പുഞ്ചിരിതൂകിക്കൊണ്ടു കടന്നുപോയി. സമ്പത്താം, ബഹുമാനമോ, സുഖാഭിലാഷമോ അവിടത്തെ ശ്രംഖലയിട്ടു ബന്ധിക്കുവാൻ അവിടുന്നു അനുവദിച്ചില്ല. എന്തിനധികം! ലോകം മുഴുവൻ ആർജ്ജിച്ചാലും സ്വന്തം ആത്മാവിനെ നശിപ്പിച്ചാൽ ഫലമെന്തു്, എന്നുള്ള അവിടത്തെ തിരുവാമൊഴികൾ അനുസരിച്ചു് അവിടുന്നു ലോകത്തെ ത്യജിക്കുകതന്നെ ചെയ്തു. അതു സ്വീകരിച്ചു് അവിടത്തെ അനുകരിച്ചു വിശുദ്ധന്മാരും വിശുദ്ധകളും പ്രശാന്തചിത്തരായി, സർവ്വസ്വതന്ത്രരായി ലോകത്തോടു യാത്രപറഞ്ഞു് നിത്യസൗഭാഗ്യത്തിൽ പ്രവേശിച്ചു. ക്രിസ്തുനാഥനെ ലോകം അനുകരിച്ചു് ഈ മാർഗ്ഗം സ്വീകരിച്ചിരുന്നെങ്കിൽ!

കുടുംബപംക്തി

# വൈവാഹികജീവിതം

(ഫാദർ ജോൺ മാത്രശ്ശൻ)

IV

## ഉത്തമയായ ഭാര്യ

ഭാര്യയാകുവാനുള്ള ഓരോ സ്ത്രീക്കും അത്യാവശ്യം ഉണ്ടായിരിക്കേണ്ട ചില ഗുണങ്ങൾ ഏവയെന്നു് നമ്മൾ കണ്ടുകഴിഞ്ഞു. ഈ ഗുണങ്ങൾ തന്റെ ഭാവിഭാര്യയിലുണ്ടോ എന്നു് ശരിയായി പരിശോധിച്ചു് ഒരു നിർണ്ണയത്തിൽ എത്തിച്ചേരുന്ന യുവാവിനു് ഒരിക്കലും അമളിപറ്റുകയില്ല. എന്നാൽ ഇന്നു് എത്രയെത്ര യുവാക്കന്മാരാണു് വിവാഹത്തിനുശേഷം മ്ലാനവദനരായി കാണപ്പെടുന്നതു്. വിവാഹത്തിനു മുമ്പു് പ്രസന്നതയോടും പ്രസരിപ്പോടും കൂടി കഴിഞ്ഞുകൂടിയിരുന്ന ഇക്കൂട്ടർ വിവാഹാനന്തരം പ്രസന്നത വെടിഞ്ഞു് ഉന്മേഷരഹിതരായി കാണപ്പെടുന്നതിന്റെ കാരണം ആർക്കും അറിഞ്ഞുകൂടെങ്കിലും അവർക്കതു് അജ്ഞാതമല്ല. ഒരേ ഒരു കാരണം മാത്രം. അവരുടെ പ്രതീക്ഷകളുടെ വൻകോട്ടകൾ തകർന്നു തരിപ്പണമായിരിക്കുന്നു. ആനന്ദപൂർണ്ണവും സമാധാനപരവുമായ ഒരു കുടുംബജീവിതം അവരുടെ പ്രതീക്ഷകളിലൊന്നായിരുന്നു. എന്നാൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ടായ അഭിപ്രായഭിന്നത അവരുടെ ഉദ്ദേശസിദ്ധി അസാദ്ധ്യമാക്കിത്തീർത്തു. മിതവ്യയത്തോടുകൂടിയ ഗൃഹഭരണംമൂലം വരവിനൊത്ത ചെലവുമാത്രം ചെയ്തു് തങ്ങളുടെ കുഞ്ഞുമക്കളുടെ ഭാവിസുഖത്തിനുവേണ്ടി എന്തെങ്കിലും ഒരു സമ്പാദ്യമുണ്ടാക്കണമെന്നുള്ളതു് അവരുടെ ഒരു ദൃഢനിശ്ചയമായിരുന്നു. എന്നാൽ ആവശ്യത്തിനും അനാവശ്യത്തിനും, ആഡംബരത്തിനും ആർഭാടത്തിനും അമിതമായി ചെലവുചെയ്യുന്ന ഭാര്യമാർ ഗൃഹഭരണം ഏറ്റെടുത്തതോടെ എന്തെങ്കിലും മിച്ചമുണ്ടാക്കുന്നതിനു പകരം, ഉണ്ടായിരുന്നതുകൂടി നശിപ്പിച്ചു, അങ്ങനെ കുടുംബം കടത്തിന്റെ കരാളഹസ്തങ്ങളിൽ അമർന്നുകഴിഞ്ഞു. മാനം മര്യാദയായി ജീവിച്ചു് കുടുംബത്തിന്റെ പേരും പെരുമയും സമുദായമദ്ധ്യത്തിൽ നിലനിർത്തിക്കൊണ്ടുപോകണമെന്നുള്ളതു് അവരുടെ സ്വാഭാവികമായ ഒരു അഭിലാഷമായിരുന്നു. പക്ഷെ ആ ലക്ഷ്യവും അവർക്കപ്രാപ്യമായിത്തീർന്നു, ഭാര്യമാരുടെ അവിവേകപൂർവ്വവും അച്ചടക്കരഹിതവുമായ സംസാരവും വ്യാപാരവും കൊണ്ടു്.

## സ്ത്രീക്കുള്ള സ്ഥാനം

ഒരു കുടുംബത്തിന്റെ അധഃപതനം അധികപങ്കും സ്ത്രീയെയാണു് ആശ്രയിച്ചിരിക്കുന്നതു്. പുരുഷന്മാരെ ഞാൻ ഒഴിവാക്കുകയല്ല. അവർക്കും കുടുംബത്തിന്റെ നാശത്തിൽ ഗണ്യമായ ഒരു പങ്കുണ്ടു്. എന്നാൽ സ്ത്രീയാണതിനു് കൂടുതൽ ഉത്തരവാദിനി. ഈ ഉത്തരവാദിത്വം ഇന്നോ ഇന്നലെയോ ആവിർഭവിച്ചിട്ടുള്ള ഒന്നല്ല. നൂററാണ്ടുകൾക്കപ്പുറം. അന്നു് ആഹവ്വാമ്മ വിലക്കപ്പെട്ട പഴം പറിച്ചു് നിസ്സങ്കോചം തിന്നുകയും ആദത്തിനു കൊടുക്കുകയും ചെയ്തില്ലേ, അന്നുതുടങ്ങി ലോകത്തിന്റെ അധഃപതനത്തിൽ സ്ത്രീ തന്റെ ഭാഗം അഭിനയിക്കുവാൻ. അങ്ങനെ ഇന്നും പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണു് കുടുംബത്തിന്റെയും തദ്വാരാ ലോകത്തിന്റെയും നാശത്തിനു് വഴിതെളിക്കുന്നതു് എന്നു് ഞാൻ പറയുമ്പോൾ പക്ഷെ സ്ത്രീകൾ നെററി ചുളിക്കുമായിരിക്കും. നിഷ്പക്ഷമായി നിങ്ങൾ കുറഞ്ഞൊന്നു് ചിന്തിച്ചുനോക്കു, അപ്പോൾ നിങ്ങൾക്കു മനസ്സിലാകും, എന്റെ അഭിപ്രായം തികച്ചും ആദരണീയമാണെന്നു്. എന്നാൽ അഭിമാനം കൊള്ളുന്നതിനവകാശം പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകൾക്കുണ്ടു്. ലോകത്തിന്റെ അധഃപതനത്തിൽ സ്ത്രീകളുടെ സ്ഥാനം അദ്വിതീയമായിരിക്കുന്നതുപോലെ തന്നെ ലോകത്തിന്റെ ഉന്നമനത്തിനും ശ്രേയസ്സിനും നിദാനം സ്ത്രീകൾ തന്നെയാണു്. കാരണം സ്ത്രീകളാണു് കുടുംബം ഭരിക്കുന്നതു്. കുടുംബമോ സമുദായത്തിന്റെയും തദ്വാരാ രാഷ്ട്രത്തിന്റെയും അസ്ഥിവാരമാണു്. തന്മൂലം രാജ്യം ഭരിക്കുന്നതു് സ്ത്രീകൾതന്നെയാണു് എന്നു പറയുന്നതിൽ എന്താണു പിശകുള്ളതു? "ഊഞ്ഞാലാട്ടുന്ന കരങ്ങൾ ഉലകം ഭരിക്കുന്നു" എന്ന മഹദ്വാക്യം അന്വർത്ഥം തന്നെ. അതുകൊണ്ടു് സ്ത്രീകളെപ്പററി സംസാരിക്കുമ്പോൾ ബഹുമാനത്തോടും അഭിമാനത്തോടുംകൂടിയല്ലാതെ ആർക്കും സംസാരിക്കുവാൻ സാദ്ധ്യമല്ല. ചരിത്രത്തിലെ ഏടുകൾ മറിച്ചുനോക്കിയാലും അവിടെയെല്ലാം വ്യക്തമായി കാണുവാൻ സാധിക്കും സ്ത്രീകൾ ഉന്നതസ്ഥാനങ്ങൾ കരസ്ഥമാക്കിയിരുന്ന രംഗങ്ങൾ. ലോകത്തെ സമുദ്ധരിച്ച ക്രിസ്തുവും, യൂറോപ്പിനെ കീഴ്കീടെ വിറപ്പിച്ച നെപ്പോളിയനും, ഭാരതത്തിനു സ്വാതന്ത്ര്യം നേടിക്കൊടുത്ത മഹാത്മാഗാന്ധിയും ലോകത്തിലേക്കു വന്നിട്ടുള്ളതു് സ്ത്രീവഴിയല്ലേ? നാട്ടുവാഴികളും നേതാക്കന്മാരും സംജാതരായതും സ്ത്രീകളിൽനിന്നല്ലേ. ഇനിയും മഹത്തുക്കളും മഹാന്മാരും ജനിക്കേണ്ടതു് സ്ത്രീകളിൽനിന്നു്, വളർത്തപ്പെടേണ്ടതു് അവരാൽതന്നെ. ഇങ്ങനെ സർവ്വപ്രധാനമായ ഒരു സ്ഥാനമാണു് ലോകത്തിൽ സ്ത്രീക്കുള്ളതു്. ഈ യാഥാർത്ഥ്യം സമ്യക്കായി മനസ്സിലാക്കാതെ എത്രയെത്ര യുവതികൾ കേവലം നിരുത്തരവാദപരമായി ജീവിതം നയിക്കുന്നു. മഹനീയമായ ഈ സ്ഥാനത്തിനു നിദാനമായ അവരുടെ ആന്തരികസൗന്ദര്യത്തെ — സ്വഭാവശുദ്ധിയെ — അവഗണിച്ചുകൊണ്ടു് എത്രയെത്ര യുവാക്കന്മാർ സ്ത്രീകളുടെ ബാഹ്യസൗന്ദര്യത്തെയും ദൃശ്യമായ സ്ഥാനമാനത്തെയും മാത്രം പൂജിച്ചുജീവിക്കുന്നു. 1952ൽ വടക്കേ ഇന്ത്യയിൽ സ്ത്രീകളുടെ ഒരു സൗന്ദര്യമത്സരം നടന്നു. ഈ സൗന്ദര്യമത്സരത്തിൽ കഠിനമായ അസംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടു് കോൺഗ്രസ്സിന്റെ മുൻപ്രസിഡന്റായിരുന്ന പുരുഷോത്തമദാസ് ടണ്ടൻ ഇപ്രകാരം പ്രസ്താവിച്ചു: "ഇദൃശസൗന്ദര്യമത്സരങ്ങൾ ഇന്ത്യൻ സംസ്കാരത്തെ യാതൊരു വിധത്തിലും പ്രതിഫലിപ്പിക്കുന്നില്ല. സ്ത്രീകളുടെ സൗന്ദര്യം അവരുടെ ബാഹ്യമോടിയിലല്ല, സ്വഭാവശുദ്ധിയിലാണു ദർശിക്കേണ്ടതു്." അതെ ഭാര്യയാകുവാനുള്ള യുവതിയും, മാതാവാകുവാനുള്ള ഭാര്യയും, കുടുംബനാഥയാകുവാനുള്ള സ്ത്രീയും കാര്യമായി കണക്കാക്കേണ്ടുന്ന സമ്പത്തിയാണു് തങ്ങളുടെ സ്വഭാവശുദ്ധി. ഭാര്യമാരെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ യുവാക്കന്മാരും പ്രത്യേകം നിഷ്കർഷ ചെലുത്തേണ്ട കാര്യവും ഇതുതന്നെ.

## ചില ദുർഗ്ഗുണങ്ങൾ

ഇന്ത്യയിലെ പ്രഥമ കർദ്ദിനാളായ അത്യുന്നത വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു് ബോംബെയിലെ സഹായമെത്രാനായിരുന്ന കാലത്തു് അവിടെ സ്ത്രീകൾക്കായി നടത്തിയ ഒരു കോൺഫറൻസിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നുണ്ടു്: "ആധുനികകാലത്തു് സ്ത്രീകളിൽ സർവ്വസാധാരണമായി കണ്ടുവരുന്ന ദുർഗ്ഗുണങ്ങളാണു് അടക്കമില്ലായ്മയും അസൂയാമനോഭാവവും ജിജ്ഞാസയും കോപവും." ഒരു സ്ത്രീക്കു വില നിർണ്ണയിക്കാമെങ്കിൽ അവളുടെ വില കുറച്ചുകളയുന്ന ദുർഗ്ഗുണങ്ങളാണിവ എന്നു ശരിയല്ലേ, ഒന്നു ചിന്തിച്ചുനോക്കൂ. അടക്കമൊതുക്കമില്ലാത്ത — വിനയമില്ലാത്ത — ഒരു യുവതിയുടെ ചാരിത്ര്യത്തിൽ ലോകം സംശയിക്കുന്നു. തങ്ങളുടെ ഭാവിവരന്മാരായിത്തീരുവാനുള്ള യുവാക്കന്മാരെ ആകർഷിക്കുന്നതിനു്, അല്ലാ വഞ്ചിക്കുന്നതിനു് വിനയരഹിതമായ വിധത്തിൽ വസ്ത്രധാരണത്തിലും സംസാരത്തിലും നടപ്പിലും സർവ്വോപരി നോട്ടത്തിലും ചില യുവതികൾ വ്യാപരിക്കാറുണ്ടു്. ചില യുവാക്കന്മാർ ഈ കാപട്യത്തിൽ കുടുങ്ങിപ്പോകാറുമുണ്ടു്. എന്നാൽ ബുദ്ധിയുള്ള യുവാക്കന്മാർ അവരുടെ ബാഹ്യപ്രകൃതിയിൽനിന്നു വായിക്കും അവരുടെ ആന്തരികഏട്ടുകളെ. കാരണം ഒരു സ്ത്രീയുടെ ആന്തരികജീവിതത്തെ പ്രതിബിംബിപ്പിക്കുന്ന മുഖക്കണ്ണാടിയാണു് അവളുടെ വിനയം. സ്വന്തം തിന്മകളെ മറച്ചിട്ടു് മററുള്ളവരുടെ നന്മകൾ ചിന്താവിഷയമാക്കി കഴിഞ്ഞുകൂടുന്ന ഒരു യുവതിയും, അനാവശ്യമായി അതുമിതുമറിയുവാൻ വെമ്പൽകൊള്ളുന്ന ഒരു യുവതിയും ഉത്തമയായ ഒരു കുടുംബിനി ആയിത്തീരുക വിഷമമാണു്. കുടുംബജീവിതം കോപിക്കുന്നതിനു് സ്ത്രീകൾക്കു ധാരാളം അവസരങ്ങൾ പ്രദാനം ചെയ്യുന്നുണ്ടു്. വിവാഹത്തിനുമുമ്പു് സ്വയംനിയന്ത്രണവും സഹനശക്തിയും പാലിക്കുന്നതിനു് തന്മൂലം ഓരോ യുവതിയും പ്രാപ്തയായിത്തീരണം. എങ്കിൽ മാത്രമേ സഹനത്തിന്റെ വഴിത്താരയിലൂടെ സമാധാനത്തിലേക്കു തങ്ങളുടെ കുടുംബജീവിതത്തെ നയിക്കുന്നതിനു് അവർക്കു സാധിക്കയുള്ളു.

## മികച്ച ധനം

ക്ലേശിച്ചു കുടുംബഭാരം പേറിപ്പോകുന്ന ഒരു മനുഷ്യൻ വലിയ കഴിവുകളൊന്നുമില്ലാതിരുന്നിട്ടും തന്റെ ഏകപുത്രിക്കു് പതിനായിരം രൂപ സ്ത്രീധനം നൽകുന്നതാണെന്നു് പത്രത്തിൽ പരസ്യപ്പെടുത്തി. ധനമോഹികളായ ഒട്ടേറെ യുവാക്കന്മാർ ആ യുവതിയുടെ ഭർതൃപദം കാംക്ഷിച്ചോടിയെത്തി. വലിയ പ്രതീക്ഷയൊന്നുമില്ലാതെ ഒന്നു പരീക്ഷിച്ചുനോക്കാമെന്നു കരുതി അക്കൂട്ടത്തിൽ സൽസ്വഭാവിയായ ഒരു യുവാവും. തന്റെ മകളെ ഭാര്യയായി സ്വീകരിക്കുന്നതിനു് പണം മോഹിച്ചോടിയെത്തിയ യുവാക്കന്മാരുടെ മുമ്പിൽ ആ പിതാവു് ഒരു കണക്കവതരിപ്പിച്ചു.

| | |
|---|---|
| നല്ലപരിശീലനം സ്ഥിരചിത്തത | 2000 രൂ. |
| നല്ല ആരോഗ്യം ജോലി ചെയ്യുന്നതിനുള്ള കഴിവു് സഹനസന്നദ്ധത | 2000 രൂ. |
| ദൈവവിചാരം മിതൽസൂക്ഷം കുടുംബഭരണം | 3000 രൂ. |
| സിനിമയ്ക്കു പോകുകയില്ല—സാഹചര്യങ്ങൾക്കടിമപ്പെടാതെ വർത്തിക്കും അനാവശ്യകാര്യങ്ങളിൽ തലയിടുകയില്ല | 1000 രൂ. |
| അദ്ധ്വാനശീലം സാമർത്ഥ്യം തയ്യലറിയാം. | 1500 രൂ. |
| രൊക്കം കാശു് — | 500 രൂ |
| ആകെ | 10000 രൂ. |

സൽസ്വഭാവിയായ യുവാവൊഴികെ എല്ലാവരും നിരാശരായി പിന്മാറി. 500 രൂപ മാത്രം വാങ്ങി അയാൾ ആ യുവതിയെ വിവാഹം ചെയ്തു ശേഷിച്ച 9500 രൂപ മികച്ച ധനമായ അവളുടെ സ്വഭാവശുദ്ധിയിലും ഗുണവിശേഷങ്ങളിലും അയാൾ കണ്ടെത്തി. അതേ, സ്ത്രീയുടെ സൽസ്വഭാവമാണു് യഥാർത്ഥത്തിലുള്ള സ്ത്രീധനം.

—o—

(11-ാം പേജ് തുടർച്ച)

മൗനം ഭിക്ഷിക്കുന്നതു ക്ഷാന്തവ്യമല്ല; ആ വഴിക്കു ഉദ്ദിഷ്ടലക്ഷ്യപ്രാപ്തി ഉണ്ടാകുന്നതുമല്ല. ശ്രീ നെഹ്റുവിന്റെ അഭിപ്രായഗതി കുറെക്കൂടി വിശദമാണു്. തത്വസംഹിതകളെപ്പററി ചിന്തിച്ചു വിഷമിക്കാതെ, സാധാരണക്കാരനു ഉണ്ണാനും ഉടുക്കാനും കിടക്കാനുമുള്ള കഴിവുകൾ വർദ്ധിപ്പിച്ചുകൊടുക്കുന്നതിനാണു നാം പരിശ്രമിക്കേണ്ടതു എന്നു പറയുന്നു അദ്ദേഹം. ഇതൊക്കെ കമ്മ്യൂണിസ്റ്റു് പ്രശ്നത്തിന്റെ ഒരു വശം, അതും ഉപരിപ്ലവവശം മാത്രം സ്പർശിക്കുന്നവയാണെന്നു നമുക്കു കാണാൻ കഴിയും. പക്ഷെ, ഈശ്വരാസ്തിക്യത്തിലും അനശ്വരമായ പാരത്രികജീവിതത്തിലും ദൃഢവിശ്വാസമില്ലാത്തവരിൽനിന്നു ഇതല്ലാതെ മറെറന്തു പ്രതീക്ഷിക്കാം. അവരോടു പരിഭവിച്ചിട്ടു ഫലമില്ല. ആധുനികലോകത്തിന്റെ ആഴംകാണാത്ത നീർച്ചുഴിയിൽ അവരുംപെട്ടു എന്നുമാത്രമേയുള്ളു.

(തുടരും)

# റോമാ വാർത്തകൾ

## മാർപാപ്പാതിരുമനസ്സിലെ ക്രിസ്മസ്സ് ആശിസ്സുകൾ

ക്രിസ്തുസിന്റെ തലേദിവസ് 12 മണിക്കു റേഡിയോവഴി പരിശുദ്ധപിതാവു് ലോകത്തിനു് ഒരു ലഘുസന്ദേശം നൽകുകയും അതിന്റെ അവസാനത്തിൽ ഉർബി എത്ത് ഓർബി എന്ന ആശിർവ്വാദം സകലർക്കുംവേണ്ടി നൽകുകയുമുണ്ടായി.

സന്ദേശം ഇപ്രകാരമായിരുന്നു: "കർത്താവിൽ എപ്പോഴും സന്തോഷിക്കുക; കർത്താവു് നമ്മെ സമീപിച്ചിരിക്കുന്നു" എന്ന അപ്പസ്തോലന്റെ ആഹ്വാനമനുസരിച്ചു് മിശിഹായിൽ പ്രിയരേ, ശിശുക്കൾക്കുള്ള നൈർമ്മല്യത്തോടെ പിറവിത്തിരുനാളിന്റെ ആഹ്ലാദങ്ങൾ ഹൃദയത്തിൽ സ്വീകരിക്കുവാനും പരിശുദ്ധമായ ആനന്ദം ആസ്വദിക്കുന്നതിനും നമുക്കു നമ്മെത്തന്നെ ഒരുക്കാം.

"ജീവിതത്തിന്റെ എല്ലാത്തുറകളിലും മനുഷ്യൻ ഇന്നത്തേതുപോലുള്ള ഹൃദയാനന്ദത്തിലും ഹൃദയചൈതന്യത്തിലും സമാധാനത്തിലും ജീവിതം നയിച്ചിരുന്നെങ്കിൽ ലോകം എത്ര വ്യത്യാസമുള്ളതും സമാധാനപരവും ആയിരുന്നേനെ."

തനിക്കുവേണ്ടി ലോകം മുഴുവൻ നടത്തിയ പ്രാർത്ഥനകൾക്കു നന്ദിപ്രകാശിപ്പിച്ചശേഷം തിരുമേനി ഇപ്രകാരം തുടർന്നു:- "അവിടുത്തെ കുരിശിന്റെ പങ്കുപറ്റുവാൻ കർത്താവു യോഗ്യരാക്കിയവർക്കു നമ്മുടെ പ്രത്യേക സ്നേഹാദരവുകൾ പ്രകടിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നു സങ്കടങ്ങളിലും കഷ്ടപ്പാടുകളിലും ഞെരുങ്ങിയും, നിർഭാഗ്യത്തിന്റെയോ മററുമനുഷ്യരുടേയോ അടിമകളായും ആത്മാവിലും ശരീരത്തിലുംപീഡകളനുഭവിച്ചു് എത്രയോ പേർ ഇന്നു ദീനരോദനംചെയ്യുന്നുണ്ടു്. നിഷ്ഠുരമായി ജയിലുകളിലടയ്ക്കപ്പെട്ടു കോൺസൻട്രേഷൻ ക്യാമ്പുകളിൽ കിടന്നും വിശ്വാസത്തിനും നീതിക്കും സത്യത്തിനുംവേണ്ടി പീഡകൾ സഹിക്കുന്നതിനു് യോഗ്യരാക്കപ്പെട്ടിരിക്കുന്നവരുടെമേൽ വേദനനിറഞ്ഞ ഹൃദയത്തോടുകൂടി നാം സ്വർഗ്ഗീയാശ്വാസം യാചിക്കുന്നു.

"എല്ലാജനങ്ങൾക്കും, ഭരണകർത്താക്കൾക്കും, ലോകത്തിന്റെ ഭരണചക്രങ്ങൾ തിരിച്ചുകൊണ്ടിരിക്കുന്നവർക്കും സമാധാനത്തിന്റെയും നന്മയുടേയും ഓമനയായ ദൈവപുത്രന്റെ സന്ദേശം നിഷ്കളങ്കമായ പ്രവർത്തനങ്ങൾക്കും പൊതുസേവനത്തിനും ഉപകരിക്കുവാൻ ഇടവരട്ടെ. ദിവ്യരക്ഷകന്റെ നാമത്തിൽ സകലവിധ അനുഗ്രഹങ്ങൾക്കുംവേണ്ടി നമ്മുടെ പൈതൃകാശിർവ്വാദം എല്ലാവർക്കും നാം നൽകുന്നു."

ക്രിസ്മസ് ദിവസം 12 മണിക്കു് പ. പിതാവു് തന്റെ മുറിയുടെ ജനൽ തുറന്നു് ദേവാലയാങ്കണത്തിൽ കൂടിയിരുന്ന ലക്ഷക്കണക്കിനു റോമൻ ജനതയെയും തീർത്ഥകരേയും ആശിർവ്വദിച്ചു.


## സത്യദീപം

### 1955 ജനുവരി 1 മുതൽക്കുള്ള പരസ്യനിരക്ക്

കാഷ്വൽ

| | |
|---|---|
| സിങ്കിൾകോളം ഒരിഞ്ചിനു ഒരു പ്രാവശ്യം ക. | 3—8—0 |
| ഏററവുംകുറഞ്ഞ പരസ്യക്കൂലി (1½ ഇഞ്ചുവരെ) ക. | 5—0—0 |
| ചെറിയ ബ്ലോക്കുവച്ചു കൃതജ്ഞത ക. | 10—0—0 |
| ബ്ലോക്കു വെയ്ക്കാതെ കൃതജ്ഞത ക. | 5—0—0 |

കോൺട്രാക്റ്റ്

| | |
|---|---|
| ഒരു വർഷത്തിൽ 100 ഇഞ്ചുവരെ ഇഞ്ചൊന്നിനു് ക. | 3—0—0 |
| ഒരു വർഷത്തിൽ 100 ഇഞ്ചിൽ കൂടുതൽ ഇഞ്ചൊന്നിനു് ക. | 2—8—0 |

N. B. എല്ലാ മുൻനിരക്കുകളും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

മാനേജർ

(തുടർച്ച)

### കമ്മ്യൂണിസ്റ്റ് പ്രവർത്തകരുടെ ഊർജ്ജസ്വലത

ഇങ്ങനെ ഭാരതഭൂമിയിൽ കമ്മ്യൂണിസ്റ്റ് ഭരണത്തിനു കളമൊരുക്കുന്ന ശക്തികളും സംഘടനകളും നിരവധിയും ബഹുമുഖവുമാണ്. എന്നാൽ അവയേക്കാളൊക്കെ കൂടുതൽ ശക്തിമത്തും ശ്രദ്ധാർഹവുമായിട്ടുള്ളതും അവയെല്ലാററിനും അസ്ഥിവാരവും തൂണും തണലുമായി നിലകൊള്ളുന്നതും കമ്മ്യൂണിസ്റ്റ് പ്രവർത്തകന്മാർ ഈ കാര്യത്തിൽ ചെലുത്തിവരുന്ന അത്യുത്സാഹവും നിരന്തരപ്രയത്നവും ഏകാഗ്രചിത്തതയും കർമ്മകുശലതയും ത്യാഗസന്നദ്ധതയുമാണെന്നു പറയേണ്ടിയിരിക്കുന്നു. ചെറിയ ചെറിയ "സെല്ലു"കളായി പിരിഞ്ഞു അവർ തൊഴിലാളികളുടെ ഭവനങ്ങൾതോറും കയറിയിറങ്ങി സൗഹാർദ്ദസമ്പർക്കം പുലർത്തുന്നു. കല്യാണാടിയന്തിരങ്ങളിലും മററും പങ്കുകൊണ്ടു അനുഭാവം നേടുന്നു; രാത്രിതോറും പാഠശാലകൾ നടത്തി തങ്ങളുടെ തത്വസംഹിത ജനങ്ങളിൽ ദൃഢമൂലമാക്കുന്നു; അതിലേക്കു വേണ്ടിത്തന്നെ റഷ്യൻ പിന്തുണയോടുകൂടി പുസ്തകങ്ങളും ലഘുലേഖകളും ചിത്രപരമ്പരകളും സൗജന്യമായോ നാമമാത്ര വിലയ്ക്കോ ലക്ഷക്കണക്കിനു വിതരണം ചെയ്യുന്നു; നാടകം, ചലച്ചിത്രം, കലാപ്രദർശനോത്സവങ്ങൾ, സംഗീതസമിതികൾ, സ്ത്രീസമാജങ്ങൾ എന്നിവ അവരുടെ പ്രചാരണോപകരണങ്ങളാക്കിത്തീർക്കുന്നു; സംഗീതമാധുരിയിൽക്കൂടി കടുത്ത വർഗ്ഗവിദ്വേഷവിഷം കുത്തിവയ്ക്കുന്നു, വികൃതമായ "പുരോഗമന"സാഹിത്യത്തിൽക്കൂടി അധമവികാരങ്ങളെ ഉജ്ജ്വലിപ്പിക്കുന്നു; വ്യവസായതൊഴിലാളികളിൽ തല പൊന്തിയവരെ തേടിപ്പിടിച്ചു പണം കൊടുത്തു വശീകരിച്ചു, സാധാരണന്മാരെ കമ്മ്യൂണിസ്റ്റ് വലയത്തിലേക്കു മാടിക്കൊണ്ടുവരുന്നതിനുള്ള പണിയാളുകളാക്കിത്തീർക്കുന്നു; അന്നന്നത്തെ കത്തിക്കാളുന്ന സമുദായപ്രശ്നങ്ങളുടെ നാനാവശങ്ങളും അവർ കൂലംകഷമായി പഠിച്ചു ഹൃദിസ്ഥമാക്കുന്നു; എന്നിട്ടു അവസരം കിട്ടുമ്പോഴൊക്കെ പ്രസംഗവേദികളിൽനിന്നു കള്ളക്കഥകളും അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങളും തെററിദ്ധരിപ്പിച്ചു ചിന്താക്കുഴപ്പമുണ്ടാക്കുന്ന വാദകോലാഹലങ്ങളും ഉച്ചഭാഷിണിയിൽക്കൂടി പ്രക്ഷേപണം ചെയ്യുന്നു; കൂട്ട[illegible]സമരങ്ങൾ സൃഷ്ടിക്കുന്നതിനു അവർ സദാ സന്നദ്ധരാണ്; അവർക്കറിയാം, ഒരാൾക്കൂട്ടത്തിൽ എങ്ങിനെയെങ്കിലും ഒരു കാലൂന്നിക്കിട്ടിയാൽ അവിടെ അതിനെ അട്ടിമറിക്കാമെന്നു; തങ്ങളുടെ കൈ ശക്തിപ്പെടുന്നതുവരെ മതപ്രബോധനങ്ങളേയും, സ്വകാര്യസ്വത്തുടമയേയും പററി സൂക്ഷിച്ചും ആദരവോടുകൂടിയും വിമർശിക്കുന്നു; പക്ഷെ പിടി മുറുകിക്കഴിയുമ്പോൾ മട്ടു മാറുകയായി. മതവും മതാദ്ധ്യക്ഷന്മാരുമാണ് കമ്മ്യൂണിസത്തിനെതിരെ നിലകൊള്ളുന്ന ബലിഷ്ഠകോട്ടയെന്നു മനസ്സിലാക്കി, വൈദികവൃന്ദത്തെ നിശിതമായി അവഹേളിക്കുന്നതിനും, അവരെപ്പററി കള്ളക്കഥകൾ പ്രചരിപ്പിക്കുന്നതിനും, അങ്ങനെ ജനങ്ങളെ അവരിൽനിന്നു വേർപെടുത്തി ഒററപ്പെടുത്തുന്നതിനും അവർ രാപ്പകൽ പണിപ്പെടുന്നു; അനന്തരം രക്ഷാവലയംവിട്ടുപുറത്തുപോന്ന ചിന്താവിഹീനരായ സാധുക്കളെ ആലവിട്ട ആട്ടിൻപററത്തെ എന്നപോലെ, എതിരിട്ടു എളുപ്പത്തിൽ അടിപെടുത്തുന്നു.

# ഭാരതീയാന്തരീക്ഷത്തിലെ കമ്മ്യൂണിസ്റ്റ് കാർമേഘം

(ഷെവലിയർ ജോസഫ് പെട്ട)

### കുടുംബശിഥിലീകരണം

മതത്തിന്റേയും മതാധികാരികളുടെയും നേർക്കെന്നപോലെതന്നെ കുടുംബത്തിന്റെ നേർക്കും കമ്മ്യൂണിസ്റ്റുകാർ ഇളവില്ലാതെ ശരവർഷം പൊഴിച്ചുകൊണ്ടാണിരിക്കുന്നതു്. കുടുംബമാണ് ഈശ്വരവിശ്വാസത്തിന്റേയും സദാചാരബോധത്തിന്റേയും വിളനിലമെന്നും സാമൂഹ്യവ്യവസ്ഥിതിയുടെ അസ്ഥിവാരമെന്നും അവർക്കു നല്ലപോലെ അറിയാം. അതുകൊണ്ടത്രെ കുടുംബശിഥിലീകരണത്തിനു വേണ്ടി അവർ അത്രമാത്രം ഭഗീരഥപ്രയത്നം ചെയ്യുന്നതു്. അതിലേക്കു ഉപകരിക്കുന്ന ആയുധങ്ങളും കൈവരുന്ന അവസരങ്ങളും അവർ ഒരിക്കലും പാഴാക്കാറില്ല. സിവിൽ വിവാഹം, വിവാഹം കൂടാതെയുള്ള ദാമ്പത്യജീവിതം, ജാരജസന്താനങ്ങൾക്കും മററുള്ളവരോടൊപ്പം പൗരാവകാശദാനം, ഞൊടിയിടകൊണ്ടു സാധിക്കാവുന്ന വിവാഹമോചനം, സന്താനനിരോധനം, ഭ്രൂണഹത്യ, കുടുംബങ്ങൾക്കു സ്വകാര്യസ്വത്തുടമ നിഷേധിച്ചുകൊണ്ടു കുടുംബാംഗങ്ങളെ ഗവമെന്റിന്റെ ഇഷ്ടാനുസാരമുള്ള ഔദാര്യം ആശ്രയിച്ചു കഴിയത്തക്കവണ്ണം പെരുവഴിയാധാരമാക്കുക, കുടുംബറാണിയായിരുന്നു ശിശുസംരക്ഷണവും സന്താനങ്ങളുടെ ധാർമ്മികപരിശീലനവും നിർവ്വഹിക്കേണ്ട മാതൃവൃന്ദത്തെ തൊഴിൽശാലകളിലേക്കും പോലീസ് പട്ടാളവകുപ്പുകളിലേക്കും തള്ളിവിടുക — ഇങ്ങനെ കുടുംബജീവിതത്തെ അടിച്ചുടച്ചു താറുമാറാക്കുന്നതിനു പര്യാപ്തമായ സകല പരിപാടികളും അവർ തരംപോലെ പ്രയോഗിക്കുകയോ പിൻതാങ്ങുകയോ ചെയ്യുന്നു. സോവിയററു റഷ്യ ഈ ആയുധങ്ങൾ എല്ലാംതന്നെ പ്രയോഗിച്ചുനോക്കി. അതിന്റെ തിരിച്ചടി ഭയങ്കരമായിരുന്നു. ജനസംഖ്യ ക്ഷയിച്ചു. ആയിരക്കണക്കിനു ബാലികാബാലന്മാർ ദാരിദ്ര്യത്തിന്റേയും മൃഗീയതയുടേയും അക്രമാധർമ്മങ്ങളുടെയും അടിത്തട്ടിലാണ്ടും തുടങ്ങിയതോടുകൂടി രാഷ്ട്രംതന്നെ അപകടത്തിൽ പെട്ടുപോകുമെന്നമട്ടായി. അധർമ്മികളെങ്കിലും കുശാഗ്രബുദ്ധികളായ ഭരണാധികാരികൾ കണ്ണുതുറന്നു; ആ നാശകരിയായ പരിപാടികൾ ഒന്നൊന്നായി അവർ പിൻവലിച്ചു. എന്നാൽ ഭാരതത്തിലാകട്ടെ, അവ ഓരോന്നായി ഇറക്കുമതി ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിതു്. കമ്മ്യൂണിസ്റ്റുകളാണെങ്കിൽ അക്കാര്യത്തിൽ പാർട്ടി പരിഗണനകളൊന്നും നോക്കാതെ അത്യുത്സാഹം ചെയ്യുന്നുമുണ്ടു്. ബഹുജനങ്ങളുടെയും ഭരണധുരന്ധരന്മാരുടേയും കണ്ണുതുറക്കുന്നതിനു ഇനിയും കാലമായിട്ടില്ല. അതും നമ്മുടെ മാതൃഭൂമിയുടെ ദൗർഭാഗ്യംതന്നെ. മററു രാജ്യങ്ങളുടെ ദാരുണാനുഭവങ്ങളിൽനിന്നു ഒരു സാധനപാഠം പഠിക്കുന്നതിനുള്ള ബുദ്ധി നമുക്കുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

### കത്തോലിക്കരുടെ അലസത

വ്രതമെടുത്ത തനി കമ്മ്യൂണിസ്റ്റുകളുടെ സംഖ്യ ഭാരതത്തിൽ ഇനിയും അത്ര അധികമില്ലെന്നുള്ളതു വാസ്തവമാണ്. എന്നിരുന്നാലും അവരുടെ സ്വാധീനശക്തി അവഗണിക്കത്തക്കതല്ല. ശരിയായ പരസ്പരപൊരുത്തത്തോടുകൂടി സംഘടിച്ച്, വ്യക്തമായ ലക്ഷ്യംവച്ചു, ഖണ്ഡിതമായ വ്യവസ്ഥകളോടും സുനിശ്ചിതമായ പരിപാടികളോടുംകൂടി പ്രവർത്തിക്കുന്ന കേവലം തുച്ഛമായ ഒരു ന്യൂനപക്ഷത്തിന്റെ കഴിവുകൾ എത്രമാത്രം വിപുലമായിരിക്കുമെന്നു ഭാരതത്തിലെ കമ്മ്യൂണിസ്റ്റ് നേട്ടങ്ങൾ ഉച്ചൈസ്തരം വിളിച്ചുപറയുന്നു. ഇതു് ഭാരതത്തിലെ, പ്രത്യേകിച്ചു കേരളത്തിലെ, കത്തോലിക്കരുടെ അവധാനചിന്തയ്ക്കു പാത്രീഭവിക്കേണ്ടതായ ഒരു വസ്തുതയാണ്. എന്നാൽ, ഈ സമയമത്രയും നാമെന്താണ് ചെയ്യുന്നതു്? പലരും സ്വാർത്ഥം മുൻനിറുത്തി, ഇന്നത്തെ സമുദായവ്യവസ്ഥിതിയിൽ കാണുന്ന അനീതികളേയും ദുരാചാരങ്ങളേയും ഊന്നുകൊണ്ടുപോകുന്നതിനു് ശ്രമിക്കുന്നു. മററനേകർ അലസമനസ്കരായി സ്വന്തം കാര്യത്തിൽമാത്രം ശ്രദ്ധാലുക്കളായി വർത്തിക്കുന്നു; പൊതുജനങ്ങളുടേയും തങ്ങളുടെ തന്നെയും ഭാവിയെപ്പററി ചിന്തിക്കുന്നതിനു അവർക്കു സമയമോ സൗകര്യമോ ഇല്ല; നാടോടുമ്പോൾ നടുവേ എന്നൊരു പ്രമാണവും അവരുടെ അലസതയ്ക്കു നീതീകരണമായി തട്ടിവിടുന്നു. പലർക്കും നന്മനസ്സുണ്ടു്, വല്ലതും ചെയ്താൽ കൊള്ളാമെന്നു താല്പര്യവുമുണ്ടു്, അതിനുള്ള പ്രാപ്തിയുമില്ലാതില്ല. സന്ദർഭങ്ങൾ കൈവരുന്നുമുണ്ടു്; എന്നിട്ടും അവർ "ഞങ്ങളെക്കൊണ്ടു എന്തു സാധിക്കും, ഇരച്ചുകയറുന്ന ഈ പ്രവാഹത്തിന്റെ നേർക്കു്" എന്ന അപജയമനസ്ഥിതി വരിച്ചു ഭീരുക്കളായി കഴിഞ്ഞുകൂടുന്നു. കാലാകാലങ്ങളിൽ കൈവരുന്ന അവസരങ്ങൾ തുച്ഛമെന്നാലും, പാഴാക്കാതെ ദൃഢനിശ്ചയത്തോടും കർമ്മധീരതയോടും സ്ഥിരോത്സാഹത്തോടുംകൂടി പൊതുരംഗത്തിറങ്ങി പ്രവർത്തനം നടത്തുന്ന ഓരോ വ്യക്തിക്കും ലോകഗതിക്കു ഭേദഗതിവരുത്തുന്നതിനു സാധിക്കുമെന്നു ഫാദർ കെല്ലർ പ്രസ്താവിച്ചിട്ടുള്ളതു ഈയവസരത്തിൽ സ്മരണീയമാണ്. രാത്രി മുഴുവനും ഇരുട്ടിനെ പഴിച്ചുകഴിച്ചുകൂട്ടുന്നതിനേക്കാൾ പതിന്മടങ്ങു പ്രയോജനകരമല്ലേ കൈവശമുള്ള ഒരു ചെറുമെഴുകുതിരി കത്തിച്ചുവയ്ക്കുന്നതു് എന്നു അദ്ദേഹം ചോദിക്കുന്നു. പക്ഷെ നമ്മുടെ നേതാക്കന്മാർ ഇതൊന്നും മനസ്സിലാക്കുന്നില്ല അഥവാ അലക്ഷ്യമായി വിസ്മരിച്ചുകളയുന്നു. വിധ്വംസകാദർശങ്ങൾക്കും വഴിപിഴച്ച സമുദായപരിഷ്കാരത്തിനുംവേണ്ടി കമ്മ്യൂണിസ്റ്റ് സഹോദരങ്ങൾ ഇത്രയേറെ സജീവമായും സമർത്ഥമായും സമരസഹനസന്നദ്ധതയോടുകൂടയും പ്രവർത്തിക്കുമ്പോൾ, പാവനാദർശങ്ങൾക്കും നേർവഴിക്കുള്ള സമുദായോദ്ധാരണത്തിനുംവേണ്ടി നിലകൊള്ളുന്ന നാം അലസതയിലും ഭീരുത്വത്തിലും ആണ്ടുപൂണ്ടു കഴിഞ്ഞുകൂടുന്നതു എത്ര ലജ്ജാവഹം! എത്രയോ പരിതാപകരം!! ഇരുളിന്റെ സന്താനങ്ങൾ അവരുടെ തലമുറയിൽ വെളിച്ചത്തിന്റെ സന്താനങ്ങളേക്കാൾ ബുദ്ധിയേറിയവരാണെന്നു നമ്മുടെ ദിവ്യരക്ഷകൻ വിലപിച്ചതു എത്രമാത്രം അർത്ഥവത്തായിരിക്കുന്നു!

ഇനിയും ഈ ചിന്താഗതി തുടർന്നുകൊണ്ടുപോകണമെന്നു കരുതുന്നില്ല. വെറും കപോലകല്പിതങ്ങളായ മരണാശ്രുണികളെ പൊന്തിച്ചുകാട്ടി സാമാന്യജനങ്ങളെ അനാവശ്യമായി ഭയപ്പെടുത്തണമെന്ന ഉദ്ദേശ്യത്തിലല്ല ഇത്രയും പറഞ്ഞതു്. പക്ഷെ, ഈദൃശസംഗതികളിൽ നമ്മുടെ അധികരിച്ച ശുഭപ്രതീക്ഷകൾ അസ്ഥാനസ്ഥിതവും ആപല്ക്കരവുമായി വന്നേക്കാനിടയുണ്ടു്. "സങ്കല്പിതം മാത്രമായ സുരക്ഷിതബോധമാണു മർത്ത്യന്റെ മുഖ്യശത്രു" എന്നു ഷേയ്ക്സ്പീയർ പറഞ്ഞിട്ടുള്ളതു വിസ്മരിക്കാവതല്ല. മുന്നറിവു് മുൻകൂട്ടിയുള്ള സായുധീകരണമാണു എന്നു പ്രമാണവുമുണ്ടു്. ആകയാൽ, ഭാരതത്തിലെ കമ്മ്യൂണിസ്റ്റ് വേലിയേററം ഗുരുതരവും ദൃഢതരവുമായ ഒരു യാഥാർത്ഥ്യമാണെന്നും, അനുദിനം അധികരിച്ചും ആഞ്ഞടിച്ചുംവരുന്ന ഈ ഘോരവിപത്തിന്റെ സാന്നിദ്ധ്യം നിഷേധിക്കുന്നവർ, അഥവാ അതിനെ നിസ്സാരമായി കരുതി അലക്ഷ്യമായി അവഗണിക്കുന്നവർ, അപകടം നിറഞ്ഞ മൂഢസ്വർഗ്ഗത്തിലാണു നിവസിക്കുന്നതെന്നും, നിനച്ചിരിക്കാത്ത നേരത്തു് അവരും അവരുടെ സങ്കല്പസ്വർഗ്ഗവും കമ്മ്യൂണിസത്തിന്റെ ഊക്കേറിയ പ്രവാഹത്തിൽപെട്ടു ഒലിച്ചുപോകുവാനിടയുണ്ടെന്നും ഉൽബോധിപ്പിക്കുവാൻ മാത്രമാണു ഇത്രയും സംഗതികൾ ചൂണ്ടിക്കാണിച്ചതു്. അടുത്തുനടന്ന മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്കുള്ള തിരഞ്ഞെടുപ്പും ഈ അപകടത്തെ അല്പമെന്നും ദൃഢീകരിച്ചിട്ടുണ്ടു്. തിരുകൊച്ചിയിലെ സംഭവവികാസങ്ങൾ നിത്യാനുഭവങ്ങളാകയാൽ പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടതുമില്ലല്ലോ.

### ബഹുമുഖമായ പ്രതിവിധി

പ്രതിവിധികളെപ്പററി മറെറാരവസരത്തിൽ പ്രതിപാദിച്ചുകൊള്ളാം. ഒരു സംഗതിമാത്രം സംക്ഷിപ്തമായി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഭാരതത്തിൽ കമ്മ്യൂണിസത്തെ പുലർത്തിപ്പോഷിപ്പിക്കുന്ന കാരണങ്ങൾ വിവിധങ്ങളായിരിക്കുന്നതുപോലെതന്നെ പ്രതിവിധിയും ബഹുമുഖമാകേണ്ടിയിരിക്കുന്നു. ദാരിദ്ര്യനിവാരണം അവശ്യാവശ്യമാണ്, അത്യധികം ഫലപ്രദവുമായിരിക്കും. പക്ഷെ അതുകൊണ്ടുമാത്രം കമ്മ്യൂണിസ്റ്റാക്രമണത്തെ തടയുന്നതിനു സാദ്ധ്യമാകയില്ല. ശാരീരികമായ വിശപ്പിനേക്കാൾ ഉഗ്രതരമാണ് ആദ്ധ്യാത്മികമായ വിശപ്പ് എന്നും കമ്മ്യൂണിസത്തിന്റെ പ്രചാരത്തെ കൂടുതൽ ത്വരിതപ്പെടുത്തുന്നതു അതാണെന്നും നാം കണ്ടുകഴിഞ്ഞു. പക്ഷെ ആധുനികനേതാക്കന്മാരിൽ പലരും അതിനെ അത്ര പരിഗണിക്കാറില്ല. "മലമ്പനിയെ നിർമ്മാർജ്ജനം ചെയ്യുന്നതിനും ജീവിതത്തോതു ഉയർത്തുന്നതിനും സാക്ഷരത്വം വർദ്ധിപ്പിക്കുന്നതിനും സാധിച്ചാൽ ഏഷ്യയിൽ ജനാധിപത്യം വിജയിക്കും" എന്നാണ് അമേരിക്കക്കാരനായ മി. ചെസ്റ്റർ ബൗൾസ് അഭിപ്രായപ്പെട്ടതു്; മറെറാരു അമേരിക്കനായ മി. റോബർട്ട് മർഫി പറയുന്നു, "സ്വതന്ത്രഏഷ്യയിലേക്കു കൂടുതൽ മൂലധനം പ്രവഹിക്കുന്നപക്ഷം അതു കമ്മ്യൂണിസ്റ്റ് ഭീഷണിയെ തടയുന്നതിനു സഹായിക്കു"മെന്നു്; ജാപ്പനീസ് പ്രധാനമന്ത്രി മി. യോഷിദായുടെ അഭിപ്രായം, തെക്കുകിഴക്കൻ ഏഷ്യാററിക് രാജ്യങ്ങളിലെ ജീവിതത്തോതു ഉയർത്തി കമ്മ്യൂണിസ്റ്റാക്രമണത്തെ ചെറുക്കുന്നതിലേക്കു അവയ്ക്കു മതിയായ പ്രേരണ നൽകുന്നതിനു പ്രതിവർഷം കുറഞ്ഞതു 400 കോടി ഡോളർ അവിടങ്ങളിൽ മുതൽ മുടക്കണമെന്നാണ്; എന്നുവച്ചാൽ ഭൗതികപ്രലോഭനങ്ങളാണ് കമ്മ്യൂണിസത്തിലേക്കുള്ള ഒഴുക്കു തടുക്കുവാൻ ആവശ്യമായിട്ടുള്ളതു എന്നു സാരം. ഭൗതികോദ്ധാരണത്തിന്റെ ആവശ്യകതയെപ്പററി ഊന്നിപ്പറയുന്നതിൽ തെററില്ല, പറയേണ്ടതുമാണ്. പക്ഷെ അതിലും കൂടുതൽ ആവശ്യമായ ആദ്ധ്യാത്മികോദ്ധാരണത്തെപ്പററി

(ശേഷം 10-ാം പേജിൽ)

നിത്യമായ സന്തോഷത്തിന്

പണമാണ് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണ്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്ക് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്ക്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോട്
ചങ്ങനാശ്ശേരി — എടത്വാ — കോട്ടയം
മണിമല — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

Reg. M. No. 2293

# Sathya Deepam

Vol. 28 Ernakulam, January 12, 1955 No. 21




# ബാലരംഗം

## ഈ ശില്പിയെ അറിയുമോ?

(വല്യേട്ടൻ)



## സ്നേഹരാജൻ

("ആയി ആയി സുഹാസിനീ..."......എന്ന മട്ട്)

നാഥാ, നാഥാ, സ്നേഹരാജാ
വരമേക എന്നിൽ ദയാലോ......വരമേക എന്നിൽ ദയാലോ
ക്രൂരരാം മാനുഷ രക്ഷയ്ക്കുവേണ്ടി
ക്രൂശിൽ മരിച്ച കാരുണ്യനാഥ....കാരുണ്യനാഥ (നാഥാ
പാപക്കനലിൽ എരിയും ഇവരിൽ
പാവനനാഥാ കനിയേണമെന്നും......കനിയേണമെന്നും
(നാഥാ......

ദിവ്യകടാക്ഷം എൻ ചേതസ്സിൽ നീ
തൂകുമാറാക രാഗാദിരാവം......രാഗാദിരാവം (നാഥാ......
കനിവാർന്നനാഥാ എന്നെ നീ എന്നും
കാരുണ്യത്തോടെ വീക്ഷിച്ചിടേണേ......വീക്ഷിച്ചിടേണേ
(നാഥാ......

നിൻദിവ്യനാമം പരിശുദ്ധമാണു
നിന്നെ ഞാനെന്നും വാഴ്ത്തിപ്പുകഴ്ത്തും......വാഴ്ത്തിപ്പുകഴ്ത്തും
(നാഥാ......

(ജോളി ഓസ്റ്റിൻ, പാറയിൽ. വയസ്സ് 14)

4-ാം നമ്പ്ര പ്രശ്നത്തിൻെറ ഉത്തരം

ഞാൻ വാങ്ങിയ നാരങ്ങ=2.

## ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ക്രിസ്തുമസ് എല്ലാവരും ആനന്ദമായി കഴിച്ചിരിക്കുമല്ലോ. നവവത്സരം ഇതാ വന്നിരിക്കുന്നു. ശുഭമായി തുടങ്ങുകതന്നെ. ശുദ്ധമായും ശുഭമായും തുടങ്ങുന്നെങ്കിൽ ഈ പുതുവത്സരം നിങ്ങളെ വളരെയേറെ പുരോഗമിപ്പിക്കുമെന്നതു് തർക്കമററ സംഗതിയാണു്.

ആൺകുട്ടികളും പെൺകുട്ടികളും പലവർണ്ണവസ്ത്രങ്ങളണിഞ്ഞു വിദ്യാലയത്തിലേക്കു പോകുന്നതു് കൗതുകമുള്ള കാഴ്ചയാണു്. പെൺകുട്ടികളിലാണു് വർണ്ണങ്ങൾ കൂടുതൽ സ്വാധീനം ചെലുത്തിക്കാണുന്നതു്. ആഭരണഭ്രമവും കുട്ടിക്കാലത്തിൽ ചില കുഞ്ഞുങ്ങളിൽ അധികരിച്ചുകാണുന്നു. അതു് കുറയ്ക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. കുഞ്ഞമ്മാവനിതു പറയുമ്പോൾ പ്രിയപ്പെട്ട പെൺകുഞ്ഞുങ്ങൾക്കു് അരിശം ഉണ്ടാകരുതു്. മുഖം വീർപ്പിക്കരുതു്. ആഭരണങ്ങളും ആവശ്യമില്ലാത്ത ആഡംബരങ്ങളും നമ്മെ ആപത്തിലേക്കു് തള്ളിവിടുന്നു. അതിനുദാഹരണങ്ങൾ ദൈനംദിനസംഭവങ്ങളിൽ നിന്നും കാണാൻ കഴിയുന്നു.

ലില്ലി രണ്ടിൽ പഠിക്കുന്ന കുട്ടിയാണു് അരുമയായ അവളുടെ മേനിയിൽ സിൽക്കല്ലാതെ ധരിക്കാറില്ല. കഴുത്തിലും കാതിലും കൈയിലും കാലിലും തലയിലും സ്വർണ്ണാഭരണങ്ങൾ പതിച്ചുവച്ചു കല്ലുകളണിഞ്ഞ അവൾ സ്കൂളിൽപോവാറുള്ളൂ. ഒരുദിവസം ഉച്ചയ്ക്കുണ്ണുകഴിഞ്ഞു ഇടവഴിയിലൂടെ തനിയെ നടന്നു സ്കൂളിലേക്കു പോകയായിരുന്നു. പെട്ടെന്നവളുടെ വായ് ആരോ പൊത്തി ബലമായി കഴുത്തിലെ ആഭരണങ്ങൾ വലിച്ചുപറിച്ചു. ലില്ലി സർവ്വശക്തിയും പ്രയോഗിച്ചു് ഉതറിവിട്ടുവിക്കാൻ ശ്രമിച്ചു. പക്ഷെ ഭിക്ഷക്കാരൻെറ മട്ടിൽ വേഷംകെട്ടിയിരുന്ന കരുത്തനായ കള്ളൻെറ പിടിയിൽ അവളമർന്നുപോയി. ആരെങ്കിലും അവിടെ വന്നെത്തുന്നതിനു മുമ്പായി ലില്ലിയുടെ ആഭരണങ്ങൾ അയാൾ പൊട്ടിച്ചും മുറിച്ചും എടുത്തുകൊണ്ടോടിക്കഴിഞ്ഞു. എന്തായാലും ലില്ലിയെ അയാൾ കൊല്ലാതെ അവിടെ വിട്ടതു അവളുടെമേൽ ദൈവകാരുണ്യമുണ്ടായതിനാലായിരിക്കണം.

പ്രിയപ്പെട്ട കുഞ്ഞുങ്ങൾ പാഠശാലയിലും മററു സ്ഥലങ്ങളിലും തനിയെ പോകേണ്ടിവരുമ്പോൾ ആഭരണങ്ങൾ അണിഞ്ഞിരിക്കുന്നതു് നന്നല്ല. പുറമെ കാഴ്ചയിൽ ആകർഷകമാക്കുകയല്ല വേണ്ടതു്. അകം—മനസ്സ്—ആത്മാവ് ശുദ്ധമാക്കുക, ആകർഷകമാക്കുക. അതാണു് നമ്മെ സുരക്ഷിതരും വിജയികളും ആക്കുന്നതു്.

ശുചിത്വമുള്ള വെള്ളവസ്ത്രങ്ങൾ വേണ്ടവിധത്തിൽ ധരിക്കുക. ആഭരണഭ്രമം കുറയ്ക്കുക. ഉണ്ടെങ്കിൽതന്നെ മിതമായും അത്യാവശ്യസന്ദർഭങ്ങളിലുമാത്രം ഉപയോഗിക്കുക മനസ്സിൽനിന്നും ദുരഭിമാനത്തെ പുറംതള്ളുക.


പുതുവത്സരത്തിൽ കുഞ്ഞമ്മാവൻെറ അകംനിറഞ്ഞ മംഗളാശംസകൾ.

സ്നേഹത്തോടെ നിങ്ങളുടെ
സ്വന്തം കുഞ്ഞമ്മാവൻ

### മുൻചരിത്രം

രാജാവു കൊട്ടാരം പണിയാൻ ഏല്പിച്ച ധനമെല്ലാം തോമ്മാശ്ലീഹാ സാധുക്കളുടെ ഇടയിൽ വിതരണം ചെയ്യുകയും മിശിഹായുടെ സുവിശേഷം എല്ലാവരോടും പ്രസംഗിച്ചു പ്രേഷിതവൃത്തി നിർവ്വഹിക്കുകയും ചെയ്തു. മഹാരാജാവു മടങ്ങിവന്നു. തോമ്മായുടെ പ്രവൃത്തിയിൽ ക്രുദ്ധനായി അദ്ദേഹത്തെ ഉടൻ തടവിലടയ്ക്കുകയും ഭയാനകമായ മരണശിക്ഷ വിധിക്കുകയും ചെയ്തു. രാജാവിൻെറ അനുജൻ പെട്ടെന്നു രോഗം ബാധിച്ചു മരണാസന്നനായ വിവരംകേട്ടു രാജാവു ഓടിയെത്തി.



ആരെങ്കിലും അവിടെ വന്നെത്തുന്നതിനുമുമ്പ് ലില്ലിയുടെ ആഭരണങ്ങളുംകൊണ്ടയാളോടിക്കഴിഞ്ഞു.